# ശാസ്ത്രമാസം 1993

* ശാസ്ത്രവും മനുഷ്യനും

** ചരിത്രബോധവും സമകാലീന ഇന്ത്യയും

*** സ്വാശ്രയഭാരതവും പുത്തൻ സാമ്പത്തിക നയങ്ങളും

കേരള ശാസ്ത്രസാഹിത്യ പരിഷത്ത്

# ശാസ്ത്രമാസം ക്ലാസ്സുകൾ

## (പാഠക്കുറിപ്പ്)

കേരള ശാസ്ത്രസാഹിത്യ പരിഷത്ത്

ശാസ്ത്രമാസം 1993–പാഠപുസ്തകം ◊ ജൂൺ 1993 ◊ പ്രസാധനം, വിതരണം: കേരള ശാസ്ത്രസാഹിത്യ പരിഷത്ത്, കോഴിക്കോട് ◊ കമ്പോസിങ്: കെ.എസ്.എസ്.പി. ഡി.ടി.പി. സിസ്റ്റംസ് ◊ അച്ചടി: കെ.ടി.സി. ഓഫ് സെറ്റ് പ്രിന്റേഴ്സ്, കോഴിക്കോട് ◊ കവർ: പീതാംബരൻ ◊ വില: അഞ്ചുരൂപ.

KSSP 0641 IE Jun'93 D1/8 5K 0500 FT495/93

# ആമുഖം

കേരള ശാസ്ത്രസാഹിത്യ പരിഷത്ത് 1993-94 വർഷത്തെ സംഘടനാവിദ്യാഭ്യാസത്തിന്റെ പ്രാരംഭമായി ജൂലൈ മാസം 'ശാസ്ത്രമാസ'മായി ആചരിക്കുകയാണ്. നമ്മുടെ നാട് ഇന്നു നേരിടുന്ന പ്രധാന വെല്ലുവിളികളെക്കുറിച്ച് നമ്മുടെ അംഗങ്ങളിലും പൊതുജനങ്ങളിലും അവബോധം സൃഷ്ടിക്കാനും ഈ അവബോധത്തെ പ്രതിരോധത്തിനുള്ള അവരുടെ പടച്ചട്ടയും പ്രത്യാക്രമണത്തിനുള്ള ആയുധവും ആക്കി മാറ്റാനും ആണു നമ്മുടെ ശ്രമം. ശാസ്ത്രബോധത്തിനും യുക്തി ചിന്തയ്ക്കും മീതെ പ്രാകൃത വിശ്വാസങ്ങളെയും ആചാരങ്ങളെയും പ്രതിഷ്ഠിക്കുവാനും ജനങ്ങളുടെ ചരിത്രബോധത്തിൽ വർഗീയതയുടെ വിഷം കലർത്തുവാനും രാജ്യത്തിനകത്ത് ഇരുട്ടിന്റെ ശക്തികൾ ശ്രമിക്കുമ്പോൾ, നമ്മുടെ സ്വാതന്ത്ര്യവും സ്വാശ്രയത്വവും തകർക്കാനും വിഭവങ്ങൾ മുഴുവൻ കയ്യടക്കുവാനും സാമ്രാജ്യത്വവും ശ്രമിക്കുന്നു. രാജ്യം നേരിടുന്ന ഈ ഭീഷണികൾ ആണ് 'ശാസ്ത്രവും മനുഷ്യനും', 'ചരിത്രബോധവും സമകാലീന ഇന്ത്യയും', 'സ്വാശ്രയ ഭാരതവും പുത്തൻ സാമ്പത്തിക നയങ്ങളും' എന്നീ വിഷയങ്ങളിലൂടെ നാം ജനങ്ങൾക്കുമുമ്പിൽ അവതരിപ്പിക്കാൻ ശ്രമിക്കുന്നത്.

ഈ വിഷയങ്ങളെ ആസ്പദമാക്കിയുള്ള 3 ക്ലാസ്സുകൾ വീതം എല്ലാ പഞ്ചായത്തുകളിലും/മുനിസിപ്പൽ വാർഡുകളിലും ചുരുങ്ങിയത് 10 കേന്ദ്രങ്ങളിൽ നടക്കണം എന്നാണ് നമ്മൾ ആഗ്രഹിക്കുന്നത്. ആകെ 30000 ക്ലാസ്സുകൾ. പരിഷത്ത് യൂണിറ്റുകൾ, വായനശാലകൾ, ക്ലബ്ബുകൾ, സ്കൂളുകൾ, വിവിധ സാമൂഹ്യ-സാംസ്കാരിക-തൊഴിൽ സംഘടനകൾ ഇവയുടെയെല്ലാം ആഭിമുഖ്യത്തിൽ ക്ലാസ്സുകൾ നടക്കണം. ക്ലാസ്സുകൾ കൈകാര്യം ചെയ്യാൻ കഴിയുന്ന 4000 പ്രവർത്തകരെ സംസ്ഥാനത്ത് പരിശീലിപ്പിച്ചെടുക്കണം. അത്തരം ഒരു പരിശീലനത്തിനുതകുന്ന കുറിപ്പുകളാണ് ഈ പുസ്തകത്തിലുള്ളത്.

വിഷയങ്ങളെ പൂർണതയോടെയും സമഗ്രതയോടെയും അവതരിപ്പിക്കാനുള്ള ശ്രമമൊന്നും ഇവിടെ നടത്തിയിട്ടില്ല. വിശദാംശങ്ങൾ പലതും പാഠങ്ങളുടെ ഒടുവിൽ സൂചിപ്പിച്ച പുസ്തകങ്ങളിൽനിന്നോ പരിഷത്ത് പ്രസിദ്ധീകരിച്ചിട്ടുള്ള ലഘുലേഖകളിൽനിന്നോ തേടിപ്പിടിക്കണം. 1-ഉം 3-ഉം പാഠങ്ങളിൽ സാമ്രാജ്യത്വത്തിന്റെ കടന്നുകയറ്റവുമായി ബന്ധപ്പെട്ട മിക്ക കാര്യങ്ങളും കേരള സ്വാശ്രയ സമിതി പ്രസിദ്ധീകരിച്ചിട്ടുള്ള ലഘുലേഖകളിൽനിന്ന് ലഭ്യമാണ്. 1-ഉം 2-ഉം ക്ലാസ്സുകളുടെ ഊന്നൽ വർഗീയ ശക്തികൾ ഉയർത്തുന്ന വെല്ലുവിളികൾക്കെതിരെയാകണം. പാഠക്കുറിപ്പുകളിൽ ചർച്ച ചെയ്യുന്ന മറ്റു പല

കാര്യങ്ങളും സംഘടനാംഗങ്ങൾക്കിടയിൽ മാത്രം ചർച്ച ചെയ്താൽ മതിയാകും. നിർബന്ധമായും ചർച്ച ചെയ്യണമെന്നില്ലാത്ത കാര്യങ്ങളാണ് ചെറിയ അക്ഷരങ്ങളിൽ കൊടുത്തിരിക്കുന്നത്. ക്ലാസ്സുകൾ ലളിതമായ ഭാഷയിൽ ധാരാളം ഉദാഹരണങ്ങളോടെ അവതരിപ്പിക്കാനുള്ള ശ്രമം ഉണ്ടാകണം.

ലോകത്തെങ്ങും മനുഷ്യാന്തസ്സിനു ക്ഷതമേറ്റുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണിത്. അതു വിധികൽപിതമായി എടുക്കാൻ നാം തയ്യാറല്ല. മനുഷ്യരാശി മുമ്പും ഇത്തരം പ്രതിസന്ധികളെ നേരിടുകയും ഇരുട്ടിന്റെ ശക്തികളെ അതിജീവിക്കുകയും ചെയ്തിട്ടുണ്ട് എന്ന് ചരിത്രം നമ്മോടു പറയുന്നു. ഇന്നു നമ്മെ ആവരണം ചെയ്തിരിക്കുന്ന ഇരുട്ടിനെയും നാം ഭേദിക്കുകതന്നെ ചെയ്യും. അതിനുള്ള ഒരു നെയ്ത്തിരിയായി ഓരോ ക്ലാസ്സും മാറുമെന്നും 30,000 തിരികൾ തെളിക്കുന്ന പ്രകാശധോരണി ഒരു പുതിയ പാത കണ്ടെത്താൻ നാടിനെ സഹായിക്കുമെന്നും നമുക്കാശിക്കാം.

കേരള ശാസ്ത്രസാഹിത്യ പരിഷത്ത്

## ഉള്ളടക്കം


1. ആമുഖം 3
2. ശാസ്ത്രവും മനുഷ്യനും 7
3. ചരിത്രബോധവും സമകാലീന ഇന്ത്യയും 31
4. സ്വാശ്രയ ഭാരതവും പുത്തൻ സാമ്പത്തിക നയങ്ങളും . 64

# ശാസ്ത്രവും മനുഷ്യനും

ശാസ്ത്രത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ഇന്ന് ആരോടും ഏറെ പറയേണ്ടതില്ല. നാമിന്നനുഭവിക്കുന്ന മുഴുവൻ ജീവിതസൗകര്യങ്ങളും, നമ്മുടെ സംസ്ക്കാരം തന്നെയും, സാധ്യമാക്കിയത് ശാസ്ത്രമാണ്. പദാർഥ പ്രപഞ്ചത്തെക്കുറിച്ച് അഗാധമായ ഉൾക്കാഴ്ചയും അളവറ്റ ശക്തിയും അതു മനുഷ്യനു പ്രദാനം ചെയ്തിരിക്കുന്നു. കുറഞ്ഞ അധ്വാനംകൊണ്ട് കൂടുതൽ ഉത്പാദിപ്പിക്കാനുള്ള കഴിവു നേടുക വഴി ഈ കൊച്ചുഭൂമിയിൽ 500 കോടിയിലേറെ മനുഷ്യർക്കു ജീവിക്കാൻ കഴിയുമെന്ന് വന്നിരിക്കുന്നു. ഇന്നുള്ളതിന്റെ പകുതിയിൽ താഴെ മാത്രം ജനസംഖ്യയുണ്ടായിരുന്നിട്ടുപോലും സ്വാതന്ത്ര്യത്തിനു തൊട്ടുമുമ്പും പിമ്പുമുള്ള വർഷങ്ങളിൽ ഇന്ത്യയിൽ പട്ടിണിമരണങ്ങൾ സർവസാധാരണമായിരുന്നു. (ഇന്നും പട്ടിണിമരണങ്ങൾ അപൂർവമായുണ്ടെങ്കിലും അത് വിതരണത്തിലെ അപാകത കൊണ്ടാണ്) ഇന്ത്യയിലും ലോകത്തെല്ലായിടത്തും അക്കാലത്ത് വസൂരി, കോളറ, പ്ലേഗ്, ക്ഷയം തുടങ്ങിയ പകർച്ചവ്യാധികൾ അനിയന്ത്രിതമായിരുന്നു. പട്ടിണിക്കും രോഗങ്ങൾക്കും കാരണം ഈശ്വരകോപമോ മാരണമോ ഒക്കെയാണെന്നു കരുതപ്പെട്ടു. കേരളത്തിൽ തന്നെ വസൂരി, 'അമ്മ'യുടെ (ദേവിയുടെ) വിത്തെറിയൽ ആയിരുന്നു. ഇന്ന് ആ വിത്തുതന്നെ നാം നശിപ്പിച്ചിരിക്കുന്നു. പട്ടിണിയിൽ നിന്ന് നാം മോചിതരായത് ശാസ്ത്രത്തിന്റെ സഹായത്തോടെയാണ്. മിക്ക രോഗങ്ങളും ഭേദമാക്കാനും ശരാശരി ആയുർദൈർഘ്യം വർധിപ്പിക്കാനും നമുക്കു കഴിഞ്ഞിരിക്കുന്നു. (പണ്ടുകാലത്ത് ആയുസ്സ് ഇതിലും കൂടുതലായിരുന്നു എന്നു സൂചിപ്പിക്കുന്ന കഥകൾ നാട്ടിൽ പ്രചാരത്തിലുണ്ട്. എന്നാൽ നരവംശശാസ്ത്രം നൽകുന്ന തെളിവുകൾ വിപരീതമാണ്. സമൂഹത്തിൽ താഴേത്തട്ടിൽ ഉള്ളവരുടെ ആയുർദൈർഘ്യം അന്നാരും പരിഗണിച്ചിരുന്നേയില്ല). ഗതാഗതത്തിലും വാർത്താവിനിമയരംഗത്തും ഉണ്ടായ മുന്നേറ്റമാണ് ഏറെ ശ്രദ്ധേയം. ലോകത്തിന്റെ ഏതു കോണിലും നിമിഷംകൊണ്ട് സന്ദേശങ്ങളെത്തിക്കാനും പറന്നെത്താനും ഇന്ന്

എളുപ്പമാണ്. ഭൂമിയുടെ ആകർഷണബന്ധനം പോലും ഭേദിച്ച് മനുഷ്യൻ ബഹിരാകാശത്ത് എത്തിക്കഴിഞ്ഞു. വിരസവും വിഷമം പിടിച്ചതുമായ കണക്കുകൂട്ടലുകൾക്കും ശാരീരികവും മാനസികവുമായ അധ്വാനത്തിനും നമ്മെ സഹായിക്കാൻ ഇന്ന് കമ്പ്യൂട്ടറുകളും റോബോട്ടുകളുമുണ്ട്. അത്യുൽ പാദനശേഷിയും രോഗപ്രതിരോധ ശേഷിയുമുള്ള വിത്തിനങ്ങളും വിലകുറഞ്ഞ ഔഷധങ്ങളും പ്രദാനം ചെയ്യാനുള്ള കഴിവ് ജനിതക സാങ്കേതികവിദ്യ (biotechnology) കൈവരിച്ചുകൊണ്ടിരിക്കുന്നു. ഇതൊന്നും കൂടാതെതന്നെ, നിത്യജീവിതത്തിൽ നാം ശാസ്ത്രത്തോട് എത്രമാത്രം കടപ്പെട്ടിരിക്കുന്നു എന്നാലോചിച്ചു നോക്കൂ. നാം താമസിക്കുന്ന വീടും, അതിലെ വൈദ്യുത ബൾബും ഫാനും, പാകം ചെയ്യുന്ന പാത്രങ്ങളും അടുപ്പും, നാം ധരിക്കുന്ന വസ്ത്രവും, സഞ്ചരിക്കുന്ന വാഹനവും തുടങ്ങി എണ്ണിയാലൊടുങ്ങാത്ത വസ്തുക്കൾ മാനവവികാസത്തിന്റെ വിവിധ ഘട്ടങ്ങളിൽ ശാസ്ത്രം നമുക്കു നൽകിയതാണ്. അതെല്ലാം എടുത്തുമാറ്റിയാൽ പിന്നെ നാം കാടത്വത്തിലേക്ക് തിരിച്ചു പോവുകയേ നിവൃത്തിയുള്ളൂ.

ഈ നേട്ടങ്ങളെല്ലാം കൈവരിച്ചിട്ടും ശാസ്ത്രം ഇന്നും ഭൂരിപക്ഷം പേർക്കും അന്യമാണ്. ശാസ്ത്രം നൽകുന്ന മുഴുവൻ സുഖസൗകര്യങ്ങളും സ്വീകരിക്കുമ്പോഴും അതിനെ തള്ളിപ്പറയുന്നവരുടെ എണ്ണത്തിന് ഒരു കുറവുമില്ല. ബയോടെക്നോളജി വഴിസൃഷ്ടിച്ചെടുത്ത ഔഷധങ്ങളും കൃത്രിമ മ്യൂട്ടേഷൻ വഴി ഉണ്ടാക്കിയ അത്യുല്പാദന ശേഷിയുള്ള വിത്തുകളും ഉപയോഗിക്കാൻ മടിയില്ലെങ്കിലും സ്വാഭാവിക മ്യൂട്ടേഷനും പ്രകൃതിനിർധാരണവും വഴിയാണ് ഇന്ന് ഭൂമുഖത്ത് കാണുന്ന ജീവിവർഗങ്ങളെല്ലാം വികസിച്ചുവന്നത് എന്ന് വിശ്വസിക്കാൻ എത്ര തെളിവു നൽകിയാലും വലിയൊരു ഭാഗം ആളുകൾ തയ്യാറല്ല. റേഡിയോ ആക്റ്റിവിറ്റി കാൻസർ ചികിൽസക്ക് ഉപയോഗിക്കുന്നതിൽ തെറ്റില്ലെങ്കിലും അതിന്റെ തത്വമുപയോഗിച്ച് ഭൂമിയുടെ പ്രായം 450 കോടിയിലേറെ വർഷമാണെന്നു പറഞ്ഞാൽ അത് വിശ്വാസങ്ങളെ ചോദ്യം ചെയ്യലാവും. ഗ്രഹങ്ങളും നക്ഷത്രങ്ങളും ദൈവങ്ങളാണെന്നു വിശ്വസിച്ചിരുന്ന കാലത്ത് രൂപം നൽകിയ ജ്യോതിഷവും അതുപയോഗിച്ചുള്ള ഭാവിപ്രവചനവും ഉപേക്ഷിക്കാൻ വിദ്യാസമ്പന്നർപോലും തയ്യാറാകുന്നില്ല. പകരം നല്ല ഗ്രഹനില കിട്ടാൻ പറ്റിയ സമയത്ത് സിസേറിയൻ നടത്തി ദൈവത്തെ പറ്റിക്കാനാണവർ ശ്രമിക്കുന്നത്.

ശാസ്ത്രത്തെ തള്ളുകയും അതിന്റെ ഉൽപന്നമായ സാങ്കേതിക വിദ്യകളെ സ്വീകരിക്കുകയും ചെയ്യുന്ന ഈ വിചിത്രമായ പ്രവണതയ്ക്ക് കാരണമെന്താവാം? എന്തുകൊണ്ടാണ് നിത്യജീവിതത്തെ ഇത്രയേറെ സ്വാധീനിക്കുന്ന ശാസ്ത്രത്തെ മനസ്സാ സ്വീകരിക്കാൻ ഭൂരിപക്ഷം പേർക്കും കഴിയാത്തത്? സമൂഹത്തിൽ നിലനിൽക്കുന്ന യാഥാസ്ഥിതികത്വം ആയിരിക്കാം ഒരു കാരണം. എന്നാൽ അതു മാത്രമാവില്ല. ശാസ്ത്രഭാഷയുടെയും ആശയങ്ങളുടെയും അപ്രാപ്യതയും, ശാസ്ത്രത്തിന്റെ അശാസ്ത്രീയവും ജനവിരുദ്ധവുമായ പ്രയോഗവും മറ്റുകാരണങ്ങളാകാം. ഇതിൽ ശാസ്ത്രത്തിന്റെ അപ്രാപ്യത കുറെയൊക്കെ സ്വാഭാവികമാണ്. കൃത്യതയോടെ കാര്യങ്ങൾ പറയാൻ കൃത്യതയുള്ള ഒരു ഭാഷ വേണം. അതിനായി ഗ്രീക്ക്, ലാറ്റിൻ, സംസ്കൃതം തുടങ്ങിയ മൃതഭാഷകളിൽനിന്ന് പദങ്ങൾ കടം കൊള്ളേണ്ടിവരും. സംസാരഭാഷയിൽനിന്ന് പദങ്ങൾ കടമെടുക്കുമ്പോൾ പോലും അതിന് അയവില്ലാത്ത അർഥ കല്പന നടത്തേണ്ടിവരും. ഉദാ:– പ്രവൃത്തി, രോധം, മുതലായ പദങ്ങൾക്ക് നിത്യോപയോഗത്തിലെ അർഥമല്ല ഫിസിക്സിൽ. ശാസ്ത്രഭാഷയിൽ ഗണിതത്തെയും ഒഴിച്ചുനിർത്താനാവില്ല. നീണ്ട ശാസ്ത്രാഭ്യസനം കൊണ്ടേ ഇതൊക്കെ ഒരാൾക്ക് വഴങ്ങികിട്ടൂ. ഇതിനും പുറമെ ശാസ്ത്രജ്ഞരിൽ വലിയൊരു പങ്ക് അന്തർമുഖരും ദന്തഗോപുര വാസികളും ആണ്. ചുരുക്കത്തിൽ ശാസ്ത്രത്തേയും ശാസ്ത്രജ്ഞരെയും സാധാരണ ജനങ്ങൾ ദൂരെനിന്ന് ആദരവോടും അല്പം ഭയത്തോടും കൂടിയാണ് വീക്ഷിക്കുന്നത്.

ഇത് പരിഹാരമില്ലാത്ത പ്രശ്നമൊന്നുമല്ല. ശാസ്ത്രത്തിലെ അടിസ്ഥാനാശയങ്ങൾ ആളുകൾക്കു മനസ്സിലാകും വിധം ലളിതമായി, ഗണിതമോ സാങ്കേതിക പദങ്ങളോ കൂടാതെ പറഞ്ഞുകൊടുക്കാൻ കഴിയും. ബോധപൂർവമായ ഒരു ശ്രമം നടത്തണമെന്നുമാത്രം. പണ്ട് ഗലീലിയോയും ഫാരഡേയും മറ്റും നടത്തിയിരുന്ന ജനകീയ ശാസ്ത്രക്ലാസ്സുകൾ പ്രസിദ്ധങ്ങളായിരുന്നു. ശാസ്ത്രത്തിന്റെ ജനസ്വീകാര്യത വർധിപ്പിക്കുന്നതിൽ അവ വലിയ പങ്കു വഹിച്ചിട്ടുണ്ട്. ഇന്ന് ജനകീയ ശാസ്ത്ര പ്രസ്ഥാനങ്ങൾ ഏറ്റെടുത്തിരിക്കുന്ന കടമയും അതുതന്നെയാണ്.

ശാസ്ത്രത്തിന്റെ ജനവിരുദ്ധ പ്രയോഗത്തിൽ എക്കാലത്തും മുഖ്യമായിരുന്നത് യുദ്ധാവശ്യങ്ങൾക്കുള്ള ദുരുപയോഗമായിരുന്നു. ന്യൂട്ടന്റെ ചലനനിയമങ്ങൾ വ്യാപകമായി ആദ്യം പ്രയോഗിച്ചത്

പീരങ്കിയുണ്ടയുടെ പഥം നിർണയിക്കാനാണ്. ഇന്ന് മിസൈലുകളുടെ പഥമാണെന്ന വ്യത്യാസമുണ്ട്. ഐൻസ്റ്റൈന്റെ പ്രശസ്തമായ $E=mc^2$ എന്ന സമവാക്യം ആദ്യം ഫലപ്രദമായുപയോഗിച്ചത് അണുബോംബ് നിർമാണത്തിനാണ്. റോക്കറ്റ് വിദ്യയും ലേസറും ഇലക്ട്രോണിക്സും എല്ലാം ഇന്ന് പ്രയോഗിച്ചുനോക്കാൻ ശത്രുക്കളെ തേടുകയാണ്. തൊഴിൽ രംഗത്തും ശാസ്ത്രസാങ്കേതികവിദ്യയുടെ ദുരുപയോഗം ഭീകരരൂപം കൈക്കൊള്ളാറുണ്ട്. അതിവേഗത്തിലുള്ള വ്യവസായവൽക്കരണത്തിന് കുറഞ്ഞ കൂലിയ്ക്ക് തൊഴിലാളികളെ കിട്ടാൻ തായ്ലണ്ടിലെയും ബ്രസീലിലെയും മറ്റും ഭരണകർത്താക്കൾ ഗ്രാമീണ കൃഷിമേഖലയെ ആകെ തകർക്കുകയും അതിന്റെ ഫലമായി തൊഴിലില്ലാപ്പട നഗരങ്ങളിലേയ്ക്ക് കുടിയേറാൻ നിർബന്ധിതരാവുകയും ചെയ്തത് ഏറെ മുമ്പല്ല. കുഞ്ഞുങ്ങൾ പോലും 10–ഉം 12–ഉം മണിക്കൂർ അധ്വാനിക്കാൻ നിർബന്ധിതരായി. ഇന്ന് ഇന്ത്യയും അതേ വഴിക്കാണോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. അതേസമയം വ്യവസായ വൽകൃതരാജ്യങ്ങളിലെ സംഘടിത തൊഴിലാളികളെ കമ്പ്യൂട്ടറുകളും റോബോട്ടുകളും നിഷ്ക്കാസിതരാക്കുന്നു. ധനിക–ദരിദ്ര അന്തരം, രാജ്യത്തിനുള്ളിലും രാജ്യങ്ങൾ തമ്മിലും, ഭീകരമാംവിധം വർധിക്കുന്നു. വിഭവങ്ങളുടെ അമിതമായ ചൂഷണവും, വിഷാവശിഷ്ടങ്ങൾ സൃഷ്ടിക്കുന്ന മലിനീകരണവും ഭൂമി ജീവിതയോഗ്യമല്ലാതാക്കിത്തീർത്തുകൊണ്ടിരിക്കുന്നു. ഇതിനെല്ലാം ഇടയാക്കിയ ശാസ്ത്രത്തെ എല്ലാവരും പഴിക്കുന്നു. യഥാർഥത്തിൽ കുറ്റം ശാസ്ത്രത്തിന്റെയല്ല. നിലനിൽക്കുന്ന വർഗഘടനയും ഭരണവർഗങ്ങളുടെ സ്വഭാവവും ശരിയായ സാമൂഹ്യ നിയന്ത്രണങ്ങളുടെ അഭാവവുമാണ് ഈ സ്ഥിതിക്ക് കാരണം. ജനങ്ങളിലാകെ വളർന്നുവരുന്ന സാമൂഹ്യബോധവും ശാസ്ത്രബോധവും ജനങ്ങൾക്കു മുൻകയ്യുള്ള ജനാധിപത്യവും കൊണ്ടേ അതിനെ നേരിടാൻ കഴിയൂ. ഈ ബോധവൽക്കരണമാകണം നമ്മുടെ ലക്ഷ്യം.

ശാസ്ത്രത്തിന്റെ അപ്രാപ്യതയും ജനവിരുദ്ധപ്രയോഗവും പരിഹരിച്ചാൽപോലും സമൂഹത്തിൽ അതിന്റെ സ്വീകാര്യതയെ പരിമിതപ്പെടുത്തുന്ന യാഥാസ്ഥിതികത്വം എന്ന ഘടകം ബാക്കിനിൽക്കുന്നു. അതിനു രണ്ടു മുഖങ്ങളുണ്ട്. ഒന്ന് ദ്രുതഗതിയിലുള്ള മാറ്റങ്ങളെ ചെറുക്കുന്ന സമൂഹത്തിന്റെ സ്വാഭാവിക ജഡത്വമാണ്. സ്ഥാപിത താല്പര്യങ്ങൾ സൃഷ്ടിക്കുന്ന പിന്തിരിപ്പൻ സ്വാധീനമാണ് രണ്ടാമ

ത്തേത്. ആദ്യത്തേത് സമൂഹത്തിന്റെ സ്ഥിരതയ്ക്ക് കുറെയൊക്കെ ആവശ്യമാണ്. അല്ലെങ്കിൽ അപക്വമായ പുത്തൻ ആശയങ്ങൾ സ്വീകരിക്കുക വഴി അപകടം വരുത്തിവക്കും. എന്നാൽ രണ്ടാമത്തേത് മനുഷ്യപുരോഗതിയുടെ ശത്രുവാണ്. രണ്ടിന്റേയും വേരുകൾ തേടേണ്ടത് മാനവികതയുടെ തുടക്കത്തിലാണ്.

മറ്റു മിക്ക വന്യമൃഗങ്ങളേയും അപേക്ഷിച്ച് മനുഷ്യപൂർവികൻ ദുർബലനായിരുന്നു. ബലമുള്ള പല്ലോ നഖമോ കൊമ്പോ ഇല്ല. ഓടി രക്ഷപ്പെടാനുള്ള കഴിവും കുറവ്. പകരം മറ്റു ജീവികളെക്കാളെല്ലാം വികാസം പ്രാപിച്ച മസ്തിഷ്ക്കവും യഥേഷ്ടം സൂക്ഷ്മജോലികൾക്ക് ഉപകരിക്കുന്ന പെരുവിരലിന്റെ ഘടനയും അയാൾക്ക് പരിണാമ പ്രക്രിയയിലൂടെ കൈവന്നിരുന്നു. കല്ലും വടിയും ആയുധമായുപയോഗിക്കാൻ ഇതവനെ പ്രാപ്തനാക്കി. ക്രമേണ അനുയോജ്യമാംവിധം ആയുധങ്ങൾ രൂപപ്പെടുത്താനും അയാൾ പഠിച്ചു. അതിന് താൻ നിർമിക്കാൻ പോകുന്ന ആയുധത്തിന്റെ മാതൃക മുൻകൂട്ടി മനസ്സിൽ സൃഷ്ടിക്കേണ്ടിവന്നു. ഇതിനു ബുദ്ധിയും ഭാവനയും ആവശ്യമായിരുന്നു. നിലനിൽപിന്നുള്ള മത്സരത്തിൽ ശാരീരിക ബലത്തേക്കാൾ ബുദ്ധിശക്തിയ്ക്ക് പ്രാമുഖ്യം കൈവരികയായിരുന്നു ഫലം. അതോടൊപ്പം കൂട്ടുചേർന്ന് വേട്ടയാടൽ സാമൂഹ്യ ജീവിതത്തിനും സംസ്കാരത്തിനും ഭാഷയ്ക്കും ജന്മം നൽകി. വേട്ടസംഘത്തിന്റെ ഉചിതമായ വിന്യാസം, തന്ത്രങ്ങൾ ആവിഷ്ക്കരിക്കൽ, ആശയവിനിമയം, കിട്ടിയ ഇരകളുടെ പങ്കിടൽ ഇതെല്ലാമാണ് സാമൂഹ്യജീവിതവും ഭാഷയുടെ വികാസവും അനിവാര്യമാക്കിയത്. ഭാഷയുടെ ആവിർഭാവത്തോടെ ഓരോ തലമുറയ്ക്കും അതിന്റെ ആർജിത അറിവുകൾ അടുത്ത തലമുറയ്ക്ക് കൈമാറാം എന്നായി. ഇതാണ് വിദ്യാഭ്യാസത്തിന്റെ തുടക്കം. ആയുധനിർമാണ വിദ്യയും, വേട്ടയുടെ തന്ത്രങ്ങളും, പരിസര ശുചിത്വ നിയമങ്ങളും, ചികിത്സാമുറകളും, പിൽക്കാലത്ത് കൃഷിരീതികളും എല്ലാം ഈ വിധം കൈമാറപ്പെട്ടു. ഓരോ തലമുറയും അതു കൂടുതൽ മെച്ചപ്പെടുത്തി. അങ്ങനെ അറിവ് സഞ്ചിതമാകാനും വളർച്ചയുടെ ഗതിവേഗം കൂടാനും തുടങ്ങി. അറിവിനോടൊപ്പം ആചാരങ്ങളും വിശ്വാസങ്ങളും മൂല്യസങ്കൽപങ്ങളും എല്ലാം ഇപ്രകാരം പകർന്നു നൽകപ്പെട്ടു. ഇന്നും ഈ പ്രക്രിയ തുടരുന്നു. സമൂഹത്തിനു സ്ഥിരത നൽകുന്ന വിദ്യാഭ്യാസമെന്ന ഈ ഘടകം ആണ് ആദ്യം പറഞ്ഞ തരം യാഥാസ്ഥിതികത്വത്തിനു കാരണം.

പെട്ടെന്നുള്ള മാറ്റങ്ങളെ ചെറുക്കുമ്പോഴും അത് പതുക്കെയുള്ള സാമൂഹ്യമാറ്റങ്ങൾക്കോ ശാസ്ത്രത്തിന്റെ വികാസത്തിനോ തടസ്സം നിൽക്കുന്നില്ല എന്ന കാര്യം ശ്രദ്ധേയമാണ്.

ഇതിൽനിന്ന് വ്യത്യസ്തമാണ് സ്ഥാപിത താൽപര്യങ്ങളുടെ സ്വാധീനം. പുതിയ ചിന്തകളെയെല്ലാം അതു ശത്രുതയോടെയാണ് കാണുന്നത്. രാജഭരണം ജനാധിപത്യത്തെയും ഫ്യൂഡലിസം വ്യവസായ വിപ്ലവത്തെയും, ജനാധിപത്യവ്യവസ്ഥയിൽ തന്നെ കേന്ദ്രീകൃത അധികാരം കയ്യാളുന്നവർ അധികാര വികേന്ദ്രീകരണത്തെയും ശത്രുതയോടെ കാണുന്നു. നഷ്ടമായ ഭൂതകാല മഹത്വത്തെയും വരാൻപോകുന്ന മാറ്റങ്ങൾ സമൂഹത്തിനുണ്ടാക്കാൻ പോകുന്ന ദുരിതത്തെയും കുറിച്ചുള്ള വ്യാജബോധം ആളുകളിൽ സൃഷ്ടിച്ചുകൊണ്ട് അവർ ചെറുക്കാൻ ശ്രമിക്കുന്നു. എന്നാൽ ഇതിലും എത്രയോ ആഴത്തിലുള്ളതാണ് മതസമുദായ നേതൃത്വവും പൗരോഹിത്യവും സമൂഹത്തിൽ ചെലുത്തുന്ന സ്വാധീനം. അന്ധവിശ്വാസങ്ങളും അനാചാരങ്ങളും വിധിവിശ്വാസവുമെല്ലാം നിലനിർത്തുക എന്നത് സമൂഹത്തിനുമേലുള്ള അവരുടെ അധീശത്വം തുടരാൻ ആവശ്യമാണ്. സ്വാഭാവികമായും ശാസ്ത്രം അവരുടെ മുഖ്യ ശത്രുവായിമാറുന്നു. ശാസ്ത്രയുഗത്തിന്റെ ആരംഭം തന്നെ യൂറോപ്പിൽ കൃസ്തീയ സഭയുടെ അധികാരത്തിനും ഇന്ത്യയിൽ ബ്രാഹ്മണമേധാവിത്വത്തിനും വെല്ലുവിളികളുയർത്തിക്കൊണ്ടായിരുന്നല്ലോ. (സതി, മൃഗബലി, മന്ത്രവാദം മുതലായവയെ ചോദ്യം ചെയ്ത യുക്തി ചിന്ത ശാസ്ത്രത്തിന്റേതാണ്).

അതത്കാലത്ത് അധികാരം കയ്യാളുന്ന വർഗവും പൗരോഹിത്യവും ചേർന്നുള്ള കൂട്ടുകെട്ടാണ് യാഥാസ്ഥിതികത്വത്തിന്റെ കോട്ടയായി നിലക്കൊണ്ടിട്ടുള്ളത്. ഇതിനർഥം പുരോഹിതർ എന്നും പുരോഗതിയുടെ ശത്രുക്കൾ ആയിരുന്നു എന്നല്ല. സാമൂഹ്യമാറ്റത്തിനുവേണ്ടി പൊരുതിയ നിരവധി നേതാക്കളും ശാസ്ത്രജ്ഞരും അവരിൽനിന്നുയർന്നുവന്നിട്ടുണ്ട്. കോപ്പർനിക്കസ്സും മെൻഡലും എല്ലാം പാതിരിമാരായിരുന്നു. ആഫ്രിക്കയിലും ലാറ്റിൻ അമേരിക്കയിലും ചൂഷണത്തിനെതിരെ പോരാട്ടം നയിക്കുന്ന പാതിരിമാരും ഇന്ത്യയിൽ ജാതിവ്യവസ്ഥയ്ക്കും അനാചാരങ്ങൾക്കും എതിരെ മുന്നോട്ടുവന്ന പരോഹിതരും ധാരാളമുണ്ട്. ബുദ്ധ – ജൈന – കൃസ്തു – ഇസ്ലാം മതങ്ങളുടെയെല്ലാം പ്രാരംഭഘട്ടത്തിൽ അവയുടെ നേതൃത്വം ദുരിതമനുഭവിക്കുന്ന ഭൂരിപക്ഷത്തിന്റെ കൂടെയായി

രുന്നു. എന്നാൽ സ്ഥാപനവൽക്കരിക്കപ്പെട്ട പൗരോഹിത്യം പുരോഗതിയുടെ ശത്രുവായി മാറുന്നു. മതത്തിന്റെയും സമുദായത്തിന്റെയും പേരിൽ ജനങ്ങളിൽ വിഭാഗീയത വളർത്തുകയും അന്യമതങ്ങളിൽനിന്നും സമുദായങ്ങളിൽനിന്നും തങ്ങളുടെ വിശ്വാസങ്ങളും ആചാരങ്ങളും സംസ്കാരവും ഭീഷണി നേരിടുന്നു എന്ന ഭീതി ജനിപ്പിക്കുകയും ചെയ്തുകൊണ്ടാണവർ പലപ്പോഴും തങ്ങളുടെ അധീശത്വം നിലനിർത്തുന്നത്. വിദ്യാഭ്യാസത്തിൽ പിടിമുറുക്കിക്കൊണ്ട് ഈ അധീശത്വം ചോദ്യം ചെയ്യപ്പെടാതെ നോക്കുകയും സ്വതന്ത്ര ചിന്തയേയും യുക്തിബോധത്തെയും തടയുകയും ചെയ്യുകവഴി അവർ ശാസ്ത്രത്തിന്റെ വളർച്ച മുരടിപ്പിക്കുന്നു.

പൗരോഹത്യത്തിന് സമൂഹത്തിലുള്ള സ്വാധീനത്തിന്റെ വേരുകൾ തേടുമ്പോഴും നാം ചെന്നെത്തുക പ്രകൃതിയെ മനസ്സിലാക്കാനും പ്രയോജനപ്പെടുത്താനുമുള്ള മനുഷ്യന്റെ അന്വേഷണത്തിലാണ്. അതുതന്നെയാണല്ലോ ശാസ്ത്രത്തിനും ജന്മം നൽകിയത്. ഈ അന്വേഷണത്തിന് രണ്ടു രൂപങ്ങളുണ്ടായിരുന്നു. അതിലൊന്നിന് പരീക്ഷണാത്മ സ്വഭാവം ഉണ്ടായിരുന്നു. ഉദാഹരണമായി നാം നേരത്തെ ചർച്ച ചെയ്ത ആയുധങ്ങളുടെ വികാസം എടുക്കാം. ആയുധ നിർമാണത്തിനുപയോഗിക്കേണ്ട അസംസ്കൃതവസ്തുക്കൾക്ക് (കല്ല്, എല്ല്, മരം) ഉണ്ടാകേണ്ട ഗുണം, ആയുധത്തിനു പറ്റിയ രൂപവും ഘടനയും ഇതെല്ലാം എപ്പോൾ വേണമെങ്കിലും പരീക്ഷിച്ചു നോക്കാം, നിഗമനങ്ങൾ മാറ്റാം, മെച്ചപ്പെടുത്താം. എന്നാൽ ഇതൊന്നും സാധ്യമല്ലാതിരുന്ന മറ്റൊരുതരം അന്വേഷണവും മനുഷ്യൻ നടത്തി. പ്രകൃതി പ്രതിഭാസങ്ങൾക്ക് കാരണം കണ്ടെത്തലായിരുന്നു അത്. സൂര്യന്റെ ദിനചലനങ്ങൾ, ചന്ദ്രന്റെ വൃദ്ധിക്ഷയങ്ങൾ, ഗ്രഹണം, കാട്ടുതീ, മഴ, ഭൂകമ്പം, പകർച്ചവ്യാധികൾ തുടങ്ങി മനുഷ്യന് അന്ന് കാരണം കണ്ടെത്തുക അസാധ്യമായിരുന്ന നിരവധി പ്രതിഭാസങ്ങൾക്കു പിന്നിൽ അവർ അഭൗമ ശക്തികളെ സങ്കൽപിച്ചു. അവയെ പ്രീതിപ്പെടുത്താൻ ബലിയും മന്ത്രവും പൂജയും നടത്തി. സമൂഹത്തിലെ ഏറ്റവുമധികം ചിന്തിക്കുന്ന വിഭാഗങ്ങൾ തന്നെയായിരുന്നു ഇതെല്ലാം ചെയ്തത്. അവരാണ് ക്രമേണ പൗരോഹിത്യത്തിനു തുടക്കം കുറിച്ചത്. അതായത് പരീക്ഷണാത്മക സ്വഭാവമില്ലാത്ത അന്വേഷണ രീതിയാണ് പൗരോഹിത്യാധിപത്യത്തിലേയ്ക്കും അന്ധവിശ്വാസങ്ങളിലേയ്ക്കും (ചിലപ്പോഴൊക്കെ തത്വചിന്തയിലേയ്ക്കും) നയിച്ചത്. പലപ്പോഴും ഒരേ ആളുകൾതന്നെ രണ്ടുതരം

അന്വേഷണങ്ങളിലും ഏർപ്പെട്ടിരുന്നതായും കാണാം. രോഗങ്ങൾക്ക് പ്രതിവിധിയായി മന്ത്രവും പൂജയും നടത്തിയവർതന്നെ പച്ച മരുന്നുകൾ പ്രയോഗിച്ചുനോക്കാനും അതുവഴി ചികിത്സാ സമ്പ്രദായങ്ങൾക്ക് രൂപം നൽകാനും തയ്യാറായി. അതുപോലെതന്നെ പൂജാരിയ്ക്ക് ജ്യോതിഷികൂടി ആകാതെ തരമില്ലായിരുന്നു, കാരണം, പൂജകൾക്കും യാഗങ്ങൾക്കുമുള്ള സമയവും കാലവും കണക്കാക്കാനും ഋതു പരിവർത്തനങ്ങൾ പ്രവചിക്കാനും വാനനിരീക്ഷണം കൂടിയേ കഴിയൂ. (ജ്യോതിഷവും ജ്യോതിശാസ്ത്രവും തമ്മിൽ ആദ്യകാലത്ത് വ്യത്യാസമില്ല. വ്യക്തികളുടെ ഭാവി പ്രവചിക്കാൻ അത് ഉപയോഗിച്ചുതുടങ്ങിയത് പിൽക്കാലത്താണ്). ജ്യോതിഷഗണനയ്ക്കും യാഗത്തറ കെട്ടാനുമാണ് ജ്യാമിതിയും ഗണിതവിദ്യയും വളർന്നത്. ക്രമേണ പൗരോഹിത്യം സ്ഥാപനവൽക്കരിക്കപ്പെടുകയും ശാസ്ത്രത്തിന്റെയും ശാസ്ത്രരീതിയുടെയും ശത്രുക്കളായി മാറുകയും ചെയ്തു.

എന്താണ് ശാസ്ത്രത്തിന്റെ രീതിയുടെ പ്രത്യേകതകളെന്ന് നമുക്ക് അൽപം വിശദമായി പരിശോധിക്കാം. ഒന്നാമതായി നിരീക്ഷണങ്ങളിലൂടെയും പരീക്ഷണങ്ങളിലൂടെയും കണ്ടെത്തുന്ന വസ്തുതകൾ മാത്രമെ അവിടെ പരിഗണിക്കപ്പെടൂ. വസ്തുനിഷ്ഠമല്ലാത്ത ധാരണകളോ മുൻവിധികളോ ശാസ്ത്രത്തിന്റെ മണ്ഡലത്തിൽ വരുന്നില്ല. അളക്കാൻ കഴിയുന്നതോ അളവുകളിലേക്കു നയിക്കുന്നതോ ആയ രാശികൾക്കുമാത്രമേ ഒരു ശാസ്ത്രസിദ്ധാന്തത്തിൽ സ്ഥാനമുണ്ടായിരിക്കൂ. പ്രപഞ്ചഘടനയെക്കുറിച്ചും പദാർഥഘടനയെക്കുറിച്ചും (പഞ്ചഭൂത സിദ്ധാന്തം മുതലായവ) പണ്ടുകാലത്തുണ്ടായിരുന്ന ആശയങ്ങളൊന്നും ശാസ്ത്രീയമാകാതിരുന്നത് ഈ അർഥത്തിലാണ്. കണാദന്റെ അണുസിദ്ധാന്തംപോലും ധീരമെങ്കിലും അശാസ്ത്രീയമായിരുന്നു.

ശാസ്ത്രത്തിന്റെ രീതിയുടെ ഒരാദർശചിത്രം ഏതാണ്ടി പ്രകാരമാണ്.

1. നിരീക്ഷണങ്ങൾ. പ്രകൃതിയിലുള്ളതോ പരീക്ഷണങ്ങളിലൂടെ വെളിവാകുന്നതോ ആയ വസ്തുതകളെ അളന്നു തിട്ടപ്പെടുത്തുന്നു.

2. നിരീക്ഷണ ഫലങ്ങളുടെ വർഗീകരണവും നിഗമനവും.

3. നിഗമനങ്ങളെ ബന്ധിപ്പിച്ചുകൊണ്ടുള്ള നിയമം (law) കണ്ടെത്തുന്നു.

4. നിയമത്തെ സാധൂകരിക്കുന്ന (കാരണം തേടുന്ന) പരികല്പന (Hyposthesis).

5. അറിയപ്പെടുന്ന നിരീക്ഷണങ്ങളും പരീക്ഷണങ്ങളും ഈ പരികല്പനയ്ക്ക് അനുയോജ്യമാണോ എന്ന പരിശോധനയും ഇല്ലെങ്കിൽ തിരുത്തലും.

6. പരികല്പനയുടെ അടിസ്ഥാനത്തിലുള്ള പ്രവചനങ്ങളും (Predictions) അവയുടെ പരിശോധനയും. തെറ്റുണ്ടെങ്കിൽ പരികല്പന വിണ്ടും തിരുത്തുന്നു.

7. പരികല്പനയെ സിദ്ധാന്തമായി (Theory) അംഗീകരിക്കുന്നു.

8. സിദ്ധാന്തത്തിന്റെ വിപുലീകരണവും പ്രയോഗവും.

ഈ ഘട്ടങ്ങൾ മുഴുവനും ദൃശ്യമാകുന്ന ചുരുക്കം സന്ദർഭങ്ങളേ ശാസ്ത്രത്തിന്റെ ചരിത്രത്തിൽ കാണാൻ കഴിയൂ. ഗുരുത്വാകർഷണ സിദ്ധാന്തത്തിലേക്കുള്ള ഘട്ടങ്ങൾ ഒരു നല്ല ഉദാഹരണമാണ്.

പ്രാചീന കാലം തൊട്ട് ഗ്രഹചലനങ്ങളെകുറിച്ച് നിരവധി പേർ നിരീക്ഷണങ്ങൾ നടത്തി. 16-ാം നൂറ്റാണ്ടിൽ ടൈക്കോബ്രഹ (ശാസ്ത്രചരിത്രം, പേജ് 36) അവയുടെ സ്ഥാനചലനങ്ങൾ കൃത്യമായളന്നു (1).

ടൈക്കോയുടെ മരണശേഷം സഹായിയായിരുന്ന കെപ്ലർ (ശാ.ച.39) ആ നിരീക്ഷണങ്ങൾ ക്രോഡീകരിച്ച് ഗ്രഹങ്ങൾ ദീർഘവൃത്തത്തിൽ സൂര്യനെ ചുറ്റുന്നു എന്ന നിഗമനത്തിൽ എത്തുകയും (2) ഗ്രഹചലന നിയമങ്ങൾക്ക് രൂപം നൽകുകയും ചെയ്തു (3).

ഗ്രഹചലനനിയമങ്ങൾക്കുകാരണമായ ഗുരുത്വാകർഷണം എന്ന പരികല്പന ന്യൂട്ടൺ (ശാ.ച. 67) അവതരിപ്പിച്ചു (4).

ചന്ദ്രന്റെ ചലനത്തെയും ഭൂമിയിൽ വസ്തുക്കളുടെ പതനത്തെയും അതു വിശദീകരിച്ചു (5).

ഹാലിധൂമകേതുവിന്റെ തിരിച്ചുവരവും അന്നുവരെ കണ്ടിട്ടില്ലാത്ത നെപ്റ്റ്യൂണിന്റെ സാന്നിധ്യവും അതു പ്രവചിച്ചു.(6) അവ ശരിയായി വന്നതോടെ അത് ഗുരുത്വാകർഷണ സിദ്ധാന്തമായി അംഗീകരിക്കപ്പെട്ടു. (7). പിന്നീടുണ്ടായ അതിന്റെ വിപുലനവും പ്രയോഗവും എല്ലാവർക്കും അറിയാവുന്ന കാര്യമാണല്ലോ.

മുൻപറഞ്ഞ ശാസ്ത്രത്തിന്റെ രീതി എന്നത് ശാസ്ത്രജ്ഞന്റെ മേൽ അടിച്ചേൽപിക്കാനുള്ള നിയമങ്ങളോ നിബന്ധനകളോ അല്ല,

മറിച്ച്, ശാസ്ത്രത്തിന്റെ വികാസചരിത്രം പഠിക്കാനുള്ള നമ്മുടെ അപഗ്രഥനോപാധിയാണ്. ശാസ്ത്രജ്ഞന്റെ ഭാവന, ഉൾക്കാഴ്ച, സൃഷ്ടിപരമായ കഴിവുകൾ ഇതെല്ലാം മുൻപറഞ്ഞ ഓരോ ഘട്ടത്തിലും സുപ്രധാനമാണ്. എന്നാൽ ഇവയ്ക്കെല്ലാം ആധാരം വസ്തുനിഷ്ഠമായ നിരീക്ഷണങ്ങൾ അഥവാ അളവുകൾ ആയിരിക്കണം എന്നത് നിർബന്ധമാണ്. നിഗമനങ്ങൾ പരീക്ഷണവിധേയമാക്കുകയും വേണം. ഇത് രണ്ടും ചെയ്യാത്ത നിരവധി ഭാവനകൾ മുമ്പുകാലത്ത് ശാസ്ത്രസത്യങ്ങളായി പ്രചരിച്ചിരുന്നു. ഗലീലിയോക്കുശേഷമാണ് ശാസ്ത്രത്തിന്റെ രീതി സാർവത്രികമായി അംഗീകരിക്കപ്പെട്ടത്.

എല്ലാ ശാസ്ത്രീയ കണ്ടെത്തലുകളിലും മുൻപറഞ്ഞ എല്ലാ ഘട്ടങ്ങളുമോ, അതേ ക്രമമോ കണ്ടെന്നുവരില്ല. ഉദാഹരണത്തിന് ജയിംസ് വാട്ട് ആവിയുടെ ശക്തി കണ്ടെത്തിയതിനും ആവിയന്ത്രത്തിന്റെ നിർമാണത്തിനും ഇടയ്ക്ക് പല ഘട്ടങ്ങളും കാണില്ല. പ്രയോഗ ത്തിനുശേഷമാണ് അതിന്റെ താത്വികാടിത്തറയായ താപഗതിക നിയമങ്ങൾ (Laws of Thermodynamics) ജനിക്കുന്നതുതന്നെ. അതുപോലെ പ്രപഞ്ചോല്പത്തി സംബന്ധിച്ച ധാരണകൾ (മഹാസ്ഫോടന സിദ്ധാന്തം മുതലായവ) ഇന്നും പരികൽപനകൾമാത്രമാണ്, കാരണം പരീക്ഷണം ചെയ്തുനോക്കാൻ നിവൃത്തിയില്ല.

ശാസ്ത്രത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും ശ്രദ്ധേയമായ കാര്യം അതിലെ കണ്ടെത്തലുകളൊന്നും തന്നെ ശാശ്വതസത്യങ്ങളായി ആരും കരുതുന്നില്ല എന്നതാണ്. അതാത് കാലത്ത് അറിയപ്പെടുന്ന വസ്തുതകളെ ബന്ധിപ്പിക്കുന്ന തത്വങ്ങൾ മാത്രമെയുള്ളു. ആയിരം പരീക്ഷണങ്ങൾ ഒരു സിദ്ധാന്തത്തെ സാധൂകരിച്ചാലും അതിനെ നിരാകരിക്കാൻ ഒരൊറ്റ പരീക്ഷണം മതി. അതോടെ സിദ്ധാന്തത്തിൽ മാറ്റം വരുത്തേണ്ടിവരും. അതിന്റെ ഉപജ്ഞാതാവ് എത്ര വലിയവനായിട്ടും കാര്യമില്ല. അനിഷേധ്യനായിരുന്ന ന്യൂട്ടന്റെ പ്രകാശത്തെ സംബന്ധിച്ച സിദ്ധാന്തങ്ങളെ ഹൈഗൻസും (ശാ.ച. 43) ചലന നിയമങ്ങളെ ഐൻസ്റ്റൈനും തിരുത്തിക്കുറിച്ചു. എന്നാൽ വിശ്വാസത്തിന്റെ സ്ഥിതി അതല്ല. കൃസ്തീയ മതമേധാവികൾ അംഗീകരിച്ചിരുന്ന അരിസ്റ്റോട്ടിലിന്റെ പല കപട ശാസ്ത്രങ്ങളും തിരുത്താൻ ഗലീലിയോ ഉൾപ്പെടെയുള്ള നിരവധി ശാസ്ത്രജ്ഞർക്ക് പീഡനങ്ങൾ സഹിക്കേണ്ടിവന്നിട്ടുണ്ട്. ഇതാണ് ശാസ്ത്രവും വിശ്വാസവും തമ്മിലുള്ള വ്യത്യാസം. ശാസ്ത്രരീതി തികച്ചും ജനാ

ധിപത്യ സ്വഭാവമുള്ളതാണ്. അവിടെ പുരോഹിതരില്ല; ചോദ്യം ചെയ്യാനും ചെയ്യപ്പെടാനുമുള്ള സന്നദ്ധതയാണ് അതിന്റെ കാതൽ. അതുമൂലം ശുദ്ധ ശാസ്ത്രത്തിന്റെ പ്രശ്നങ്ങളിൽ മാത്രമല്ല മറ്റു സാമൂഹ്യ-രാഷ്ട്രീയ പ്രശ്നങ്ങളിലും സ്വന്തം ജീവിതപ്രശ്ന ങ്ങളിൽപോലും നമുക്കു വഴികാട്ടാൻ സഹായിക്കുന്ന ഒരു സമീപന മായി ശാസ്ത്രത്തിന്റെ രീതി മാറുന്നു. ആ രീതി ജീവിതത്തിൽ ഉൾക്കൊള്ളുന്നതിനെയാണ് നാം ശാസ്ത്രബോധം എന്നു പറയു ന്നത്. ഉദാഹരണത്തിന് നിങ്ങളുടെ വീട്ടിലെ അംഗങ്ങൾക്ക് തുടരെ രോഗങ്ങൾ പിടിപെടുന്നു എന്നിരിക്കട്ടെ, നിങ്ങൾ ഒരു ദിവ്യനെ സമീപിക്കുകയും വീടിന്റെ സ്ഥാനം തെറ്റായതുകൊണ്ടാണിപ്ര കാരം സംഭവിക്കുന്നതെന്ന് അയാൾ പറഞ്ഞാൽ വീടു പൊളിച്ചു മാറ്റിപ്പണിയുകയും ചെയ്യുമോ, അതോ വീടിന്റെ പരിസ്ഥിതിയും കുടിയ്ക്കുന്ന വെള്ളവും കഴിക്കുന്ന ഭക്ഷണവും എല്ലാം പരിശോധ നയ്ക്ക് വിധേയമാക്കുകയും ഒരു നല്ല ഡോക്ടരുടെ ഉപദേശം തേടുകയും ചെയ്യുമോ? നിങ്ങൾ ഒരു ഭരണാധികാരിയാണെങ്കിൽ പട്ടിണിയും തൊഴിലില്ലായ്മയും അവസാനിപ്പിക്കാൻ വിദേശത്തു നിന്ന് പലിശയ്ക്ക് കടം വാങ്ങുമോ, അതോ വിഭവങ്ങളുടെ ശരി യായി വിതരണവും കാർഷിക പരിഷ്ക്കാരങ്ങളും നടപ്പിലാ ക്കുകയും സ്വാശ്രയത്വത്തിലും ജനപങ്കാളിത്തത്തിലും ഊന്നിയ ഒരു വികസന തന്ത്രത്തിനു രൂപം നൽകുകയും ചെയ്യുമോ? ശുദ്ധ ശാസ്ത്രത്തിന്റേതല്ലാത്ത പ്രശ്നങ്ങളിലും ശാസ്ത്രത്തിന്റെ രീതി പ്രയോജനകരമാണെന്നർഥം.

ശാസ്ത്രബോധം ഇല്ലാത്ത ഒരാൾക്കും ശാസ്ത്രരംഗത്ത് നേട്ട ങ്ങൾ കൈവരിക്കാൻ കഴിഞ്ഞേക്കാം. കാരണം, ശാസ്ത്രം തലമുറ കളിലൂടെയുള്ള കൂട്ടായ ഒരു സാമൂഹ്യ പ്രവർത്തനമാണ്. ആ പ്രക്രിയയിൽ ചെറുതോ വലുതോ ആയ ഒരു പങ്കുമാത്രമായിരിക്കും ഒരാൾ വഹിക്കുന്നത്. ഉദാഹരണത്തിന് അലസാന്ദ്രേവോൾട്ടാ ആദ്യ ത്തെ വൈദ്യുത സെൽ നിർമിക്കുന്നു. എർസ്റ്റഡ് ഒഴുകുന്ന വൈദ്യുതി കാന്തികബലം സൃഷ്ടിക്കുമെന്നു കണ്ടെത്തുന്നു. ഫാരഡേ ആ തത്വമുപയോഗിച്ച് ആദ്യത്തെ വൈദ്യുത ജനറേറ്റർ ഉണ്ടാക്കുന്നു. എഡിസൺ വൈദ്യുത ബൾബു നിർമിക്കുന്നു. മാക്സ്വെൽ വിദ്യുത് കാന്തികതരംഗ സിദ്ധാന്തം ആവിഷ്ക്കരിക്കുന്നു. ഹെർട്സ് അതു തെളിയിക്കുന്നു. മാർഗ്കോണി അതുപയോഗിച്ച് റേഡിയോ നിർമി ക്കുന്നു. ഇങ്ങനെ പോകുന്ന കണ്ടുപിടുത്തങ്ങളുടെ ഒരു പരമ്പര.

ഇതിൽ ഒരാളെ എടുത്താൽ അയാളുടെ പങ്ക് താരതമ്യേന ചെറുതാണ്. ശാസ്ത്രത്തെയോ അതിന്റെ വികാസത്തെയോ അയാൾ സമഗ്രതയിൽ കാണണണമെന്നില്ല. അതുപോലെ മൗലിക കണങ്ങളെക്കുറിച്ച് പരീക്ഷണങ്ങൾ നടത്തുന്ന ഒരാൾ അവിടെ ശിവന്റെ നൃത്തം ദർശിക്കുകയും തന്മാത്രാജീശാസ്ത്രത്തിൽ മുഴുകിയിരിക്കുന്ന ഒരാൾ ജീവിച്ചിരിക്കുന്ന മനുഷ്യദൈവത്തെ ആരാധിക്കുകയും ചെയ്താലും അതയാളുടെ ഔദ്യോഗിക ജീവിതത്തെ അത്രയൊന്നും ബാധിക്കണമെന്നില്ല. ശാസ്ത്രം അയാളിൽനിന്നു സ്വീകരിക്കുക യുക്തിസഹവും പരീക്ഷണങ്ങൾ സാധൂകരിക്കുന്നതുമായ നിഗമനങ്ങൾ മാത്രമായിരിക്കും.

വിശ്വാസവും ശാസ്ത്രവും തമ്മിൽ പലകാലത്തും വൈരുധ്യങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും മതം എക്കാലത്തും ശാസ്ത്രത്തിന്റെ ശത്രു ആകണമെന്നില്ല. മാനവസംസ്കാരം രൂപപ്പെടുത്തുന്നതിൽ ശാസ്ത്രത്തോടൊപ്പം കലയ്ക്കും സാഹിത്യത്തിനും മതദർശനങ്ങൾക്കും എല്ലാം സ്ഥാനമുണ്ട്. അവയെല്ലാം ചേർന്നാണ് മനുഷ്യന്റെ മൂല്യബോധം സൃഷ്ടിക്കുന്നത്. എല്ലാ മതങ്ങളും ഉൾക്കൊള്ളുന്നത് അവ രൂപപ്പെട്ട കാലത്തെ ഏറ്റവും മികച്ച മൂല്യബോധമാണെന്ന കാര്യം മറന്നുകൂടാ. നാം എന്തു ചെയ്യണമെന്ന് ശാസ്ത്രം നമ്മോടു പറയുന്നില്ല, ചെയ്യുന്നുവെങ്കിൽ അതെങ്ങനെ ഏറ്റവും നന്നായി ചെയ്യാം എന്നേ പറയുന്നുള്ളു. കൃഷിചെയ്യുന്നെങ്കിൽ എങ്ങനെ അതിൽനിന്നുള്ള ഉത്പാദനം പരമാവധി വർധിപ്പിക്കാമെന്നും യുദ്ധം ചെയ്യുന്നെങ്കിൽ എങ്ങനെ അതേറ്റവും വിനാശകരമായി ചെയ്യാം എന്നും ശാസ്ത്രം പറഞ്ഞുതരും. ശാസ്ത്രഗവേഷണത്തെയും പ്രയോഗത്തെയും നിയന്ത്രിക്കുന്നത് സമൂഹത്തിന്റെ മൂല്യസങ്കല്പങ്ങളും നിലനിൽക്കുന്ന വർഗ ബന്ധങ്ങളുമാണ്. വാർത്താവിനിമയ ഉപഗ്രഹങ്ങളാണോ മിസൈലുകളാണോ നിർമിക്കേണ്ടതെന്നും കാലാഅസറിനു മരുന്നു കണ്ടെത്താനാണോ വംശീയ മഹത്വം തെളിയിക്കാനാണോ ഗവേഷണം നടത്തേണ്ടതെന്നും തീരുമാനിക്കുന്നത് അവയാണ്. എന്നാൽ മനുഷ്യതുല്യത എന്ന ഒറ്റ അടിസ്ഥാനപ്രമാണം അംഗീകരിക്കാമെങ്കിൽ ഇത്തരം പ്രശ്നങ്ങളിലെല്ലാം ശരിയായ തീരുമാനങ്ങളെടുക്കാൻ ശാസ്ത്രത്തിന്റെ രീതി മതിയാകും.

ശാസ്ത്രവും മതദർശനങ്ങളും തമ്മിൽ ശത്രുതയില്ലെങ്കിൽ പോലും ശാസ്ത്രവും പൗരോഹിത്യവും തമ്മിൽ പലപ്പോഴും സംഘട്ടനം

നടത്തേണ്ടി വന്നിട്ടുണ്ട്. പരമസത്യങ്ങൾ തങ്ങൾ കണ്ടെത്തിക്കഴിഞ്ഞു എന്നാണവരുടെ അവകാശവാദം. ശാസ്ത്രത്തിന്റെ ഏറ്റവും വലിയ ദോഷമായി അവർ പ്രചരിപ്പിക്കുന്നത് നിരന്തരം പുതുക്കപ്പെടുന്ന അതിന്റെ സ്വഭാവത്തെയാണ്. എന്നാൽ വിശ്വാസങ്ങളുടെ ചരിത്രം പരിശോധിച്ചാലും നിരന്തരമായ മാറ്റം കാണാൻ കഴിയില്ലെ? ഒന്ന് സ്വയം മാറുമ്പോൾ മറ്റേത് പരാജയപ്പെട്ട്, സമ്മർദങ്ങൾക്കു വഴങ്ങിമാറുന്നു എന്നുമാത്രം.

ഇന്ത്യയിലും ലോകത്തിന്റെ പല ഭാഗങ്ങളിലും പണ്ട് സൂര്യനും, തീയും, നദികളുമെല്ലാം ദൈവങ്ങളായിരുന്നു. തപസ്സുകൊണ്ടു സൂര്യനെ നിശ്ചലമാക്കാൻ കഴിയുമെന്നും ഗ്രഹണം ദൈവകോപം മൂലമാണെന്നും അവർ വിശ്വസിച്ചു. എന്നാൽ ശാസ്ത്രത്തിന്റെ മുന്നേറ്റം ഇത്തരം വിശ്വാസങ്ങൾ ഇല്ലാതാക്കുകയും നിരവധി ദൈവങ്ങൾ ലയിച്ച് ഒന്നാകാൻ നിർബന്ധിക്കപ്പെടുകയും ചെയ്തു. അത്രയൊന്നും പ്രാചീനമല്ലാത്ത ഭൂതകാലത്തെതന്നെ നോക്കൂ. ബൈബിളിലെ പഴയ നിയമത്തിലും പുതിയ നിയമത്തിലും ഉള്ള ദൈവസങ്കല്പങ്ങൾ എത്ര വ്യത്യസ്തമാണ്. ഇസ്രായേൽ ജനതയെ തെരഞ്ഞെടുത്ത ജനതയായി പ്രഖ്യാപിച്ച് അവരുടെ ശത്രുക്കളെ (സ്വന്തം മക്കളായിട്ടുപോലും) നിഗ്രഹിക്കാൻ കൂട്ടുനിൽക്കുന്ന പഴയനിയമത്തിലെ യഹോവയെവിടെ, ശാന്തസ്വരൂപിയും സ്നേഹനിധിയുമായ പുതിയ നിയമത്തിലെ ദൈവമെവിടെ! ആചാരങ്ങളിൽ വന്നമാറ്റം അതിലും ശ്രദ്ധേയമാണ്. പണ്ട് മൃഗബലിയും നരബലിയും ദൈവപ്രീതിയ്ക്ക് ആവശ്യമായിരുന്നു. ബൈബിളിൽ ഏബ്രഹാം പുത്രനെ ബലികൊടുക്കാൻ തയ്യാറാകുന്നതും ഒടുവിൽ ദൈവം വിലക്കുന്നതും ആയ കഥ ആ പ്രാകൃതാചാരത്തിന്റെ അന്ത്യം സൂചിപ്പിക്കുന്നു. ഇന്ത്യയിൽ ബുദ്ധന്റെ കാലം മുതൽക്കേ ബലിക്കെതിരെ എതിർപ്പുകൾ ഉയർന്നിട്ടുണ്ടെങ്കിലും അത് ഇല്ലാതാക്കാൻ കഴിഞ്ഞിട്ടില്ല.

മതങ്ങൾക്ക് ശാസ്ത്രവുമായി യോജിച്ചു പോകാൻ ഇനിയും ഏറെ മാറേണ്ടിവരും. ഉദാ:- ഡാർവിനിസത്തെ ഇന്നല്ലെങ്കിൽ നാളെ അംഗീകരിക്കേണ്ടിവരും. ക്രിസ്തീയ- ഇസ്ലാമിക വിശ്വാസങ്ങൾ അനുസരിച്ച് മനുഷ്യനു മാത്രമേ ആത്മാവുള്ളൂ. പരിണാമ സിദ്ധാന്തം അംഗീകരിച്ചാൽ പരിണാമത്തിലെ ഏതു ഘട്ടത്തിലാണ് ആത്മാവ് കൈവന്നതെന്ന് നിർണയിക്കേണ്ടിവരും. നീയാണ്ടർതാൽ മനുഷ്യനും പെക്കിംഗ് മനുഷ്യനും ആത്മാവുണ്ടായിരുന്നോ എന്ന

ചോദ്യത്തിന് ഉത്തരം നൽകേണ്ടിവരും. ശാസ്ത്രത്തിന്റെ, പ്രത്യേകിച്ച് ജ്യോതിശ്ശാസ്ത്രത്തിന്റെ, വളർച്ചയും പല പുതിയ ചോദ്യങ്ങളും ഉന്നയിക്കും. മനുഷ്യനെ നേർവഴിക്കു നയിക്കാനോ ദുഷ്ടരെ സംഹരിക്കാനോ ആയി ദൈവംതന്നെ പിറവിയെടുക്കുകയോ അല്ലെങ്കിൽ പ്രവാചകരെ അയയ്ക്കുകയോ ചെയ്തതിന്റെ കഥകളാണ് എല്ലാ മതങ്ങളും പറയുന്നത്. എന്നാൽ ഈ പ്രപഞ്ചത്തിൽ 10000 കോടിയോളം ഗാലക്സികളും അവയിലോരോന്നിലും പതിനായിരമോ ഇരുപതിനായിരമോ കോടി നക്ഷത്രങ്ങളും നക്ഷത്രങ്ങളിൽ ഇരുപതു ശതമാനത്തിനെങ്കിലും ഗ്രഹമണ്ഡലങ്ങളും ഉണ്ടാകുമെന്ന് ജ്യോതിശ്ശാസ്ത്രജ്ഞന്മാർ പറയുന്നു. ഈ പ്രപഞ്ചത്തിൽ മനുഷ്യനു തുല്യമോ അതിലും വികാസം പ്രാപിച്ചതോ ആയ ജീവിവർഗങ്ങൾ നിരവധി കോടി ഗ്രഹങ്ങളിൽ ഉണ്ടായിരിക്കും എന്നവർ ഊഹിക്കുന്നത്. നാളെ അതുശരിയാണെന്നു വന്നാൽ മനുഷ്യന്റെ പ്രാഥമികത്വവും, മനുഷ്യനെ കേന്ദ്രമാക്കിയുള്ള അവതാര സങ്കല്പങ്ങളും അർഥമില്ലാത്തതാകും. അതായത് പരമ സത്യങ്ങൾ കണ്ടെത്തിയെന്നവകാശപ്പെടുന്ന മതങ്ങൾതന്നെ നിരവധി ഘട്ടങ്ങൾ കടന്ന് ശാസ്ത്രത്തിനും മനുഷ്യന്റെ ചിന്താശക്തിക്കും ഒപ്പം വളർന്നാണ് ഇന്നത്തെ ധാരണകളിൽ എത്തിയിട്ടുള്ളത്. ഇനിയും ഈ ധാരണകൾ ശ്വാശ്വതങ്ങളല്ല എന്നു നമുക്കു തീർത്തുപറയാനും കഴിയും.

ഒരു മതത്തിന്റെ ചട്ടക്കൂടുകളൊന്നുമില്ലെങ്കിലും പല പ്രാചീന ഭാരതീയ ചിന്താപദ്ധതികളും ശാശ്വത സത്യങ്ങൾ കണ്ടെത്താനാണ് ശ്രമിച്ചിട്ടുള്ളത്. അവരുടെ ചിന്തയുടെ ആഴം ഗംഭീരമാണെങ്കിലും അതിനൊന്നും ശാസ്ത്രരീത്യാ നിലനില്പില്ല. ഹിന്ദുത്വത്തിന്റെ പുതിയ പ്രണേതാക്കളാകട്ടെ ആധുനിക ശാസ്ത്രം കണ്ടെത്തിക്കഴിഞ്ഞിട്ടുള്ളതും ഇനി കണ്ടെത്താൻ പോകുന്നതുമായ മുഴുവൻ കാര്യങ്ങളും പൗരാണിക ഋഷിമാരുടെ ദർശനങ്ങളിൽ ഉണ്ടെന്നും അതവർ ദിവ്യമായ ഉൾക്കണ്ണുകൊണ്ടു കണ്ടറിഞ്ഞതാണെന്നും അവകാശപ്പെടുന്നു. അതെല്ലാം ശുദ്ധഭോഷ്ക്കാണ്, കാരണം അവയൊന്നും തന്നെ ഒരിക്കലും പരീക്ഷണ വിധേയമാക്കിയിട്ടില്ല. മാത്രമല്ല, ഒരാൾ കണ്ടെത്തിയ അതേ സത്യമല്ല മറ്റൊരാൾ കണ്ടെത്തിയതും. വേദങ്ങളും അവയുടെ വ്യാഖ്യാനങ്ങളായ യോഗവും സാംഖ്യവും ന്യായവൈശേഷികങ്ങളും എല്ലാം ഒരേ സത്യമല്ല വെളിവാക്കുന്നത് (അല്ലെങ്കിൽ അവ വ്യത്യസ്തമായിരിക്കില്ലല്ലോ). ഇത്തരം ദിവ്യദർശനങ്ങ

ളൊന്നുംതന്നെ അവ പരമസത്യങ്ങളായാൽ പോലും സമൂഹത്തിനാകെ ഒരു പ്രയോജനവും ചെയ്യുന്നില്ല. കാരണം അത് വ്യക്തിപരമായ അനുഭവം മാത്രമാണ്, മറ്റാർക്കും പകർന്നുനൽകാവുന്നതല്ല. ദീർഘകാലത്തെ തപസ്സുകൊണ്ടുമാത്രമെ നേടാൻ കഴിയൂ എന്നാണ് വെപ്പ്. ഇനി, പകർന്നു നൽകാൻ കഴിഞ്ഞാൽ തന്നെ പ്രായോഗക്ഷമമല്ലാത്തതുകൊണ്ട് അത് ശാസ്ത്രവുമല്ല. ആധുനിക ശാസ്ത്രത്തിലെ കണ്ടെത്തലുകൾ പ്രാചീന ദർശനങ്ങളിൽ കണ്ടെത്തുന്നത് പിൽക്കാലത്തെ അറിവുവച്ചു ദുർവ്യാഖ്യാനം ചെയ്തിട്ടാണ്. അതല്ലെങ്കിൽ ഇനിയും അവയിൽ മറഞ്ഞിരിക്കുന്ന ശാസ്ത്ര സത്യങ്ങൾ വെളിവാക്കാൻ ഈ വ്യാഖ്യാതാക്കൾ തയ്യാറാകണം. അതേ കാര്യങ്ങൾ കണ്ടെത്താൻ ഇനിയും നാം കോടിക്കണക്കിനു രൂപയും നിരവധി ശാസ്ത്രജ്ഞരുടെ അധ്വാനവും പാഴാക്കുന്നത് ഒഴിവാക്കാമല്ലോ. ബൈബിളിലും ഖുർആനിലും സകല വിജ്ഞാനവും ദർശിക്കുന്നവരും ഇതുതന്നെ ചെയ്യേണ്ടതാണ്.

സർവജ്ഞാനം മാത്രമല്ല സാങ്കേതികവിദ്യകളും ഋഷിമാരുടെ കാലത്ത് കേമമായിരുന്നുവെന്നും അണുബോംബും വിമാനവും മിസൈലുകളും വരെ (അതും reentry type) മുമ്പുണ്ടായിരുന്നു എന്നും പറയുന്ന വിദ്വാന്മാരും ഉണ്ട്. എന്നാൽ ആൽഗയുടേയും അമീബയുടേയും വരെ ഫോസിലുകൾ കുഴിച്ചെടുക്കാൻ കഴിഞ്ഞിട്ടും അത്തരം കാഠിന്യമുള്ള വസ്തുക്കളുടെ ഏതെങ്കിലും അംശം കണ്ടെടുക്കുന്നതിൽ പുരാവസ്തു ഗവേഷകർ പരാജയപ്പെട്ടിരിക്കുന്നു.

നമ്മുടെ അനുഭവം പറയുന്നത് ഒരു നൂറുകൊല്ലം മുമ്പുപോലും മനുഷ്യന്റെ ശാസ്ത്രവിജ്ഞാനവും സാങ്കേതിക വിദ്യകളും എത്രയോ പിന്നണിയിലായിരുന്നെന്നും മനുഷ്യൻ നാഗരികതയ്ക്കു തുടക്കം കുറിച്ചിട്ട് (ഇന്ത്യയിലെ സിന്ധു നദീതടസംസ്കാരങ്ങൾ ഉൾപ്പെടെ) പതിനായിരം വർഷത്തിൽ താഴെയേ ആയിട്ടുള്ളു എന്നുമാണ്. ഇതിനിടെ എപ്പോഴാണ് ഇവർ പറയുന്ന അത്ഭുതകരമായ ശാസ്ത്രസാങ്കേതിക വികാസങ്ങൾ ഉണ്ടായത്? ന്റുപ്പാപ്പാക്ക് ആനയുണ്ടെന്നു പറയുന്നതിൽ ഒരു സുഖമുണ്ടെങ്കിലും ഒരു പുതിയ ആനയെ വാങ്ങുന്നതിന് (ഇന്ത്യയിൽ ആധുനിക ശാസ്ത്രത്തിന്റെ വളർച്ചയ്ക്ക്) അതു വിഘാതം സൃഷ്ടിക്കുന്നു എന്ന അപകടമുണ്ട്.

ശാസ്ത്രവികാസത്തിന്റെ ചരിത്രം നോക്കിയാൽ കാണാൻ കഴിയുക, എപ്പോഴൊക്കെ മനുഷ്യസമൂഹങ്ങൾ യാഥാസ്ഥിതികത്വത്തിന്റെയും പൗരോഹിത്യത്തിന്റെയും ബന്ധനങ്ങൾ ഭേദിച്ചിട്ടു

ണ്ടോ അപ്പോഴൊക്കെ ശാസ്ത്രസാങ്കേതിക രംഗത്ത് കുതിച്ചുചാട്ട ങ്ങൾ സംഭവിച്ചിട്ടുണ്ട് എന്നാണ്. കടൽ താണ്ടിയുള്ള യാത്രകളി ലൂടെ പുതിയ സംസ്കാരങ്ങളുമായി ബന്ധപ്പെടാനിടയായ ഗ്രീസും ക്രീറ്റും, പള്ളിയുടെ സർവാധികാരത്തെ ചോദ്യം ചെയ്ത ഇറ്റലിയും വിപ്ലവാനന്തര ഫ്രാൻസും റഷ്യയും യാഥാസ്ഥിതികത്വത്തിന്റെ ഭാരം പേറേണ്ടിവന്നിട്ടില്ലാത്ത അമേരിക്കയും എല്ലാം ഇത്തരം കുതിപ്പുകൾ നടത്തിയ രാജ്യങ്ങളാണ്. ഇന്ത്യയിൽത്തന്നെ സ്വാത ന്ത്ര്യത്തിനുമുമ്പ് നവോത്ഥാനത്തിന്റെ സിരാകേന്ദ്രമായിരുന്ന ബങ്കാ ളിൽ ജെ.സി.ബോസും എസ്സ്.എൻ.ബോസും മേഘനാഥ് സാഹയും പി.സി.റായിയും മറ്റു നിരവധിപേരും ചേർന്നു സൃഷ്ടിച്ച ശാസ്ത്ര ത്തിലെ കുതിച്ചുചാട്ടം നാം കണ്ടതാണ്.

ചുരുക്കത്തിൽ യാഥാസ്ഥിതികത്വത്തിന്റെ ബന്ധനമറുക്കുന്ന ഒരു സാംസ്ക്കാരിക വിപ്ലവത്തിനു ശേഷമാണ് മിക്കപ്പോഴും ശാസ്ത്രവിപ്ലവങ്ങൾ നടക്കാറ്. അപ്പോൾ സമൂഹത്തിലെ വിദ്യാസ മ്പന്നർക്കും അധ്വാനിക്കുന്ന മനുഷ്യർക്കും ഇടയ്ക്കുള്ള മതിലുകൾ തകരുകയും അറിവ് അധ്വാനവുമായി നേരിട്ട് ബന്ധത്തിൽ വരികയും ചെയ്യുന്നു. സാംസ്ക്കാരിക വിപ്ലവങ്ങളെല്ലാം ഭാഗിക മായെങ്കിലും ജനാധിപത്യവിപ്ലവങ്ങൾ കൂടിയായിരുന്നു. മുൻപറ ഞ്ഞ നവോത്ഥാനഘട്ടങ്ങളിലെല്ലാം ഏറിയും കുറഞ്ഞും അതുകാ ണാം. ചിന്തിക്കുന്ന മനുഷ്യർക്കും അധ്വാനിക്കുന്ന മനുഷ്യർക്കും ഇടയിൽ മതിലുകൾ ഉയർന്നിടത്തെല്ലാം ശാസ്ത്രം വളർച്ചമുറ്റിയ അനുഭവങ്ങൾ ധാരാളമുണ്ട്. ഇന്ത്യതന്നെ നല്ല ഉദാഹരണമാണ്. സി ന്ധുനദീതട സംസ്ക്കാരകാലഘട്ടത്തിൽ ശാസ്ത്രവും സാങ്കേതിക വിദ്യകളും വളർച്ചപ്രാപിച്ചിരുന്നതിന് ധാരാളം തെളിവുകളുണ്ട്. ആ വളർച്ച പിന്നീടു തുടരാനായില്ല. ജാതിവ്യവസ്ഥ വേരുറച്ചതോ ടെ അധ്വാനം അധ:സ്ഥിതവിഭാഗങ്ങളുടെ മാത്രം ഭാരമായി. അവരാ കട്ടെ അക്ഷരഹീനരും വിജ്ഞാനത്തിൽനിന്ന് അകറ്റിനിർത്തപ്പെട്ട വരും ആയിരുന്നു. വിദ്യാസമ്പന്നരായ ഉന്നതജാതികൾക്കാകട്ടെ ഉത്പാദനവുമായി നേരിട്ട് ബന്ധമില്ലായിരുന്നു. അടിയാളരുടെ അധ്വാനം യഥേഷ്ടം കിട്ടിയിടത്തോളം കാലം അധ്വാനം ലഘൂകരിക്കാനുള്ള പുതിയ സാങ്കേതിക വിദ്യകളുടെ ആവശ്യം ഉണ്ടായില്ല. പുത്തൻ അറിവുകളേക്കാൾ പാണ്ഡിത്യം ആദരിക്ക പ്പെട്ടു. ഇന്നും ഈ പാണ്ഡിത്യ ഭ്രമം – പ്രമാണഗ്രന്ഥങ്ങൾ ഹൃദി സ്ഥമാക്കലും വ്യാഖ്യാനിക്കലും – ആണ് യാഥാസ്ഥിതികത്വത്തി

ന്റെ മുഖമുദ്ര. പുത്തൻ ആശയങ്ങളൊന്നും ബഹുമാനിക്കപ്പെടുന്നില്ല. ശാസ്ത്രത്തിൽ ഈ പണ്ഡിതർക്ക് ആകെ താല്പര്യം ജ്യോതിശ്ശാസ്ത്രത്തിലും ഗണിതത്തിലും ആൽക്കെമി, മൃത്യുവിനെ ജയിക്കുന്ന അമൃത് മുതലായവയുടെ കണ്ടെത്തലിലുമായിരുന്നു. എന്നാ സാങ്കേതിക രംഗം ഒപ്പം വികസിക്കാതിരുന്നതിനാൽ ഗണിതം പോലും ക്രമേണ മുരടിച്ചു പോവുകയും ജ്യോതിശ്ശാസ്ത്രം ജ്യോതിഷമെന്ന കപടശാസ്ത്രമായി മാറുകയും ചെയ്തു. അക്ഷരജ്ഞാനവും അധ്വാനവും ഒപ്പം സൂക്ഷിച്ച വാസ്തുശില്പികൾ, ലോഹപ്പണിക്കാർ, ആയുർവേദചികിൽസകർ തുടങ്ങിയ ഏതാനും വിഭാഗങ്ങൾക്കുമാത്രം തുടർന്നും ശാസ്ത്രനേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞു. പൗരോഹിത്യത്തിനെതിരെ ബുദ്ധ–ജൈന മതങ്ങൾക്ക് മുൻകൈ കിട്ടിയ കുറച്ചു കാലം ശാസ്ത്രം ഒരിക്കൽ കൂടി ഉയിർത്തെഴുന്നേറ്റു വെങ്കിലും ബ്രാഹ്മണാധിപത്യം തിരിച്ചുവന്നതോടെ അതും നിലച്ചു. ഇന്ത്യയിൽ ജാതിവ്യവസ്ഥയാണെങ്കിൽ, പ്രാചീന ഈജിപ്തിലും ഗ്രീസിലും റോമിലുമെല്ലാം അടിമവ്യവസ്ഥയുടെ വ്യാപനമാണ് ശാസ്ത്രവികാസത്തെ തകർത്തത്.

ഇന്ത്യയിലും പാക്കിസ്ഥാനിലും ഇറാനിലും അറേബ്യൻ നാടുകളിലുമെല്ലാം ഇന്ന് യാഥാസ്ഥിതികത്വത്തിന്റെ പിടിമുറുകി വരികയാണ്. മതപുരോഹിത വിഭാഗങ്ങളും ഫ്യൂഡൽ ശക്തികളും അധികാരമോഹികളായ രാഷ്ട്രീയ നേതൃത്വവുമെല്ലാം ഇവിടുത്തെ നിരക്ഷരരായ ജനതയെ ശാസ്ത്രബോധത്തിൽ നിന്നകറ്റി നിർത്തുന്നതിൽ തല്പരരാണ്. അവൻ ചോദ്യങ്ങൾ ചോദിക്കാൻ അനുവദിച്ചുകൂടാ എന്ന കാര്യത്തിൽ അവർ യോജിക്കുന്നു. ഒരിക്കൽ നാം കുഴിച്ചുമൂടി എന്നു കരുതിയ സകല അന്ധവിശ്വാസങ്ങളും ഇന്ന് ഇന്ത്യയിൽ ഹിന്ദുത്വത്തിന്റെ ആരാധകർ പുന:സ്ഥാപിക്കാൻ ശ്രമിക്കുകയാണ്. ജ്യോതിഷത്തിലും വിധിയിലും മന്ത്രം, ഹോമം, യാഗം, സതി തുടങ്ങിയ അനാചാരങ്ങളിലുമുള്ള വിശ്വാസം, വേദങ്ങളുടെയും പുരാണങ്ങളുടെയും അപ്രമാദിത്വം ഇവയെല്ലാം പുന:സ്ഥാപിക്കാനുള്ള ശ്രമത്തിലാണവർ. ഭരണം കയ്യാളുന്നവരും ഇതിനെ ചെറുക്കുന്നതിൽ തൽപരരല്ല എന്നതിനു തെളിവാണ് പനാജിയിൽ അടുത്തിടെ നടന്ന ഇന്ത്യൻ ശാസ്ത്രകോൺഗ്രസ്. ഇന്ത്യയിലെ ഉന്നതശാസ്ത്രകാരന്മാരുടെ ആ വേദിയിൽവച്ച് ഇന്ത്യൻ ഗൂഢാചാര സംഘടനയുടെ (Indian Occult Foundation) പ്രസിഡണ്ടും 'ഭാരത്–നിർമാൺ' എന്ന സംഘടനയുടെ കൺവീന

റുമായ ശ്രീ. എം.സി.ഭണ്ഡാരിയെ 'ജ്യോതിഷത്തിന്റെ ശാസ്ത്രീയാടിത്തറയും മനുഷ്യജീവിതത്തിൽ ഗ്രഹങ്ങളുടെ സ്വാധീനവും' എന്ന പ്രബന്ധം അവതരിപ്പിക്കാൻ ക്ഷണിക്കുകയും ജ്യോതിഷത്തിനുള്ള 'രാജ്ക്രിസ്റ്റോ ദത്ത് സ്മാരക അവാർഡ്' നൽകി ആദരിക്കുകയും ചെയ്തു. സി.എൻ.ആർ.റാവു, എം.ജി.കെ.മേനോൻ തുടങ്ങിയ ഏതാനും പ്രഗത്ഭർ പ്രതിഷേധിച്ചെങ്കിലും ഭൂരിപക്ഷംശാസ്ത്രജ്ഞരും നിസ്സംഗതയോടെയോ അഭിനന്ദനത്തോടെയോ അതു നോക്കിയിരിക്കുകയാണുണ്ടായത്.

ഒരു ജനതയാകെ അന്ധവിശ്വാസങ്ങൾക്കടിപ്പെട്ടു കഴിയുമ്പോൾ അതിൽനിന്ന് വളർന്നുവരുന്ന ശാസ്ത്രജ്ഞന്മാർക്കു പോലും ശാസ്ത്രബോധം നഷ്ടമായിരിക്കും. അന്ധവിശ്വാസങ്ങൾ അവർക്ക് കൂടപ്പിറപ്പായി കിട്ടുന്നു. നവഗ്രഹയോഗം നടന്നപ്പോൾ ഭീതിയോടെ പ്രതികരിച്ച ശാസ്ത്രജ്ഞരും യാഗത്തിന്റെ ഗുണഫലങ്ങളെകുറിച്ച് പ്രസംഗിക്കുന്ന ശാസ്ത്രജ്ഞരും മഴപെയ്യിക്കാനുള്ള യജ്ഞങ്ങൾക്ക് സഹായധനം നൽകുന്ന ശാസ്ത്രസ്ഥാപനങ്ങളും നമ്മുടെ നാട്ടിലുണ്ട്. കാൺപൂർ IIT-യിലെ ഒരു ശാസ്ത്രജ്ഞൻ അയോധ്യയിലെ കർസേവയിൽ പങ്കെടുത്ത് ഒരു കല്ലിൻ കഷണവുമായി അഭിമാനപുരസ്സരം തിരിച്ചുവന്ന സംഭവം നമ്മെ നാണിപ്പിക്കാൻ പോന്നതാണ്.

ശാസ്ത്രത്തിനും മതമൗലികവാദത്തിനും ഒരിക്കലും ഒന്നിച്ചു നിലനിൽക്കാനാവില്ല. ഒന്നുവളരുമ്പോൾ മറ്റേത് തകരും. ധീരമായ ചിന്തയും, മുൻവിധിയില്ലാതെ ചെയ്യുന്ന പരീക്ഷണങ്ങളും ബുദ്ധിയുടെ സ്വാതന്ത്ര്യവുമാണ് ശാസ്ത്രവികാസത്തിനാവശ്യം. സൗദി അറേബ്യയിൽ കൃത്രിമജീവൻ സൃഷ്ടിക്കാനുള്ള പരീക്ഷണമോ ഇറാനിൽ പരിണാമ വാദത്തിനു തെളിവുകണ്ടെത്താനുള്ള ഒരു പരീക്ഷണമോ നടത്തുന്നതിനെക്കുറിച്ച് ഒന്നാലോചിച്ചുനോക്കു. 'രണ്ടും തെറ്റാണല്ലോ സ്വയം പരാജയപ്പെട്ടുകൊള്ളും'. എന്ന് കരുതി അടങ്ങിയിരിക്കാൻ അവിടങ്ങളിലെ 'ഉറച്ച വിശ്വാസികൾക്കു' ധൈര്യമുണ്ടാവില്ല. അവർ ആ ശാസ്ത്രജ്ഞർക്കെതിരെ യുദ്ധപ്രഖ്യാപനം നടത്തും. ഇന്ത്യയിൽ ഹിന്ദുത്വം ചരിത്രഗവേഷണങ്ങളോട് എടുക്കുന്ന സമീപനവും അതിൽനിന്ന് വ്യത്യസ്തമല്ല. ബി.ജെ.പി. ഭരിച്ച നാലു സംസ്ഥാനങ്ങളിൽ സ്കൂൾ ചരിത്രസിലബസ്സ് മാറ്റിയെഴുതിയ കാര്യം നമുക്കറിയാം. എന്നാൽ അതോടൊപ്പം ഗണിത പഠനത്തിൽ ഉൾപ്പെടുത്തിയ 'വേദിക് ഗണിതം' എന്ന ഇനം

ഏറെ ചർച്ചചെയ്യപ്പെട്ടിട്ടില്ല. എന്താണീ വേദിക് ഗണിതം? 1960-ൽ അന്തരിച്ച പുരി ശങ്കരാചാര്യർ ജഗദ്ഗുരു സ്വാമി ശ്രീ ഭാരതീ കൃഷ്ണ തീർഥാജി മഹാരാജ് അതേ പേരിൽ എഴുതിയ ഒരു കൃതിയാണിതി നടിസ്ഥാനം. അതിന്റെ ആമുഖത്തിൽ അദ്ദേഹം പറയുന്നു: "നമ്മുടെ പ്രാചീന ഇന്ത്യൻ വേദപാരമ്പര്യം എല്ലാവിധത്തിലും പരി പൂർണവും ഒരു ജ്ഞാനാന്വേഷിക്കു ആഗ്രഹിക്കുന്ന ഏതുകാര്യ ത്തിലും വെളിച്ചം വീശാൻ പര്യാപ്തവുമാണ്." തുടർന്ന്, പാശ്ചാത്യ ഗണിതശാസ്ത്രജ്ഞർ പണിപ്പെട്ട് പരിഹാരം കണ്ടെത്തിയ ഗണിത പ്രശ്നങ്ങൾ എത്ര ലളിതമായി അഥർവവേദത്തിന്റെ അനുബന്ധ മായി കൊടുത്തിട്ടുള്ള ഏതാനും വേദസൂക്തങ്ങളിൽ ഉൾക്കൊള്ളി ച്ചിരിക്കുന്നു എന്ന് അദ്ദേഹം പ്രസ്താവിക്കുന്നു. ഇതെല്ലാം കഴിഞ്ഞ് പുസ്തകം തുറന്നാൽ കാണുന്നതാകട്ടെ സ്കൂൾ നിലവാരത്തി നപ്പുറം കടന്നിട്ടില്ലാത്ത, അരിത്മറ്റിക്സിലെ ചതുഷ്ക്രിയകളും അല്പം ജ്യാമിതിയും എളുപ്പമാക്കാൻ പോന്ന ഏതാനും സൂത്രവാ ക്യങ്ങൾ മാത്രം. അതൊന്നുംതന്നെ അഥർവവേദത്തിന്റെ അറിയപ്പെ ടുന്ന പതിപ്പുകളിലൊന്നും കണ്ടെത്താൻ കഴിഞ്ഞിട്ടുമില്ല. എന്നിട്ടും 1988 മാർച്ചിൽ രാഷ്ട്രീയ വേദ വിദ്യാപ്രതിഷ്ഠാനും നിരവധി ഗവ. സ്ഥാപനങ്ങളും സർവകലാശാലകളും ചേർന്നു ജയ്പൂരിൽ സംഘ ടിപ്പിച്ച 'വേദിക്ഗണിതത്തെ സംബന്ധിച്ച ദേശീയ വർക്ഷോപ്പിൽ' സ്വാമിയുടെ പുസ്തകമായിരുന്നു പ്രധാന ചർച്ചാവിഷയം. വേദിക് ഗണിതം ഉപയോഗിച്ചാൽ കംപ്യൂട്ടർ അൽഗോരിതം എങ്ങനെ ലളിതമാക്കാം എന്ന് ഒരു കൂട്ടർ അവിടെ വിവരിച്ചപ്പോൾ മറ്റൊരു കൂട്ടർ അതുപയോഗിച്ചാൽ കംപ്യൂട്ടർ തന്നെ എങ്ങനെ അനാവശ്യ മായിത്തീരും എന്നാണ് സ്ഥാപിക്കാൻ ശ്രമിച്ചത്. ചിരിച്ചുതള്ളാൻ തോന്നുമെങ്കിലും അപകടം പിടിച്ച , ശാസ്ത്രവിരുദ്ധമായ ഒരു സമീ പനമാണ് നാം ഇവിടെ കാണുന്നത്. ഇവർ ഇന്ത്യൻ ശാസ്ത്രപൈ തൃകത്തിന്റെ നല്ല വശങ്ങളെക്കൂടി പരിഹാസ്യമാക്കുകയാണ്. (വേദിക്ഗണിതത്തിന്റെ അവകാശവാദങ്ങളെ ഖണ്ഡിക്കുന്ന പ്രബ ന്ധങ്ങളും പ്രസ്തുത സെമിനാറിൽ ഉണ്ടായി എന്ന കാര്യം മറക്കു ന്നില്ല.)

ശാസ്ത്രത്തിനു നേരെയുള്ള ആക്രമണം ഇന്ത്യയിൽ മാത്രം നടക്കുന്ന പ്രതിഭാസമല്ല. ശാസ്ത്ര സാങ്കേതികവിദ്യകളിൽ മുൻപ ന്തിയിൽ നിൽക്കുന്ന പാശ്ചാത്യരാജ്യങ്ങളിലും അത് അടുത്ത കാലത്ത് വർധിച്ചിട്ടുണ്ട്. പണ്ടത്തെപ്പോലെ നേരിട്ട് ആക്രമിക്കുന്ന

തിനു പകരം ഇപ്പോൾ ആക്രമണം ശാസ്ത്രത്തിന്റെ തന്നെ മുഖം മൂടിയണിഞ്ഞുകൊണ്ടാണെന്നുമാത്രം. ബൈബിളിലെ സൃഷ്ടി കഥയ്ക്ക് ശാസ്ത്രഭാഷ്യം ചമയ്ക്കുന്ന 'സൃഷ്ടിശാസ്ത്ര'മാണ് അതിൽ പ്രമുഖം. പരിണാമവാദത്തെ നേരിടുകയാണ് ഉദ്ദേശം. അതുപോലെ സോദോം നഗരം നശിപ്പിച്ച ദൈവകോപത്തിനും നോഹയുടെ പെട്ടകത്തിനും പ്രളയത്തിനുമെല്ലാം 'ശാസ്ത്രീയ' തെളിവുകൾ ഹാജരാക്കാനുള്ള ശ്രമവും നടക്കുന്നുണ്ട്. ഇതൊക്കെ യാണെങ്കിലും പാശ്ചാത്യരാജ്യങ്ങളിൽ ഗലീലിയോയുടെ കാലം മുതൽ നടക്കുന്ന നിരന്തര ബോധവൽക്കരണത്തിന്റെ ഫലമായി ശാസ്ത്രം ജനങ്ങൾക്കിടയിൽ കൂടുതൽ വേരുറച്ചുകഴിഞ്ഞിട്ടുള്ളതു കൊണ്ട് ഭീഷണി അത്ര ഗുരുതരമല്ല. എന്നാൽ ഇന്ത്യ, പാക്കിസ്ഥാൻ, മറ്റ് ഇസ്ലാമിക രാഷ്ട്രങ്ങൾ, ആഫ്രിക്ക മുതലായ ഇടങ്ങളിലെ സ്ഥിതി അതല്ല. വേദിക് ശാസ്ത്രവും ഇസ്ലാമിക ശാസ്ത്രവും മന്ത്രവാദവിശ്വാസവും മറ്റനാചാരങ്ങളും എല്ലാം അവിടങ്ങളിൽ ജനങ്ങളെ പ്രാകൃതാവസ്ഥയിൽ തളച്ചിടാൻ ശ്രമിക്കുകയാണ്. അവിടങ്ങളിലെ അഭ്യസ്തവിദ്യരായ മധ്യവർഗ വിഭാഗങ്ങളിൽപോലും ശാസ്ത്ര നേട്ടങ്ങളെ സ്വീകരിക്കുകയും ശാസ്ത്രരീതിയെ തിരസ്കരിക്കുകയും ചെയ്യുന്ന പ്രവണതയാണുള്ളത്. ഇന്ത്യയിൽ ചിലർ ഓംകാരത്തിൽ മഹാസ്ഫോടനസിദ്ധാന്തം ദർശിക്കുമ്പോൾ പാക്കിസ്ഥാൻ അണുശക്തിക്കമ്മീഷനിലെ ഒരു മുതിർന്ന ശാസ്ത്രജ്ഞൻ തന്നെ ഖുർ-ആനിൽ പറയുന്ന ജിന്നുകളുടെ അനന്തമായ ഊർജ്ജത്തെ എങ്ങനെ ഇന്ധനമാക്കി ഉപയോഗിക്കാം എന്ന് സിദ്ധാന്തിക്കുന്നു. പാക്കിസ്ഥാനിലെ ശാസ്ത്രഗവേഷണ സ്ഥാപനങ്ങളെല്ലാം നിയന്ത്രിക്കുന്നത് മതമൗലികവാദികളാണ്. പാക് ഭൗതിക ശാസ്ത്രജ്ഞനായ പെർവേസ് ഹൂഡ്ഭോയ് വെളിവാക്കുന്ന വസ്തുതകൾ അന്ധാളിപ്പിക്കുന്നതാണ് (Islam, Politics and State - Asgher Khan (ed)-Zed Books London). കാ- ഇദി- അസം സർവകലാശാലയിലെ പ്രശസ്തമായ ഭൗതികശാസ്ത്രവിഭാഗത്തിന്റെ സ്ഥാപകനുൾപ്പെടെ നിരവധി ശാസ്ത്രജ്ഞർക്ക് (മുഖ്യമായും സൈദ്ധാന്തിക ഭൗതികത്തിൽ ഗവേഷണം നടത്തുന്നവരാണവർ) '80 കളോടെ ജോലി നഷ്ടപ്പെട്ടു. ഗണിത ശാസ്ത്രത്തിലും വമ്പിച്ച തകർച്ചയുണ്ടായി. എല്ലാ വിജ്ഞാനവും ഖുർ-ആനിൽ അടങ്ങിയിട്ടുണ്ടെന്ന് അവകാശപ്പെടുന്ന ഇസ്ലാമിക ശാസ്ത്ര വക്താക്കൾ വിദ്യാഭ്യാസ-ഗവേഷണസ്ഥാപനങ്ങളിലെല്ലാം ആധിപത്യം നേടിക്കഴിഞ്ഞു.

ഇത്തരം അശാസ്ത്രീയ സമീപനങ്ങൾ എപ്രകാരം ആ രാജ്യത്തിന്റെ ശാസ്ത്രസാങ്കേതിക രംഗത്തെ സ്വതന്ത്രവികാസത്തെ തകർത്തു എന്നും പരാശ്രയത്വത്തിലേക്ക്, പ്രത്യേകിച്ച് അമേരിക്കൻ ആശ്രിതത്വത്തിലേക്ക് നയിച്ചുവെന്നും തുടർന്ന് അദ്ദേഹം വിവരിക്കുന്നു. ഹുഡ്ഭോയിയയുടെ വാക്കുകൾ ഇന്ത്യയ്ക്കുകൂടി പാഠമാകേണ്ടതാണ്. ആശയതലത്തിലെ സംഘട്ടനങ്ങളും വ്യത്യസ്ത നിലപാടുകളോടുള്ള സഹിഷ്ണുതയും ഇല്ലെങ്കിൽ ശാസ്ത്രത്തിനു വളരാനാവില്ല. ഗവൺമെന്റോ സമുദായനേതൃത്വങ്ങളോ അത്തരം തർക്കങ്ങളിൽ പക്ഷം പിടിക്കുകയോ, വിദ്യാഭ്യാസരംഗത്ത് പിടിമുറുക്കിക്കൊണ്ട് കുഞ്ഞുങ്ങളെ മസ്തിഷ്ക പ്രക്ഷാളനത്തിനു വിധേയമാക്കുകയോ ചെയ്താൽ ശാസ്ത്രം മുരടിക്കും. മതാധിഷ്ഠിത ഫാസിസ്റ്റ് രാജ്യങ്ങളിലാകട്ടെ ഇത്തരം ഇടപെടലുകൾ ഒഴിവാക്കാനാവുകയുമില്ല.

ബഹുരാഷ്ട്രകുത്തകകൾ ഇന്ത്യൻ സമ്പദ്ഘടന കയ്യടക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്ന ഈ ഘട്ടത്തിൽ മുൻപറഞ്ഞ അപകടത്തെ നാം ഗൗരവമായി കാണണം. ഇന്ത്യയിൽ ശാസ്ത്രവും സാങ്കേതിക വിദ്യകളും സ്വതന്ത്രമായി വികസിക്കുന്നത് അവർ ഇഷ്ടപ്പെടുന്നില്ലെങ്കിലും ഇന്ത്യൻ ശാസ്ത്രജ്ഞരെ സ്വീകരിക്കുന്ന കാര്യത്തിൽ അവർ തല്പരരാണ്. ഹിറ്റ്ലറുടെയും മുസ്സോളിനിയുടെയും പീഡനം ഭയന്ന് ഓടിപ്പോയ ജർമനിയിലേയും ഇറ്റലിയിലേയും ശാസ്ത്രജ്ഞരാണ് അമേരിക്കയെ ഇന്നത്തെ സ്ഥിതിയിലെത്തിച്ചത്. നാളെ ഇന്ത്യയിൽ നിന്നും ഇത്തരം ഒരൊഴുക്കുണ്ടായാൽ അവർക്കതിൽ സന്തോഷമേ ഉണ്ടാകൂ. ശാസ്ത്രസാങ്കേതിക രംഗത്തെ അവരുടെ കുത്തകയ്ക്കെതിരെ ഇന്ത്യയും ചൈനയും ഉയർത്തുന്ന വെല്ലുവിളി വളരെവലുതാണ്. പുരോഗമന സ്വഭാവമുള്ള ഒരു പേറ്റന്റ് നിയമത്തിന്റെ പിൻബലത്തോടെ ഇന്ത്യൻ ഔഷധ ഗവേഷണം വമ്പിച്ച മുന്നേറ്റം നടത്തുകയും പാശ്ചാത്യ മേധാവിത്വത്തെ വെല്ലുവിളിക്കുകയും ചെയ്തുകൊണ്ടിരിക്കുകയാണ്. പേറ്റന്റ് നിയമം മാറ്റാനായി സ്പെഷൽ 301 ഉൾപ്പെടെയുള്ള സമ്മർദങ്ങൾ അമേരിക്ക ഇന്ത്യയ്ക്കുമേൽ പ്രയോഗിക്കുന്നു. ബഹിരാകാശ ഗവേഷണമാണ് അവർ കാണുന്ന മറ്റൊരു ഭീഷണി. ഇപ്പോൾത്തന്നെ കാലാവസ്ഥാനിരീക്ഷണ ഉപഗ്രഹങ്ങളും വിദൂര സംവേദക ഉപഗ്രഹങ്ങളും വിക്ഷേപിക്കാനുള്ള റോക്കറ്റുകൾ വികസിപ്പിച്ചെടുക്കുകയും മികച്ച വാർത്താവിനിമയ ഉപഗ്രഹങ്ങൾ നിർമിക്കുകയും ചെയ്യുന്നതിൽ ഇന്ത്യ

വിജയിച്ചുകഴിഞ്ഞിട്ടുണ്ട്. എന്നാൽ 2 ടണ്ണിലേറെ തൂക്കം വരുന്ന വാർത്താവിനിമയ ഉപഗ്രഹങ്ങളെ 36000 കി.മീ. ഉയരത്തിലുള്ള ഭൂസ്ഥിര പഥങ്ങളിൽ എത്തിക്കാനുള്ള ശക്തി നമ്മുടെ റോക്കറ്റുകൾക്കില്ല. അതിനുശേഷിയുള്ള ക്രയോജനിക് എഞ്ചിനുകളുടെ സാങ്കേതികവിദ്യ റഷ്യയിലെ ഗ്ലാവ് കോസ്മോസ് എന്ന സ്ഥാപനത്തിൽനിന്ന് വാങ്ങാനുള്ള നമ്മുടെ ശ്രമങ്ങളെ തുരങ്കംവെയ്ക്കാൻ അമേരിക്ക നടത്തിയ ശ്രമങ്ങൾ എല്ലാ വർക്കും അറിവുള്ളതാണല്ലോ. ഇന്ത്യ ഈ കഴിവ് ആർജിച്ചുകഴിഞ്ഞാൽ അമേരിക്ക ആവശ്യപ്പെടുന്നതിന്റെ പകുതിയിൽ കുറച്ചു മാത്രം പ്രതിഫലത്തിന് ആർക്കുവേണ്ടിയും ഉപഗ്രഹവിക്ഷേപണം നടത്താൻ നമുക്കു കഴിയും. (നമ്മുടെ ശാസ്ത്ര ജ്ഞരുടെയും മറ്റും ശമ്പളം അമേരിക്കയിലേതുമായി നോക്കുമ്പോൾ വളരെകുറവായതാണ് കാരണം). അണുശക്തിയിലും കാർഷികഗവേഷണത്തിലും ബയോടെക്നോളജിയുലും കംപ്യൂട്ടർ രംഗത്തുമെല്ലാം ഇതുപോലെ വൻശക്തികളെ വെല്ലുവിളിക്കാൻ ഇന്ത്യയ്ക്കാവും. ബൗദ്ധിക സ്വത്തവകാശം എന്നതിൽ ഉയർത്തിയും നമ്മുടെ ജീൻ സമ്പത്തു മുഴുവൻ കൈക്കലാക്കിയും ശാസ്ത്രജ്ഞരെ വിലയ്ക്കെടുത്തും അതുതടയാനുള്ള ശ്രമത്തിലാണവർ. കംപ്യൂട്ടർ സോഫ്റ്റ്വേർ രംഗത്ത് ഇന്ത്യ ഇന്ന് എണ്ണപ്പെടുന്ന ശക്തിയാണ്. എന്നാൽ അത്തരം ഗവേഷണ സ്ഥാപനങ്ങളിൽ നല്ലൊരു പങ്ക് വിദേശ ഉടമസ്ഥതയിലുള്ളവയാണ്. ഗവേഷണഫലങ്ങൾ ഉപഗ്രഹം മുഖേന അപ്പപ്പോൾ കടത്തിക്കൊണ്ടുപോവുകയാണ്. നമ്മുടെ ശാസ്ത്രജ്ഞരുടെ ഗവേഷണ ഫലങ്ങൾ ഒടുവിൽ നാം വിദേശത്തുനിന്നു വിലകൊടുത്തു വാങ്ങേണ്ട അവസ്ഥയാണിന്നുള്ളത്.

ശാസ്ത്രസാങ്കേതിക രംഗത്തെ കുത്തകവൽക്കരണം ഇന്ന് ശാസ്ത്രലോകം നേരിടുന്ന ഏറ്റവും വലിയ വെല്ലു വിളിയാണ്. ലാഭക്കൊതിയാണിന്ന് അതിനെ നയിക്കുന്നത്. സർവകലാശാലകളിലും സ്വതന്ത്ര ഗവേഷണ സ്ഥാപനങ്ങളിലും ശാസ്ത്രജ്ഞർ തങ്ങൾക്കിഷ്ടംപോലെ ഗവേഷണം നടത്തിയിരുന്ന കാലം പോയ്ക്കഴിഞ്ഞിരിക്കുന്നു. ഇന്ന് ഗവേഷണം ഏറെയും നടക്കുന്നത് ബഹുരാഷ്ട്രകുത്തകകളുടെ ലാബറട്ടറികളിലാണ്. എന്തു ഗവേഷണം നടത്തണമെന്ന് തീരുമാനിക്കുന്നത് അവരാണ്. സർവകലാശാലകളിൽ ഇന്നു നടക്കുന്ന ഗവേഷണം പോലും അവരുടെ പ്രോജക്റ്റുകൾ അനുസരിച്ചാണ്. ശാസ്ത്രജ്ഞൻ വലിയ പ്രതിഫലം പറ്റുന്ന ഒരു

കൂലിപ്പണിക്കാരനായി മാറിയിരിക്കുന്നു. അയാളുടെ കണ്ടുപിടുത്തത്തിൽ അയാൾക്ക് അവകാശം പോലും ഉണ്ടാവില്ല. എന്നല്ല, അയാൾ ചെയ്യുന്ന ഗവേഷണം എന്തിനാണെന്നു പോലും അയാൾ അറിയണമെന്നില്ല, കാരണം വലിയ ഒരു പ്രോജക്ടിന്റെ ചെറിയ ഒരു ഭാഗമായിരിക്കും അയാൾ ചെയ്യുന്നത്. ഉദാ: സ്റ്റാർവാർ പ്രോഗ്രാമിൽ ഗവേഷണം നടത്തുന്ന ഒരു ശാസ്ത്രജ്ഞൻ. വലിയൊരു ഭാഗം ഗവേഷണങ്ങളും യുദ്ധവ്യവസായങ്ങൾക്കുവേണ്ടിയാണ് നിർവഹിക്കപ്പെടുന്നത്. അതിന്റെ ധാർമികതയെക്കുറിച്ച് ചിന്തിക്കാൻ തയ്യാറായാൽ ശാസ്ത്രജ്ഞന് ജോലി നഷ്ടപ്പെടുക മാത്രമാവും ഫലം.

ഏതാണ്ടിതേ വഴിക്കാണ് ഇന്ന് ഇന്ത്യയും നീങ്ങുന്നത്. ഗവേഷണ രംഗത്തെ ഗവ.മുതൽ മുടക്ക് ക്രമേണ കുറച്ചു കൊണ്ടുവരികയാണ്. കഴിഞ്ഞ വർഷം അത് ബജറ്റ് തുകയുടെ 0.8% മാത്രമായിരുന്നു. (സമ്പന്നരാജ്യങ്ങൾ അവരുടെ ദേശീയവരുമാനത്തിന്റെ 4% ഇതിനായി ചെലവഴിക്കുന്നുണ്ട്.) ഈ തുക കഷ്ടിച്ച് ശാസ്ത്രജ്ഞരുടെയും മറ്റ് ഉദ്യോഗ സ്ഥരുടെയും ശമ്പളത്തിനേ മതിയാകൂ. ഗവേഷണോപകരണങ്ങളും ശാസ്ത്രപ്രസിദ്ധീകരണങ്ങളും വാങ്ങാൻ അതു മതിയാകില്ല. അതിന് സ്വകാര്യമേഖലയെ ആശ്രയിക്കാനാണ് നിർദേശം. സ്വകാര്യമേഖലയ്ക്ക് എല്ലാ ഗവേഷണങ്ങളിലും താല്പര്യമുണ്ടാവില്ല. പ്രത്യേകിച്ചും അടിസ്ഥാന ഗവേഷണപഠനങ്ങളിലും, നിർധനരെ ബാധിക്കുന്ന പകർച്ചവ്യാധികൾ, ശുദ്ധജല ലഭ്യത, ഗ്രാമീണ ഇന്ധന ലഭ്യത തുടങ്ങിയ പ്രശ്നങ്ങളിലും. ഉടൻ ലാഭം കിട്ടുന്ന ഗവേഷണങ്ങളിലേ അവർക്കു താല്പര്യമുണ്ടാകൂ. ഈ വർഷം ബജറ്റ് തുക 4800 കോടി രൂപയായി വർധിപ്പിച്ചിട്ടുണ്ടെങ്കിലും (കഴിഞ്ഞ വർഷത്തേക്കാൾ 24% വർധന) അതിൽ വലിയൊരു പങ്ക് സ്വകാര്യമേഖലയിൽനിന്ന് സ്വരൂപിക്കേണ്ടിയിരിക്കുന്നു. മാത്രമല്ല, അതിൽ 965 കോടി രൂപ അണുശക്തി ഗവേഷണത്തിനും, 960 കോടി പ്രതിരോധ ഗവേഷണത്തിനും 718 കോടി ബഹിരാകാശ-റോക്കറ്റ് ഗവേഷണങ്ങൾക്കും നീക്കിവച്ചുകഴിഞ്ഞാൽ കൃഷി, ആരോഗ്യം, ഊർജം എന്നിവയ്ക്കു കാര്യമായൊന്നും അവശേഷിക്കുന്നില്ല. ഇലക്ട്രോണിക്സ് കമ്പ്യൂട്ടർ, ബയോടെക്നോളജി തുടങ്ങിയ മേഖലകൾക്കും പുതിയ പാതകൾ വെട്ടിത്തുറക്കാൻ പോന്ന മറ്റ് അടിസ്ഥാന ഗവേഷണങ്ങൾക്കും വലിയ പ്രാധാന്യമൊന്നും നൽകുന്നുമില്ല. ഇതു ദീർഘ കാലാടിസ്ഥാനത്തിൽ ദോഷം ചെയ്യും. വിദേശ സാങ്കേതികവിദ്യകൾ യഥേഷ്ടം വിലയ്ക്കു

വാങ്ങാം എന്ന ഗവ.നയംകൂടി വന്നതോടെ സ്വകാര്യമേഖലയ്ക്ക് ഗവേഷണത്തിൽ താല്പര്യം നഷ്ടപ്പെട്ടിരിക്കുന്നു. നാം വിലയ്ക്കു വാങ്ങുന്ന സാങ്കേതിക വിദ്യകളാകട്ടെ പാശ്ചാത്യരാജ്യങ്ങളിൽ പഴഞ്ചനായവയാണെന്ന കാര്യം വേറെ.

ചുരുക്കത്തിൽ ഇന്ത്യൻ ശാസ്ത്രരംഗം ആഭ്യന്തരമായി ഇരുട്ടിന്റെ ശക്തികളുടെയും ഗവൺമെന്റിന്റെ താല്പര്യക്കുറവിന്റെയും ഭീഷണി നേരിടുമ്പോൾത്തന്നെ വിദേശസമ്മർദങ്ങളേയും അഭിമുഖീകരിക്കേണ്ടിവരുന്നു. ജനങ്ങളുടെ ബോധവൽക്കരണത്തിലൂടെയും ജനങ്ങൾക്കും ശാസ്ത്രജ്ഞർക്കും ശാസ്ത്രപ്രചാരകർക്കും ഇടയിൽ വളർന്നുവരുന്ന ഐക്യത്തിലൂടെയും മാത്രമെ അതിനെ പ്രതിരോധിക്കാനാവൂ.

## അധികവായനയ്ക്ക്


1. Science in History - J.D.Bernal.
2. A History of technology and Inventions - Maurice Dauman (Ed) The Tulsi Shah Enterprises - Bombay.
3. The Impact of Science on Society - Bertrand Russel.
4. ശാസ്ത്രചരിത്ര – ശാസ്ത്രസാഹിത്യ പരിഷത്ത്
5. Science and Secularism - T.Jayaraman. Tamil Nadu Science Forum.
6. The evolution of Physics - Einstein and Leopold Infeld.


* * * *

# ചരിത്രബോധവും സമകാലീന ഇന്ത്യയും

## 1. ചരിത്രം എന്നാൽ എന്ത്?

പോയ കാലങ്ങളെപ്പറ്റി നമുക്കെല്ലാവർക്കും ചില ധാരണകളുണ്ട്. നമ്മുടെ സമൂഹത്തിന്റെ വളർച്ചയെപ്പറ്റി ചില ആശയങ്ങളുണ്ട്. ഇന്നത്തെ നമ്മുടെ ജീവിത സാഹചര്യങ്ങളാണ്, നാം നേരിട്ടുകൊണ്ടിരിക്കുന്ന പ്രശ്നങ്ങളാണ്, ഈ ആശയങ്ങളെ രൂപപ്പെടുത്തുന്നതിൽ നിർണായക പങ്കുവഹിക്കുന്നത്. ഇന്നു നമുക്കു ചുറ്റുമുള്ള സമൂഹ യാഥാർത്ഥ്യങ്ങളുടെ സവിശേഷതകൾ വിശദീകരിക്കുന്നതിനും അവയുടെ ഉറവിടങ്ങൾ കണ്ടെത്തുന്നതിനും നാം ഭൂതകാലത്തെ ആശ്രയിക്കുന്നു. പോയ കാലങ്ങളെയും ഇന്നത്തെ കാലത്തെയും തമ്മിൽ കൂട്ടിയിണക്കുന്ന കണ്ണിയാണ് ചരിത്രം. ഇന്നത്തെ പ്രശ്നങ്ങൾക്കും അവയുടെ പരിഹാരങ്ങൾക്കും പോയ കാലങ്ങളിലെ സവിശേഷതകൾ ഉപയോഗപ്പെടുത്തുന്നത് ചരിത്ര പഠനത്തിലൂടെയാണ്. ഭൂതകാലത്തിന്റെ ശാസ്ത്രമാണ് ചരിത്രം.

ചരിത്രത്തെപ്പറ്റി ധാരാളം തെറ്റിദ്ധാരണകൾ നമ്മുടെയിടയിലുണ്ട്. പണ്ടു നടന്ന കാര്യങ്ങളുടെ കാലാനുക്രമമായ വിശദീകരണമാണ് ചരിത്രം എന്നാണ് ഒരു ധാരണ. കഴിഞ്ഞുപോയ കാര്യങ്ങൾ മാറുന്നില്ലല്ലോ. അതുകൊണ്ട് ഒരു പ്രാവശ്യം പഠിച്ച ചരിത്രം മാറ്റി വായിക്കണ്ടല്ലോ എന്നുപറയാറുണ്ട്. ചരിത്ര സംഭവങ്ങൾ മാറുകയില്ലായിരിക്കും. പക്ഷേ, അവയെക്കുറിച്ചുള്ള പഠനങ്ങൾ വൻതോതിൽ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. സംഭവങ്ങൾ കാലാനുക്രമമായി തിരിച്ച് പട്ടികകൾ ഉണ്ടാക്കുകമാത്രമല്ല ഇന്ന് ചരിത്രകാരന്മാർ ചെയ്യുന്നത്. അവയുടെ കാരണങ്ങളും അവ സൃഷ്ടിച്ച സമൂഹവ്യവസ്ഥകളുടെ സ്വഭാവവും ആഴത്തിൽ പഠിക്കാൻ ഇന്നവർ ശ്രമിക്കുന്നു. ഇതിന്റെ ഫലമായി ചരിത്ര സംഭവങ്ങളെക്കുറിച്ചുള്ള അടിസ്ഥാന കാഴ്ചപ്പാടുകളിലും സംഭവങ്ങളുടെ വിശദീകരണങ്ങളിൽ പോലും മാറ്റങ്ങൾ വരുന്നുണ്ട്. കൂടാതെ, ചരിത്രപഠനത്തിനാവശ്യമായ സാമഗ്രികളും വൻതോതിൽ വളർന്നുവരിക

യാണ്. അതിപ്രാചീനകാലത്തെ ജനജീവിതത്തെക്കുറിച്ചുപോലും ധാരാളം ലക്ഷ്യങ്ങൾ ഇന്നു കിട്ടാനുണ്ട്. അവയുടെ ശാസ്ത്രീയമായ പഠനമാണ് ഇന്ന് ചരിത്രനിർമ്മാണത്തിലേക്കു നയിക്കുന്നത്.

## 2. ചരിത്രത്തോടുള്ള ശാസ്ത്രീയ സമീപനം

ഭൂതകാലത്തെക്കുറിച്ചു ധാരണകളുള്ള ഏകജീവി മനുഷ്യനാണ്. എന്തുകൊണ്ടാണത്? സ്വന്തം ജീവിതാവശ്യങ്ങൾക്കും (ഭക്ഷണം, വസ്ത്രം, പാർപ്പിടം മുതലായവ) വേണ്ടി അയാൾ പ്രകൃതിയുമായി മല്ലിടുകയും ബോധപൂർവം അതിനെ മാറ്റിമറിക്കുകയും ചെയ്യുന്നു. പ്രകൃതിയുടെ ഭാഗമായ വസ്തുക്കളെ സ്വന്തം ജീവിതാവശ്യങ്ങൾക്കുവേണ്ട വസ്തുക്കളായി അയാൾ മാറ്റിയെടുക്കുന്നു. ഇതിന് അധ്വാനം എന്നു വിളിക്കുന്നു. സഹസ്രാബ്ദങ്ങളായി മനുഷ്യൻ നടത്തിപ്പോന്ന അധ്വാനമാണ് അയാളുടെ ജീവിതത്തെയും സമൂഹബന്ധങ്ങളെയും നിർണയിക്കുന്നത്. മനുഷ്യൻ ജനസംഖ്യാപരമായി വളരുന്നുണ്ട്. അയാളുടെ ആവശ്യങ്ങളിലും മാറ്റങ്ങളുണ്ടാകുന്നു. ജീവിതാവശ്യങ്ങളെ നിറവേറ്റുന്ന മാർഗങ്ങളിലും നിരന്തരമായ മാറ്റങ്ങളുണ്ടാകുന്നു. ഇത് മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ബന്ധങ്ങളെയും സമൂഹബന്ധങ്ങളെയും ചലനാത്മകമാക്കുന്നു. ഈ മാറ്റങ്ങൾ അധ്വാനരൂപങ്ങളേയും ഉത്പാദനവിതരണ വ്യവസ്ഥകളേയും മാത്രമല്ല, ആശയപ്രപഞ്ചത്തെയും സമൂഹനീതിക്രമങ്ങളേയും വളർത്തുന്നു. ജീവികാസമ്പാദന പ്രക്രിയകളുടെ വളർച്ചയ്ക്കനുസരിച്ച് വരുന്ന മാറ്റങ്ങൾ പഴയ സമൂഹവ്യവസ്ഥകളെ തകർക്കുകയും പുതിയവക്ക് രൂപം നൽകുകയും ചെയ്യുന്നു. പക്ഷേ, ഈ മാറ്റങ്ങൾ യാന്ത്രികമായ പ്രക്രിയയല്ല. പഴയ സമൂഹവ്യവസ്ഥയിലെ ഉത്പാദന രൂപങ്ങളുടെയും ആശയ പ്രപഞ്ചത്തിന്റെയും മൊത്തം സ്വഭാവമാണ് പുതിയ വ്യവസ്ഥയുടെ സ്വഭാവത്തെയും രൂപപ്പെടുത്തുന്നത്. അതുകൊണ്ട് ഇന്നത്തെ സമൂഹത്തെ പഠിക്കാൻ ശ്രമിക്കുന്ന ഒരാൾക്ക് അതിനുമുമ്പുള്ള സമൂഹവ്യവസ്ഥയുടെ രൂപീകരണത്തേയും സ്വഭാവവിശേഷങ്ങളേയും പറ്റി വസ്തുനിഷ്ഠമായ അറിവ് ആവശ്യമാണ്.

ഉദാഹരണമായി, കേരളസമൂഹത്തിന്റെ വളർച്ചയെടുക്കാം കേരളീയരുടെ സമൂഹജീവിതം സൃഷ്ടിക്കപ്പെട്ടത് ഇവിടത്തെ ജനങ്ങൾ ജീവികാസമ്പാദനത്തിനുവേണ്ടി നടത്തിയ അധ്വാനം മൂലമാണ്. നമ്മുടെ വനങ്ങൾ, മേച്ചിൽസ്ഥലങ്ങൾ, നദീതടപ്രദേശങ്ങൾ, കടൽത്തീരം എന്നിവയെല്ലാം ജീവികാസമ്പാദനത്തിനായി ഉപയോഗപ്പെടുത്തപ്പെട്ടു. വൈവിധ്യമാർന്ന അധ്വാനരൂപ

ങ്ങളുടെ അടിത്തറയിലാണ് നമ്മുടെ സമൂഹജീവിതവും സംസ്കാരവും രൂപപ്പെട്ടത്. ജീവികാസമ്പാദന രീതികളിൽ വന്ന മാറ്റം, സാങ്കേതിക വിദ്യകളുടെ, പ്രത്യേകിച്ച് ഇരുമ്പുയുഗ വിദ്യകളുടെ വളർച്ച, എന്നിവ സമൂഹഘടനയിൽ വരുത്തിയ മാറ്റങ്ങളാണ്, കേരളത്തിലെ ജാതി-നാടുവാഴി വ്യവസ്ഥ രൂപപ്പെടുത്തിയത്. ആധുനികകാലത്ത് കേരളത്തിലെ കാർഷിക ബന്ധങ്ങളിൽ വന്ന മാറ്റവും ജീവികാസമ്പ്രദായത്തിന്റെ സ്വഭാവത്തിൽ വന്നു ചേർന്ന വ്യത്യാസങ്ങളും ഇന്നത്തെ സമൂഹഘടനയെ സ്വാധീനിക്കുന്നതായി പഠനങ്ങൾ വ്യക്തമാക്കുന്നു. കേരള ജനതയുടെ ജീവിത ഗുണനിലവാരത്തിൽ വന്ന വളർച്ചയോടൊപ്പം കേരളത്തിന്റെ വികസന പ്രതിസന്ധിയുടെയും പശ്ചാത്തലം ഇവിടെ കാണാം. (കേരള ചരിത്രത്തെയും കേരളത്തിന്റെ വികസനത്തെയും കുറിച്ച് രാജൻ ഗുരുക്കൾ, രാഘവവാര്യർ, തോമസ് ഐസക്, കെ.എൻ.ഗണേശ് മുതലായവർ എഴുതിയ ഗ്രന്ഥങ്ങൾ പരിശോധിക്കുക)

പ്രകൃതിയെ മാറ്റിമറിക്കുക എന്നത് ഏകപക്ഷീയമായ പ്രവർത്തനമല്ല. പ്രകൃതി മനുഷ്യരുടെമേലും നിർണായകമായ സ്വാധീനം ചെലുത്തുന്നുണ്ട്. കേരളീയരുടെ ജീവികാസമ്പാദന മാർഗങ്ങൾ വളർന്നുവന്നത് കേരളത്തിലെ ഭൂമിശാസ്ത്രപരമായ സ്ഥാനം, കാലാവസ്ഥ, വിഭവസമ്പത്തിന്റെ സ്വഭാവം, അവയുടെ ഉപയോഗരീതി എന്നിവയെ ആസ്പദമാക്കിയാണ്. പക്ഷെ, ഇവ എക്കാലത്തും ഒരുപോലെ നിലനിൽക്കുന്നില്ല. തന്റെ ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള അധ്വാനത്തിന്റെ ഫലമായി അയാൾ പ്രകൃതിയിൽ മാറ്റങ്ങൾ വരുത്തുന്നു. അങ്ങനെയാണ് നായാടിയിൽനിന്ന് കന്നുകാലി മേയ്ക്കുന്നവനായും, അവിടെനിന്ന് കൃഷിക്കാരനായുമുള്ള മാറ്റങ്ങളുണ്ടാകുന്നത്. 'മനുഷ്യൻ ഒന്നും ചെയ്യുന്നില്ല' എന്ന ചില പ്രകൃതിസ്നേഹികളുടെ വാദം ചരിത്രനിഷേധമാണ്.

### 3. ചരിത്രം എങ്ങനെ പഠിക്കുന്നു?

ഇരുനൂറുകൊല്ലം മുമ്പുവരെ കേട്ടുകേൾവികൾ, ഐതീഹ്യങ്ങൾ, സ്ഥലപുരാണങ്ങൾ, മുതലായവയടങ്ങുന്ന വാമൊഴിപാരമ്പര്യവും, അപൂർവം ഗ്രന്ഥങ്ങളും രേഖകളുമായിരുന്നു ചരിത്രനിർമിതിക്കുള്ള സാമഗ്രികൾ. ഇന്ന് വൈവിധ്യമാർന്ന ഉപാദാനങ്ങളുടെ അടിസ്ഥാനത്തിലാണ് ചരിത്രരചന നടക്കുന്നത്.

പുരാവസ്തു വിജ്ഞാനീയം- മൺമറഞ്ഞുകിടക്കുന്നതും അല്ലാത്തതുമായ, മനുഷ്യൻ സൃഷ്ടിച്ച ഭൗതികസാമഗ്രികളുടെ പഠനം (Archaeology).

ഉദാ:- സിന്ധുനദീതട സംസ്ക്കാരത്തിന്റെ ഉൽഖനനം, കേരളത്തിലെ കല്ലറകൾ, കുടക്കല്ലുകൾ, താഴികൾ, പുലച്ചിക്കല്ലുകൾ മുതലായവ. പുരാവസ്തുക്കളുടെ കാലനിർണയം നടത്താനും

വേർതിരിച്ചറിയാനുമുള്ള നിരവധി ശാസ്ത്രീയ മാർഗങ്ങളുടെ ഉപയോഗം.

–ലിഖിത വിജ്ഞാനീയം– പ്രാചീന എഴുത്തുകളുടെ പഠനം, അവയെ ആസ്പദമാക്കി രേഖകളുടെ പഠനം (Epigraphy)

ഉദാ:– ബ്രാഹ്മിലിപിയുടെ വായനയും അശോകശാസനങ്ങളുടെ കണ്ടുപിടുത്തവും. കേരളത്തിൽ വട്ടെഴുത്ത്, കോലെഴുത്ത്, മലയാണ്മ, ഗ്രന്ഥം മുതലായവയുടെ വായന.

–നാണയവിജ്ഞാനീയം– പ്രാചീനകാലത്തെ നാണയങ്ങളുടെ പഠനം വാണിജ്യത്തേയും സമ്പദ്‌വ്യവസ്ഥയേയും കുറിച്ചുള്ള വിവരങ്ങൾ നൽകുന്നു. കൂടെ ഭരണാധികാരികളുടെ പേരുകളും ഭരണവർഷവും (Numismatics).

ഉദാ:– കേരളത്തിലെ റോമൻ നാണയങ്ങളുടെ പഠനം റോമൻ വ്യാപാരത്തെക്കുറിച്ചുള്ള വിവരങ്ങൾ നൽകുന്നു.

(Historical Geography) എന്ന പേരിൽ വ്യത്യസ്ത ശാസ്ത്രശാഖയായി വളർന്നുവരുന്നു.

–ഭൂമിശാസ്ത്ര പഠനം: പ്രാചീനകാലത്തെ ഭൂമിശാസ്ത്രത്തിന്റെ പഠനം ഇന്ന് ചരിത്രഭൂമിശാസ്ത്രം.

–സാഹിത്യകൃതികൾ– നേരിട്ടുള്ള വിവരങ്ങൾ നൽകുന്നതുകൂടാതെ, മറ്റു ഉപാദാനങ്ങളുമായി ബന്ധപ്പെടുത്തിയുള്ള പഠനം ഒരു കാലഘട്ടത്തിൻ സമൂഹരാഷ്ട്രീയഘടനയിലേക്കു വെളിച്ചം വീശുന്നു.

ഉദാ:– കൗടില്യന്റെ അർഥശാസ്ത്രം മൗര്യകാലത്തെ രാഷ്ട്രീയത്തിലേക്കു വെളിച്ചം വീശുന്നു.

–കലയും വാസ്തുവിദ്യയും– അവ നിർമിക്കപ്പെട്ട കാലഘട്ടത്തിലേക്കു വെളിച്ചം വീശുന്നു.

ഉദാ:– ദക്ഷിണേന്ത്യയിലെ ക്ഷേത്രങ്ങളെ സംബന്ധിച്ച പഠനം അവ നിർമിക്കപ്പെട്ട കാലഘട്ടത്തെ സമൂഹം, സംസ്കാരം, അവയിൽ വന്ന മാറ്റങ്ങൾ എന്നിവയെക്കുറിച്ചു വിവരം നൽകുന്നു.

–വായ്മൊഴി പാരമ്പര്യം, സ്ഥലനാമങ്ങൾ, നരവംശശാസ്ത്ര പഠനങ്ങൾ. മറ്റു ഉപാദാനങ്ങളുമായി ബന്ധപ്പെടുത്തി ഇവയുടെ പഠനം ധാരാളം വെളിച്ചം വീശുന്നു.

ഉദാ:– വടക്കൻ പാട്ടുകൾ, പടപ്പാട്ടുകൾ എന്നിവയുടെ നിഷ്കർഷയോടെയുള്ള പഠനം മധ്യകാലകേരളത്തിലെ സമൂഹ ഘടനയെക്കുറിച്ചു വിവരം നൽകുന്നു.

മേൽപറഞ്ഞവ പൊതുവിൽ ചരിത്രപഠനത്തിനുപയോഗിക്കപ്പെടുന്ന സാമഗ്രികളാണ്. നിരവധി ശാസ്ത്രശാഖകളും ഇന്ന് ചരിത്രപഠനത്തിന് ഉപയോഗിക്കുന്നുണ്ട്. അതിപ്രാചീന അവശിഷ്ടങ്ങളുടെ കാലനിർണയം നടത്താനുള്ള റേഡിയോ കാർബൺ ഡേറ്റിങ് ഒരുദാഹരണമാണ്. അതിപ്രാചീന ഘട്ടത്തിലെ കാർബണിക അവശിഷ്ടങ്ങളിൽ കാർബൺ14 എന്ന ഐസോട്ടോപ്പ് ഉണ്ടെന്ന് തെളിയിക്കപ്പെട്ടിട്ടുണ്ട്. കാലങ്ങൾ കഴിയുമ്പോൾ കാർബൺ 14 ന്റെ അംശം റേഡിയേഷൻ വഴി നഷ്ടപ്പെടുന്നു. ഒരു പ്രാചീന അവശിഷ്ടത്തിലെ കാർബൺ14-ന്റെയും സാധാരണകാർബണിന്റെയും (കാർബൺ 12) അളവു തിട്ടപ്പെടുത്തിയാൽ ചില ലളിതമായ കണക്കുകൂട്ടലുകളിലൂടെ ആ വസ്തുവിന്റെ കാലപ്പഴക്കം കണ്ടെത്താം. ലക്ഷക്കണക്കിനു വർഷങ്ങൾ പഴക്കമുള്ള വസ്തുക്കളുടെ കാലനിർണയം നടത്താൻ പൊട്ടാസ്യം–ആർഗോൺ ഡേറ്റിങ് എന്ന മറ്റൊരു കാലനിർണയരീതിയും ഇപ്പോൾ ഉപയോഗിക്കുന്നു.

രസതന്ത്രവും സസ്യശാസ്ത്രവും ചരിത്രകാരന്മാരെ കാര്യമായി സഹായിക്കുന്നുണ്ട്. പ്രാചീനകാല ഭൗതികാവശിഷ്ടങ്ങളുടെയും നാണയങ്ങളുടെയും രാസവിശ്ലേഷണം വിവിധകാലഘട്ടങ്ങളിലെ വിഭവസമാഹരണത്തിന്റെയും ഉത്പാദനത്തിന്റെയും സ്വഭാവത്തെക്കുറിച്ച് വിവരങ്ങൾ നൽകുന്നു. പുരാവസ്തുകേന്ദ്രങ്ങളിലെ സസ്യാവശിഷ്ടങ്ങളിൽ നടത്തിവരുന്ന പരാഗണ പഠനങ്ങൾ (Pollen grain analysis) ഓരോ പ്രദേശത്തെ കൃഷിയെക്കുറിച്ചും വിഭവസമ്പാദനരൂപങ്ങളെക്കുറിച്ചും വിവരങ്ങൾ നൽകുന്നു. പ്രാചീന ഫോസിലുകളുടെ പഠനം (Paleantology) മനുഷ്യപരിണാമത്തെക്കുറിച്ച് ധാരാളം വിവരങ്ങൾ നൽകുന്നു.

നാണയ വിജ്ഞാനീയം ആധുനികശാസ്ത്രത്തെയും ചരിത്രത്തെയും തമ്മിൽ ബന്ധിപ്പിക്കുന്ന സുപ്രധാന ശാഖയാണ്. ഒരു ശാസ്ത്രജ്ഞനായിരുന്ന ഡി.ഡി.കൊസാംബിയെ ചരിത്രപഠനത്തിലേക്കു നയിച്ചത് അദ്ദേഹം നടത്തിയ നാണയപഠനങ്ങളത്രെ.

## 4. ചരിത്രബോധവും സമൂഹവും

ശാസ്ത്രബോധമെന്നു നാം പറയാറുണ്ട്. ശാസ്ത്രത്തിന്റെ വളർച്ചയുടെ അടിസ്ഥാനത്തിൽ പ്രപഞ്ചത്തെയും നമ്മുടെ ചുറ്റുപാടുകളെയും കുറിച്ച് ജനങ്ങളുടെ ഇടയിൽ വളർന്നുവരുന്ന വീക്ഷണമാണത്. മതബോധത്തിന്റെയും പരമ്പരാഗത വിജ്ഞാനത്തിന്റെയും മര്യാദകളുടെയും ശക്തികളെ നേരിട്ടുകൊണ്ടാണ് ശാസ്ത്രബോധം വളർന്നുവരുന്നത്. അതുപോലെ ശാസ്ത്രീയ ചരിത്രബോധത്തെക്കുറിച്ചും പറയാം. ശാസ്ത്രീയമായി കണ്ടെത്തപ്പെട്ട ചരിത്ര വസ്തുതക

ളുടെ അടിസ്ഥാനത്തിൽ സ്വന്തം സമൂഹത്തിന്റെ വികാസ പരിണാമങ്ങളെക്കുറിച്ച് വളർന്നുവരുന്ന വീക്ഷണമാണത്.

ഓരോ കാലഘട്ടത്തിലും ജനങ്ങളുടെ ഇടയിൽ നിലനിൽക്കുന്ന ചരിത്രബോധമുണ്ട്. ഓരോ പ്രദേശത്തിലും നിലനിൽക്കുന്ന മിത്തുകളുടെയും ഭൂതകാലത്തെക്കുറിച്ചുള്ള മറ്റു സൂചനകളുടെയും അടിസ്ഥാനത്തിൽ സൃഷ്ടിക്കപ്പെടുന്ന ഒന്നാണത്. കേരളത്തിൽ പരശുരാമകഥയ്ക്കും പെരുമാൾ കഥയ്ക്കും ലഭിച്ച പ്രാധാന്യം ഉദാഹരണമാണ്. ശാസ്ത്രീയ ചരിത്ര രചനയുടെ രീതിയും സാമഗ്രികളും വികസിച്ചുവരുമ്പോൾ, അവയുടെ അടിസ്ഥാനത്തിൽ ഈ പാരമ്പര്യങ്ങൾ നിശിതമായ പരിശോധനയ്ക്കു വിധേയമാക്കണം. അതിന്നു ശേഷം തള്ളേണ്ടതു തള്ളുകയും കൊള്ളേണ്ടതു കൊള്ളുകയും വേണം. പരശുരാമകഥ കേരള ചരിത്രത്തിന്റെ തുടക്കമായി ആരും കണക്കാക്കുന്നില്ല. പെരുമാൾ കഥയിൽ മിത്തിന്റെ അംശമുണ്ടെങ്കിലും ചില വസ്തുതകളുണ്ടെന്ന് അംഗീകരിക്കപ്പെടുന്നുണ്ട്. എന്നാൽ ഇത്തരം പരിശോധന നടത്താതെ, വിശ്വാസത്തിന്റേയോ മറ്റേതെങ്കിലും ശാസ്ത്രേതരമായ നിലപാടുകളുടെയോ അടിസ്ഥാനത്തിൽ മിത്തുകളിൽ കടിച്ചു തൂങ്ങാനും ശാസ്ത്രീയ ചരിത്ര രചനയെ എതിർക്കാനും ശ്രമിച്ചാലോ? ഇതാണ് ഇന്ന് നടന്നുകൊണ്ടിരിക്കുന്നത്.

ശാസ്ത്രവിരുദ്ധമായ ഇത്തരം ശ്രമങ്ങളുടെ സൃഷ്ടിയാണ് വർഗീയ ചരിത്ര രചന. സമൂഹത്തിൽ വൈരുദ്ധ്യങ്ങൾ വളർന്നുവരുകയും മതം, ജാതി, വംശീയത, പ്രാദേശിക വാദം മുതലായ വർഗീയ വിഭാഗീയ ചിന്താഗതികളുടെ അടിസ്ഥാനത്തിൽ ഈ വൈരുദ്ധ്യങ്ങൾ ക്രമീകരിക്കപ്പെടുകയും ചെയ്യുമ്പോൾ ശാസ്ത്രവിരുദ്ധമായ ചരിത്രാശയങ്ങൾ ഇത്തരം വിഭാഗങ്ങളുടെ ആയുധമായി മാറുന്നു. ജനങ്ങളുടെ ചരിത്രബോധം തന്നെ സ്വന്തം മതത്തിന്റെ, ജാതിയുടെ, വംശത്തിന്റെ മഹദ് പാരമ്പര്യത്തെക്കുറിച്ചുള്ള മിത്തുകളുടെ അടിസ്ഥാനത്തിൽ ഉടച്ചുവാർക്കപ്പെടുന്നു. ഇത്തരത്തിലുയർന്നുവരുന്ന വർഗീയ ചരിത്ര ബോധം സമൂഹത്തിലെ വിഭാഗീയ ചിന്താഗതികളുടെ ആശയസംഹിതയായി മാറുന്നു. ഇന്ന് ശാസ്ത്രീയ ചരിത്ര രചനയ്ക്കെതിരായ ശക്തമായ വെല്ലുവിളി വർഗീയ ചരിത്ര ബോധം ഉയർത്തുകയാണ്. ഈ ഏറ്റുമുട്ടൽ നടക്കുന്നത് സർവകലാശാലകളിലും സെമിനാറുകളിലുമല്ല, നമ്മുടെ തെരുവുകളിലാണ്.

ബാബറി മസ്ജിദ് പ്രശ്നത്തോടെ ഈ സംഘർഷം അതിന്റെ കരാള രൂപം കൈക്കൊണ്ടിരിക്കുകയാണ്. ഇതിനെച്ചൊല്ലിയുള്ള സംഘട്ടനങ്ങളിൽ പങ്കാളികളാകുന്നവർ ചരിത്രപണ്ഡിതന്മാരുടെ ലേഖനങ്ങൾ വായിക്കുകയോ തർക്കങ്ങൾ മനസ്സിലാക്കുകയോ ചെയ്യുവരല്ല, എങ്കിലും സ്വന്തം നിലപാടിന്റെ ചരിത്രപരതയിൽ പൂർണബോധ്യമുള്ളവരാണ്. ചരിത്രബോധത്തിന്റെ ഈ അന്ധമായ ഉപയോഗം ചിന്തിക്കുന്ന ഓരോരുത്തരെയും അമ്പരപ്പിക്കുന്നു.

**5. വർഗീയ ചരിത്രബോധത്തിന്റെ ഉറവിടങ്ങൾ**

ചരിത്രബോധത്തിനും ഒരു ചരിത്രമുണ്ട്. ഇന്ത്യയിൽ ഇന്നുള്ള ചരിത്രബോധത്തിന്റെ വേരുകൾ കഴിഞ്ഞ രണ്ടു നൂറ്റാണ്ടുകാലത്തെ ചരിത്രത്തിൽ നാമന്വേഷിക്കേണ്ടിയിരിക്കുന്നു. അതിനു പിന്നോട്ടും പോകാം. പക്ഷെ, ബ്രിട്ടീഷ് കൊളോണിയൽ കാലഘട്ടം നമ്മുടെ സമൂഹത്തിൽ സമൂലമായ മാറ്റങ്ങൾ വരുത്തിയെന്ന് ഏവരും അംഗീകരിക്കുന്നുണ്ട്. ഈ മാറ്റങ്ങളുടെ സ്വഭാവം മനസ്സിലാക്കണമെങ്കിൽ പ്രാഗാധുനിക ഇന്ത്യൻ സമൂഹത്തിന്റെ സ്വഭാവത്തെക്കുറിച്ചും മനസ്സിലാക്കേണ്ടതുണ്ട്. കഴിഞ്ഞ രണ്ടു ശതാബ്ദങ്ങളിലാണ് ആധുനിക ഇന്ത്യൻ ചരിത്ര രചന വളർന്നുവന്നത്. ഈ കാലഘട്ടത്തിലെ സമൂഹത്തിന്റെയും ഭരണാധികാരികളുടെയും മുൻഗണനാക്രമങ്ങളനുസരിച്ചാണ് പ്രാചീന - മധ്യകാല ഇന്ത്യയെക്കുറിച്ചുള്ള ധാരണകളും രൂപംകൊണ്ടത്.

കഴിഞ്ഞ രണ്ടു ശതാബ്ദങ്ങളായുള്ള ചരിത്ര രചനയുടെ വളർച്ചയെ മൂന്നു ധാരകളായി തിരിക്കാറുണ്ട്. 1. ബ്രിട്ടീഷ് കൊളോണിയൽ ചരിത്രരചന. 2. ദേശീയ ചരിത്രരചന 3. ആധുനിക ശാസ്ത്രീയ രചന

ബ്രിട്ടീഷ് കൊളോണിയൻ ചരിത്രരചനയുടെ പ്രധാന വാദങ്ങൾ താഴെ പറയുന്നു.

–ഇന്ത്യൻ സമൂഹം മുരടിച്ചതും സഹസ്രാബ്ദങ്ങളായി മാറ്റങ്ങളില്ലാത്തതുമാണ്.

–മാറ്റമില്ലാത്ത സമൂഹത്തിനുമേൽ ആധിപത്യം സ്ഥാപിക്കുന്ന രാജവംശങ്ങളുടെ ചരിത്രമാണ് ഇന്ത്യയ്ക്കുള്ളത്. ഇതിനെ പിന്നീട് പൗരസ്ത്യസ്വേച്ഛാധിപത്യം (Oriental Despotism) എന്നു വിളിച്ചു.

–ഇന്ത്യയിൽ അടിസ്ഥാന പരമായി വന്ന മാറ്റങ്ങൾ മതസമുദായങ്ങളുടെ ആധിപത്യത്തിൽ വന്ന മാറ്റങ്ങളാണ്. അതുകൊണ്ട് ഹിന്ദു

കാലഘട്ടം, മുസ്ലിംകാലഘട്ടം, ക്രിസ്ത്യൻ (ബ്രിട്ടീഷ്) കാലഘട്ടം ഇങ്ങിനെ കാലവിഭജനം.

ഇന്ത്യൻ സംസ്കാരത്തിന്റെ സ്ഥാപകർ ആര്യന്മാർ എന്നറിയപ്പെട്ട ഇന്തോയൂറോപ്യന്മാരാണെന്ന് താരതമ്യ ഭാഷാശാസ്ത്രത്തിന്റെ അടിസ്ഥാനത്തിൽ എഫ്.മാക്സ് മുള്ളറും അദ്ദേഹത്തിന്റെ ശിഷ്യന്മാരും വാദിച്ചു. ആര്യന്മാർ ഒരു പ്രത്യേക വംശമാണെന്നു വാദിക്കപ്പെട്ടു. ആര്യവംശത്തെക്കുറിച്ചുള്ള വാദം മാക്സ് മുള്ളർതന്നെ ഉപേക്ഷിച്ചുവെങ്കിലും അതിന്റെ സ്വാധീനം ഇന്നും നിലനിൽക്കുന്നു.

ദേശീയ വാദികളായ ചരിത്രകാരന്മാർ കൊളോണിയൽ ചരിത്രകാരന്മാരുടെ വാദങ്ങളെ എതിർത്തു. അവരുടെ പ്രധാന നിഗമനങ്ങൾ

–യൂറോപ്യന്മാർക്ക് തുല്യമോ അതിനേക്കാൾ മികച്ചതോ ആയ സാംസ്കാരിക പൈതൃകം ഇന്ത്യയിൽ ഉണ്ടായിരുന്നു. ഇന്ത്യയുടെ ആത്മീയ പാരമ്പര്യം പാശ്ചാത്യരുടെ പാരമ്പര്യത്തോടു തുല്യമോ അതിനേക്കാൾ ഉയർന്നതോ ആയിരുന്നു. മാക്സ്മുള്ളറുടെ ആര്യസിദ്ധാന്തം ദേശീയ ചരിത്രകാരന്മാർക്ക് സ്വീകാര്യമായിരുന്നു.

ഭാരതീയ സംസ്ക്കാരം പിന്നീടു തകർന്നുവെന്ന് അവർ അംഗീകരിച്ചു. സാമ്രാജ്യങ്ങളുടെ നാശവും പ്രാദേശിക നാടുവാഴികളുടെ ഉയർച്ചയും ദേശീയൈക്യത്തെ തകർത്തു. ജാതിവ്യവസ്ഥയും അനാചാരങ്ങളുടെ വളർച്ചയും സമൂഹത്തെ ദുർബലമാക്കി. "മുസ്ലീം" ആധിപത്യത്തിൻകീഴിൽ "ഹിന്ദുക്കൾ" പീഡിപ്പിക്കപ്പെട്ടുവെന്നും ഹിന്ദുമുസ്ലീം സംഘർഷങ്ങളുടെ പരമ്പര വളർന്നുവന്നുവെന്നും ചില ചരിത്രകാരന്മാർ വാദിച്ചു.

ബ്രിട്ടീഷ് കൊളോണിയൽ ചരിത്രകാരന്മാരുടെ വാദങ്ങൾ അവരുടെ ആധിപത്യത്തെ സ്ഥാപിക്കുന്നതിനുള്ള ആശയപരമായ സാഹചര്യങ്ങളെ സൃഷ്ടിച്ചു. ആദ്യത്തെ ബ്രിട്ടീഷ് ചരിത്രകാരന്മാരെല്ലാവരും ബ്രിട്ടീഷ് ഉദ്യോഗസ്ഥന്മാരോ ഇന്ത്യയുടേമേലുള്ള ബ്രിട്ടീഷ് ആധിപത്യത്തെ ശക്തമായി ന്യായീകരിച്ചവരോ ആയിരുന്നു. വില്യം ജോൺസ്, മോനിയർ വില്യംസ് കോൾഡ്രൂക്ക്, വിൽസൺ മുതലായവർ ഉദാഹരണങ്ങളാണ്. ഇന്ത്യ ഭരിക്കാനുള്ള ബ്രിട്ടീഷുകാരുടെ അവകാശത്തെ ന്യായീകരിക്കുന്നതിന്റെ ഭാഗമായിരുന്നു ഇന്ത്യൻ സമൂഹത്തിന്റെ മുരടിപ്പിനെയും പിന്നോക്കാവസ്ഥയെയും കുറിച്ചുള്ള അവരുടെ നിഗമനങ്ങൾ. ബ്രിട്ടീഷുകാരുടെ ഭൗതികസംസ്കാരത്തിന്റെ നേട്ടങ്ങളും ഇന്ത്യക്കാരുടെ ആത്മീയ സംസ്കാരത്തിന്റെ നേട്ടങ്ങളും അവർ താരതമ്യപ്പെടുത്തി. ഇന്ത്യൻ ജനതയെ "സംസ്കാരസമ്പന്ന"രാക്കാനുള്ള ബാ

ധ്യത ബ്രിട്ടീഷുകാർക്കുണ്ടെന്നുപോലും അവർ വാദിച്ചു. ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ പ്രചരണവും ബ്രിട്ടീഷ് മാതൃകയിലുള്ള സർവകലാശാലകളുടെ സൃഷ്ടിയും ഇതിന്റെ ഭാഗമായിരുന്നു.

ദേശീയ വാദികളുടെ പ്രധാന താല്പര്യം ബ്രിട്ടീഷ് മേധാവിത്വത്തെ എതിർക്കുന്ന ആശയസംഹിതയുടെ വളർച്ചയായിരുന്നു. പത്തൊമ്പതാം നൂറ്റാണ്ടിലും ഇരുപതാം നൂറ്റാണ്ടിലുമായി പ്രാചീനഭാരതത്തെ കുറിച്ചു ലഭിച്ച വിജ്ഞാനം മുഴുവനും അവർ ഇതിനായി ഉപയോഗപ്പെടുത്തി. മൗര്യകാലം, ഗുപ്തകാലം തുടങ്ങിയവ ഇന്ത്യയുടെ സുവർണകാലങ്ങളായി കരുതപ്പെട്ടു. ബ്രിട്ടീഷ് ചരിത്രകാരനായ വിൻസന്റ് സ്മിത്തായിരുന്നു സുവർണകാലം എന്ന ആശയം ഉപയോഗിച്ചത്. പിന്നീടത് ദേശീയ ചരിത്രകാരന്മാരുടെ രചനകളിലും ചരിത്രപാഠപുസ്തകങ്ങളിലും സ്ഥാനം പിടിച്ചു. സംസ്കൃതസാഹിത്യവും ഉപനിഷത്തുക്കൾ, മുതലായവയിലെ തത്വചിന്തയും ലോകത്തിലെ മറ്റേതു സാഹിത്യവും തത്വചിന്തയുമായി കിടപിടിക്കുന്നതായി വാദിക്കപ്പെട്ടു. ഇന്ത്യയിലെ ആത്മീയതത്വചിന്ത, പ്രത്യേകിച്ച് വേദാന്തം ഏറ്റവും മഹത്തായ ദർശനമായും കാണപ്പെട്ടു. ദേശീയബോധത്തിന്റെ വളർച്ചയ്ക്ക് ഈ കാഴ്ചപ്പാടുകൾ സഹായിച്ചു. കെ.പി.ജയ്സ്വാൾ, യു.എൻ.ഘോഷാൽ, ആർ.കെ.മുക്കർജി, ആർ.ജി.ഭണ്ഡാർക്കർ തുടങ്ങിയവർ ഇത്തരത്തിൽപ്പെട്ട പ്രധാന ചരിത്രകാരന്മാരാണ്.

19-ാം നൂറ്റാണ്ടിന്റെ അന്ത്യത്തിലും ഇരുപതാം നൂറ്റാണ്ടിലുമായി പുരാവസ്തു വിജ്ഞാനീയം, ലിഖിതവിജ്ഞാനീയം മുതലായ മേഖലകളിലുണ്ടായ വളർച്ച ശാസ്ത്രീയചരിത്ര പഠനത്തിന് അടിത്തറയിട്ടു. 20-ാം നൂറ്റാണ്ടിന്റെ ആദ്യത്തിൽ ലിഖിത വിജ്ഞാനീയത്തിന്റെ അടിസ്ഥാനത്തിലുള്ള പഠനങ്ങൾ ഉണ്ടായി. സിന്ധുനദീതട സംസ്ക്കാരത്തിന്റെ ഉൽഖനനം പുരാവസ്തുപഠനങ്ങൾക്കും പ്രോത്സാഹനം നൽകി. ഇത്തരം പഠനങ്ങളുടെ പശ്ചാത്തലത്തിലാണ് ഡി.ഡി.കോസാംബി, കെ.എം.അഷ്റഫ്, മുഹമ്മദ് ഹബീബ് മുതലായവർ പ്രാചീന മധ്യകാല ഇന്ത്യയുടെ ശാസ്ത്രീയ പഠനങ്ങൾക്ക് അടിത്തറയിട്ടത്. കോസാംബിയുടെ നിരവധി പഠനങ്ങൾ ഭാരതീയ ചരിത്രരചനയുടെ സുപ്രധാനമായ അവസ്ഥാന്തരത്തെക്കുറിക്കുന്നു.

തുടർന്ന് റോമിലാഥാപ്പർ, ആർ.എസ്.ശർമ, ഇർഫാൻ ഹബീബ് തുടങ്ങിയവരുടെ പഠനങ്ങൾ ശക്തമായ ശാസ്ത്രീയചരിത്രരചനാ സമ്പ്രദായത്തെ വളർത്തിക്കൊണ്ടുവന്നു.

19-ാം നൂറ്റാണ്ടിന്റെ അവസാനം അശോകന്റെ ശിലാലിഖിതങ്ങൾ കണ്ടെത്തപ്പെട്ടു. 'എപിഗ്രാഫിയ, ഇൻഡിക്ക' മുതലായ പ്രസിദ്ധീകരണങ്ങൾ നിലവിൽ വന്നു. വിവിധ പ്രദേശങ്ങളിലെ പുരാവസ്തു വകുപ്പുകളുടെ നേതൃത്വ

ത്തിൽ ലിഖിതങ്ങളും പുരാവസ്തുക്കളും സമാഹരിക്കാനുള്ള ശ്രമങ്ങൾ നടന്നു. തിരുവിതാംകൂറിലെ ട്രാവൻകൂർ ആർക്കിയോളജിക്കൽ സീരീസും ഉദാഹരണമാണ്. ഇവ രാജവംശാവലികൾക്കപ്പുറം സാമ്പത്തിക സാമൂഹ്യചരിത്രത്തിലേക്കു വെളിച്ചം വീശുന്നവയായിരുന്നു. അതുകൊണ്ട് വിവിധ ചരിത്രദശകളെപ്പറ്റിയുള്ള പഠനങ്ങൾ പ്രാചീന-മധ്യകാലഭാരതത്തിന്റെ സാമൂഹ്യ ഘടനയിലേക്കു വെളിച്ചം വീശി. ഇതിനോടൊപ്പം സംസ്കൃത-ഭാഷാസാഹിത്യ പഠനങ്ങളുടെ വളർന്നുവന്നു. ഈ പഠനങ്ങളുടെ വിവരങ്ങളുമാണ് കോസാംബിയുടെ പഠനങ്ങളുടെ അടിസ്ഥാനശിലകളായി തീർന്നത്. കോസാംബിയുടെ തനതു സംഭാവന. ചരിത്രപരമായ ഭൗതികവാദത്തെ വിശകലനത്തിനുള്ള ഉപാധിയായി സ്വീകരിച്ചുകൊണ്ട് നിരവധി വിവരങ്ങൾ തമ്മിലുള്ള ഘടനാപരമായ ബന്ധങ്ങളെ പുറത്തുകൊണ്ടുവരുകയും അവയുടെ അടിസ്ഥാനത്തിൽ ഇന്ത്യൻ സമൂഹ പരിണാമത്തെക്കുറിച്ചുള്ള ഒരു രേഖാചിത്രം അവതരിപ്പിക്കുകയും ചെയ്തുവെന്നതാണ്. പിന്നീട് നടന്ന ഗവേഷണങ്ങൾ ഈ ചിത്രത്തിൽ മാറ്റം വരുത്തിയിട്ടുണ്ട്. പല അവ്യക്തഭാഗങ്ങളെയും മൂർത്തമാക്കിയിട്ടുണ്ട്. എന്നാൽ കോസാംബി വെട്ടിത്തെളിച്ച സരണി ഇന്നും ശാസ്ത്രീയ ചരിത്ര പഠനങ്ങൾക്കു മാർഗദർശകമായിരിക്കുന്നു.

ദേശീയത സൃഷ്ടിച്ച ചരിത്രബോധത്തിന്റെ വിഭാഗീയ രൂപമായാണ് വർഗീയ ചരിത്രബോധം വളർന്നുവന്നത്. ആശയ പരമായി കൊളോണിയൽ ആശയങ്ങളുടെയും ദേശീയ സങ്കല്പത്തിന്റെയും വിചിത്രവും വികലവുമായ ചേരുവയായിരുന്നു വർഗീയചരിത്രബോധം.

മതാധിപത്യത്തിന്റെ അടിസ്ഥാനത്തിൽ ബ്രിട്ടീഷുകാർ നടത്തിയ കാലനിർണയവും മതസമുദായങ്ങളുടെ ചേരുവയാണ് ഇന്ത്യൻ സമൂഹമെന്ന വാദവും വർഗീയ ചരിത്രകാരന്മാർ അതേപടി അംഗീകരിക്കുന്നു.

അടുത്ത കാലത്തായി ഹിന്ദു, മുസ്ലീം, ബ്രിട്ടീഷ് കാലഘട്ടങ്ങൾക്കുപകരം പ്രാചീനം, മധ്യകാലം, ആധുനികകാലം, എന്നീവാക്കുകൾ അംഗീകരിക്കപ്പെട്ടിട്ടുണ്ട്. എങ്കിലും കാലനിർണയം പഴയതുപോലെതന്നെ. പ്രാചീനം എ.ഡി. 1000-മഹ്മൂദ്ഗസ്നിയുടെ ആക്രമണം വരെ, മധ്യകാലം 1000 മുതൽ 1757 പ്ലാസിയുദ്ധം വരെ, ആധുനികകാലം 1757- നുശേഷം. പാഠപുസ്തകങ്ങളിൽ ചില അഴിച്ചുപണികൾ നടത്താറുണ്ടെങ്കിലും ഇതു പൂർണമായി ഉപേക്ഷിക്കുവാൻ വർഗീയ വാദികളല്ലാത്ത ചരിത്രകാരന്മാർക്കു പോലും മനസ്സു വരുന്നില്ല.

ഇന്ത്യാചരിത്രത്തിലെ ഒരുവഴിത്തിരിവാണ് മുഹമ്മദ്ബിൻ കാസിമിന്റെ സിൻഡ് ആക്രമണവും ഗസ്നിയിലെ മഹ്മൂദിന്റെ ഇന്ത്യൻ ആക്രമണവും അതോടെയാണ് ഇന്ത്യയിൽ വിദേശാധിപത്യം ആരംഭിക്കുന്നത്. ആദ്യത്തെ വിദേശികൾ മുസ്ലീങ്ങളായിരുന്നു. വിദേശി

കൾക്കെതിരായ ആയിരം വർഷത്തെ പോരാട്ടത്തിന്റെ ചരിത്രമാണ് ഇന്ത്യൻ ജനതയ്ക്കുള്ളത്.

ഇന്ത്യൻ സംസ്കാരം എന്നാൽ സ്വാഭാവികമായി ഹിന്ദുസംസ്ക്കാരമാണ്. മറ്റുള്ളവയെല്ലാം വിദേശ സംസ്കാരങ്ങളാണല്ലോ. ഈ സംസ്ക്കാരത്തിന്റെ സ്ഥാപകർ ആര്യന്മാരാണ്. ദ്രാവിഡന്മാരും ഉണ്ടായിരുന്നു. ആര്യദ്രാവിഡ സംഘർഷത്തിൽ ആര്യന്മാർ മേൽക്കോയ്മ സ്ഥാപിക്കുകയും ദ്രാവിഡരെ സ്വന്തം സംസ്കാരത്തിന്റെ ഭാഗമാക്കുകയും ചെയ്തു.

ഭാരതവർഷം എന്ന നിലയിൽ ഇന്ത്യയുടെ ദേശീയ സങ്കല്പം പ്രാചീനകാലത്തുതന്നെ ഉണ്ടായിരുന്നു. ഈ മഹത്തായ രാഷ്ട്രത്തെ, സംസ്ക്കാരത്തെ തകർത്തത് വിദേശാധിപത്യമാണ്. ഏറ്റവുമധികം കാലം ഇന്ത്യയുടെ മേൽ ആധിപത്യം സ്ഥാപിച്ചത് മുസ്ലീങ്ങളാണ്.

മേൽ സൂചിപ്പിച്ച വാദഗതികളെ ഒരുമിച്ചു കാണേണ്ടതാണ്. ഇവിടെ പ്രസക്തമായ നിരവധി ചോദ്യങ്ങളുണ്ട്. മുസ്ലീങ്ങൾക്കുമുമ്പ് വിദേശികൾ ഇന്ത്യയെ ആക്രമിച്ചിരുന്നില്ലേ? ഗ്രീക്കുകാർ, ശാകന്മാർ, കുഷാനന്മാർ, ഹൂണന്മാർ,... പക്ഷെ, ഇവരാരും ഹിന്ദുസംസ്ക്കാരത്തെ തകർക്കാൻ ശ്രമിച്ചിട്ടില്ല. വ്യാപകവും നീണ്ടുനിൽക്കുന്നതുമായ രാഷ്ട്രീയാധിപത്യം ആരുടെയുമുണ്ടായിട്ടില്ല. ഇന്ത്യൻ (ഹിന്ദു) സംസ്കാരത്തോട് ലയിക്കുകയാണ് ഉണ്ടായത്. എന്നാൽ മുസ്ലീം സ്വന്തം മതപരമായ അസ്തിത്വം നിലനിർത്തുകയും ഹിന്ദുക്കളെ അതിലേക്ക് മതപരിവർത്തനം ചെയ്യാൻ ശ്രമിക്കുകയും ചെയ്തു. അവർ ഹിന്ദു ദേവാലയങ്ങളെ നശിപ്പിച്ചു. തീർഥാടകരുടെ മേൽ നികുതി ചുമത്തി. ഇങ്ങനെ പോകുന്നു വാദങ്ങൾ.

കൂടുതൽ ഗൗരവമുള്ള മറ്റൊരു ചോദ്യമുണ്ട്. ആര്യന്മാരും ഇന്ത്യയെ ആക്രമിക്കുകയല്ലേ ചെയ്തത്? അവരും വിദേശി കളായിരുന്നില്ലേ? അതിനുള്ള മറുപടിയാണ് ബി.ജെ.പി. സർക്കാർ തയ്യാറാക്കി പാഠപുസ്തകം നൽകുന്നത്. ആര്യന്മാർ ഇന്ത്യയിലെ ആദിവാസികളായിരുന്നു എന്നവർ പ്രസ്താവിക്കുന്നു.

ആര്യന്മാരെപ്പറ്റിയുള്ള വാദങ്ങൾ കൂടുതൽ ഗൗരവമായി പരിശോധിക്കേണ്ടതാണ്. ആര്യന്മാർ മദ്ധ്യേഷ്യയിൽ ഉത്ഭവിച്ചതാണെന്നും ഏതാണ്ട് 3500 കൊല്ലങ്ങൾക്കുമുമ്പ് അവർ ഇന്ത്യ, പശ്ചിമേഷ്യ, യൂറോപ്പ് എന്നിവിടങ്ങളിലേക്കു കുടിയേറുകയായിരുന്നുവെന്നുമുള്ള വാദം 20-ാം നൂറ്റാണ്ടിന്റെ ആദ്യത്തിലാണ് അവതരിപ്പിക്കപ്പെട്ടത്. പശ്ചിമേഷ്യയിൽ ഹിറ്റൈക്കുകളുടെ വളർച്ച, ബാബിലോൺ ഉൾപ്പെടെയുള്ള വൻനഗരങ്ങളുടെ നാശം, പേർഷ്യയിൽ ഇറാനിയന്മാരുടെ വളർച്ച, ഇന്ത്യയിൽ സൈന്ധവ സംസ്കാരത്തിന്റെ നാശവും ആര്യൻമാരുടെ അധിനിവേശവും തുടങ്ങിയവ ഇതിന് ഉപോൽബലകമായ തെളിവുകളായി നിരത്തപ്പെട്ടു. ഇത്തരത്തിലുള്ള വൻകുടിയേറ്റത്തിന്റെ കാരണങ്ങൾ ഇന്നും വ്യക്തമല്ല. കുടിയേറ്റം നടന്നരീതിയും മാർഗ

ങ്ങളും വ്യക്തമല്ല. ഇന്ത്യയിലെ ഋഗ്വേദം ഈ കുടിയേറ്റക്കാലത്ത് രചിക്കപ്പെട്ട താണെന്നാണ് പൊതുവെ കരുതപ്പെടുന്നത്. അതിൽപോലും സപ്ത സിന്ധു വെന്ന പ്രദേശമൊഴിച്ച് മദ്ധ്യേഷ്യയെക്കുറിച്ചുള്ള ഓർമകൾപോലും കാണാൻ കഴിയില്ല.

സൈന്ധവസംസ്കാരത്തെക്കുറിച്ചുള്ള തെളിവുകളിൽ, അതിനെ നശിപ്പിച്ചത് ഏതെങ്കിലും 'വിദേശീയരുടെ' പടയോട്ടമായിരുന്നുവെന്ന സൂചനകൾ വിരളമാണ്. അല്പമെങ്കിലുമുള്ളത് ഹാരപ്പയിലാണ്. മറ്റുനഗരങ്ങളുടെ തകർച്ച വെള്ളപ്പൊക്കം, വരൾച്ച, രാജസ്ഥാന്റെ മരുഭൂവൽക്കരണം, രാജസ്ഥാനിലൂടെ ഒഴുകിയിരുന്ന സരസ്വതീനദിയുടെ നാശം തുടങ്ങിയവ നഗരങ്ങളെ നശിപ്പിച്ചതായി സൂചനകൾ ധാരാളമുണ്ട്. വാൾട്ടർ ഫെയർസർവീസ്, ആർ. എൽ.റെയ്ക്ക്സ് മുതലായ പണ്ഡിതന്മാർ സൈന്ധവസംസ്കാരത്തിന്റെ നാശത്തിനുകാരണമായി ഈ മാറ്റങ്ങളെയാണ് ചൂണ്ടിക്കാണിക്കുന്നത്.

അപ്പോൾ ആര്യന്മാർ ആരായിരുന്നു? കാസ്പിയൻ കടലിൻ സമീപത്തിൽ നിന്ന് സിന്ധുനദീതടത്തേക്കു കുടിയേറിയ ആര്യ (സംസ്കൃത) ഭാഷ സംസാരിച്ച ഗോത്രവർഗക്കാരായിരുന്നു ആര്യന്മാർ. ഇവർ ഇന്ത്യയിലെ ആദിവാസികളായിരുന്നുവെന്ന വാദത്തിന് തെളിവുകളില്ലെന്നു മാത്രമല്ല ഇന്ത്യയുടെ അതിപ്രാചീന കാലത്തെ സംസ്കാരത്തെക്കുറിച്ച് തെറ്റായ ധാരണകൾ സൃഷ്ടിക്കാനുമാണ് അത് സഹായിക്കുന്നത്. ഇന്ത്യയിലെ അതി പ്രാചീനസംസ്കാരങ്ങൾ സിന്ധു, നർമദാനദീതടങ്ങളിൽ നിന്നും ഗുജറാത്ത്, മഹാരാഷ്ട്ര, കിഴക്കേ ഇന്ത്യ മുതലായ പ്രദേശങ്ങളിലെ ചില സ്ഥലങ്ങളിൽ നിന്നുമാണ് കണ്ടെടുത്തിട്ടുള്ളത്. ഇവയൊന്നുംതന്നെ 'ആര്യ'ന്മാരുടേതായി കരുതാൻ നിർവാഹമില്ല. സിന്ധു ഗംഗാനദീതടത്തിൽ വളർന്നുവന്ന സംസ്കാരത്തിൽ 'ആര്യ' ഭാഷ സംസാരിക്കുന്നവരും അവരുടേതായ സംഭാവനകൾ നൽകിയിട്ടുണ്ടെന്നു മാത്രം.

ദേശിയ ചരിത്രകാരന്മാർ ദേശീയവിമോചനത്തിനുവേണ്ടി പോരാടാനുള്ള ആശയസംഹിതയായി അവരുടെ ചരിത്രപഠനങ്ങളെ ഉപയോഗിച്ചുവെങ്കിൽ വർഗീയചരിത്രവീക്ഷണം ദേശീയ ബോധത്തിനു തന്നെ പുതിയ മാനം നൽകാനാണ് ശ്രമിച്ചത്. ഭാരതീയ സാംസ്ക്കാരിക പൈതൃകം ഹിന്ദു പൈതൃകമായി വിലയിരുത്തപ്പെടുകയും സ്വതന്ത്ര ഇന്ത്യയുടെ ഘടന ഹിന്ദുരാഷ്ട്രമായിരിക്കുമെന്ന് വിഭാവനം ചെയ്യപ്പെടുകയും ചെയ്തു. ബ്രിട്ടീഷ് വിരുദ്ധ പ്രചരണത്തിനോടൊപ്പമോ അതിനേക്കാളധികമോ പ്രാധാന്യം മുസ്ലീം വിരുദ്ധ പ്രചരണത്തിനുനൽകപ്പെട്ടു. ബ്രിട്ടീഷുകാർ സ്വന്തം ഭിന്നിപ്പിച്ചു ഭരിക്കൽ നയത്തിന്റെ ഭാഗമായി മതസമുദായങ്ങൾ തമ്മിലുള്ള ഭിന്നതയെ ഫലപ്രദമായി ഉപയോഗിക്കുകയും ചെയ്തു. സ്വാതന്ത്ര്യലബ്ധിക്കുമുമ്പുതന്നെ വളർന്നുവന്ന ഈ പ്രവണതകൾ സ്വതന്ത്ര ഇന്ത്യയുടെ വർഗീയവൽക്കരണത്തെ സഹായിച്ചു.

ദേശീയ പ്രസ്ഥാനത്തിൽനിന്നും വ്യത്യസ്തമായ പ്രവണതയായുള്ള വർഗീയതയുടെ വളർച്ച വർഗീയ ചരിത്ര ബോധത്തിന്റെ വികാസത്തിന്റെ ആക്കം വർധിപ്പിച്ചു. വ്യത്യസ്ത മതസമുദായങ്ങളുടെ കൂട്ടമാണ് ഇന്ത്യയെന്നും അവയുടെ വ്യക്തിത്വം നിലനിർത്തിക്കൊണ്ടുള്ള സമന്വയമാണ് ദേശീയ പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്ക് ആവശ്യമായത് എന്ന ബോധം ആദ്യകാല ദേശീയ വാദികളിൽ തന്നെയുണ്ടായിരുന്നു. വിവിധ ഹിന്ദു സംഘടനകൾ (ഹിന്ദുസഭ, ഹിന്ദുമഹാസഭ) സ്ഥാപിക്കുന്നതിനും നേതൃത്വം കൊടുക്കുന്നതിനും ദേശീയ വാദികൾതന്നെയാണ് (മദൻമോഹൻ മാളവിയ, ലാലാല ജ്പത്റായ്) മുൻകയ്യെടുത്തത്. ദേശീയതയുടെ ചിഹ്നങ്ങളായി വിനായകചതുർഥി, ശിവജയന്തി, ദുർഗാപൂജ മുതലായവയെ പ്രോത്സാഹിപ്പിച്ചതും അവർ തന്നെ. ആർ. എസ്.എസ്. സ്ഥാപിക്കുന്നതിനു മുൻകൈയെടുത്ത ഹെഡ്ഗെവാറും മുൻജെയും തിലക്കിന്റെ അനുയായികളും കോൺഗ്രസ് പ്രവർത്തകരുമായിരുന്നു.

വിപുലമായ ജനകീയ ബ്രിട്ടീഷ് വിരുദ്ധ പ്രസ്ഥാനങ്ങൾ (നിസ്സഹകരണ പ്രസ്ഥാനം, 1921 ഉപ്പുസത്യാഗ്രഹം, 1930-31 സിവിൽനിയമ ലംഘന പ്രസ്ഥാനം) മുതലായവ നിർത്തിവെക്കപ്പെട്ട സാഹചര്യങ്ങളിലാണ് വർഗീയ സംഘടനകളും സംഘർഷങ്ങളും വളർന്നുവന്നത്. നിസ്സഹകരണപ്രസ്ഥാനത്തിനുശേഷം പഞ്ചാബ്, ബംഗാൾ മുതലായ സ്ഥലങ്ങളിൽ നടന്ന വർഗീയ കലാപങ്ങൾ ഉദാഹരണങ്ങളാണ്. ദേശീയവാദികൂടിയായിരുന്ന സ്വാമി ശ്രദ്ധാനന്ദ് ഹിന്ദുക്കളുടെ മതപരമായ സംരക്ഷണത്തിനും മുസ്ലീങ്ങളായി മാറിയവരെ ഹിന്ദുമതത്തിലേക്കു തിരിച്ചുകൊണ്ടുവരുന്നതിനുമായി 'ശുദ്ധി', 'സംഘൻ' എന്നീ പ്രസ്ഥാനങ്ങൾ ആരംഭിച്ചു.

ഇതിനെതിരായി മുസ്ലീങ്ങൾ 'തബ്ലീഗ്', 'താൻസിം' എന്നീ പ്രസ്ഥാനങ്ങൾ ആരംഭിച്ചു. 1931-ൽ കാൺപൂരിൽ നടന്ന ഹിന്ദുമുസ്ലീം ലഹളയിൽ ഇരു ഭാഗത്തും നേതൃത്വം നൽകിയത് ദേശീയവാദികൾ തന്നെയായിരുന്നു. അതായത് ഒരു വിഭാഗം ദേശീയവാദികളെങ്കിലും മതാധിഷ്ഠിതമായ ചരിത്ര ബോധമുൾക്കൊണ്ടിരുന്നു. ഓരോ കലാപവും മതവിഭാഗങ്ങൾ തമ്മിലുള്ള ശത്രുത വർധിപ്പിക്കുകയും വർഗീയ ചരിത്രബോധത്തിന്റെ സ്വാധീനവലയത്തിൽ അവരെ കൊണ്ടുവരികയും ചെയ്തു. ഇതിന്റെ ഫലമായി തൊട്ടടുത്തു നടന്ന സംഭവങ്ങൾപോലും വളച്ചൊടിക്കപ്പെട്ട നിലയിൽ അവതരിപ്പിക്കപ്പെട്ടു. ഉദാഹരണത്തിന് ചൗരിചൗരാസംഭവത്തിനുശേഷം ഗാന്ധിജി നിസ്സഹകരണ പ്രസ്ഥാനം പിൻവലിക്കുകയാണ് ചെയ്തത് എന്നതാണ് വസ്തുത. എന്നാൽ മഹാരാഷ്ട്രയിലെ ഹിന്ദുവർഗീയ വാദികൾ പ്രചരിപ്പിച്ചത് ഖിലാഫത്ത് പ്രസ്ഥാനക്കാർ നിസ്സഹകരണപ്രസ്ഥാനത്തെ തകർത്തുവെന്നാണ്. കേരളത്തിലെ മലബാർ കലാപം ബ്രിട്ടീഷ് വിരുദ്ധകലാപമായാണ് അന്നത്തെ ദേശീയവാദികൾ വിലയിരുത്തിയത്. എങ്കിലും ഹിന്ദുക്കൾക്കെതിരായ വമ്പിച്ച ആക്രമണമായാണ് വടക്കേ ഇന്ത്യയിൽ പ്രചരിപ്പിക്കപ്പെട്ടത്.

ബ്രിട്ടീഷ് നയങ്ങളും അതിന്റേതായ പങ്കുവഹിച്ചു. 1909-ലെ മിന്റോ മോർലി ഭരണപരിഷ്കാരങ്ങൾ, 1932-ലെ 'കമ്യൂണൽ അവാർഡ്' എന്നിവ മതസ

മുദായങ്ങളുടെ അടിസ്ഥാനത്തിലുള്ള നിയോജകമണ്ഡലങ്ങളും തെരഞ്ഞെടുപ്പുകളും ഉറപ്പുവരുത്തി. മതവിഭാഗങ്ങളുടെ അടിസ്ഥാനത്തിൽ തൊഴിൽ സൗകര്യങ്ങൾ വിഭജിച്ചു. ഇവയെല്ലാം സമുദായങ്ങൾ തമ്മിലുള്ള അകൽച്ച വർധിപ്പിച്ചു.

വളർന്നുവന്ന വർഗീയ ചരിത്രവീക്ഷണവും വർഗീയ പ്രസ്ഥാനങ്ങളും തമ്മിലുള്ള ബന്ധം സ്വാതന്ത്ര്യത്തിനുമുമ്പുതന്നെ പ്രകടമായി. ആർ. എസ്.എസ്. ഹിന്ദുരാഷ്ട്രവാദം മുദ്രാവാക്യമായുയർത്തുകയും വി.ഡി.സവർക്കർ ഇത് ഒരു ആശയസംഹിതയായി പ്രചരിപ്പിക്കുകയും ചെയ്തു. 1940–ൽ മുസ്ലീംലീഗ് പാക്കിസ്ഥാൻ മുദ്രാവാക്യമുയർത്തിയതും ഹിന്ദുരാഷ്ട്രവാദികളെ സഹായിച്ചു. മുസ്ലീങ്ങളുടെ സാമ്രാജ്യതാല്പര്യങ്ങളുടെ സൂചനയാണ് പാക്കിസ്ഥാനെന്ന് അവർ പ്രചരിപ്പിച്ചു. ഈ ശക്തമായ പ്രചരണമാണ് ഭയാനകമായ ഹിന്ദുമുസ്ലീം ലഹളകളിലെത്തിച്ചതും, ഗാന്ധിജിയുടെ കൊലപാതകമുൾപ്പെടെയുള്ള ദാരുണ സംഭവങ്ങളിലേക്ക് നയിച്ചതും.

ഹിന്ദുത്വം എന്ന ആശയം ഈ കാലഘട്ടത്തിന്റെ സൃഷ്ടിയാണ്. 1923–ൽ വി.ഡി. സവർക്കർ തയ്യാറാക്കിയ ഹിന്ദു ആരാണ്? എന്ന ലഘുലേഖയിലാണ് ഹിന്ദുത്വം എന്ന ആശയം പ്രകടമായി വരുന്നത്. ഇതിൽ ഹിന്ദു എന്നത് "സിന്ധു മുതൽ സമുദ്രം വരെയുള്ള ഭാരതവർഷം മുഴുവൻ തന്റെ പിതൃഭൂമിയായി, തന്റെ മതത്തിന്റെ കളിത്തൊട്ടിലായ പുണ്യഭൂമിയായി കരുതുന്ന ആളുകളാണ്." അതായത് അഹിന്ദുക്കൾക്കും ഇന്ത്യയെ തങ്ങളുടെ പിതൃഭൂമിയായി കരുതാം. പക്ഷേ, മതപരമായി പുണ്യഭൂമിയായി കരുതാനാവില്ല. ഇത്തരത്തിൽ മുസ്ലീങ്ങളും ക്രിസ്ത്യാനികളും ഒഴിവാക്കപ്പെടുന്നു. ഗോൾവാൾക്കർ തന്റെ "വിചാരധാര"യിൽ കമ്യൂണിസ്റ്റുകാരെയും ഒഴിവാക്കേണ്ട ദേശീയവിരുദ്ധരുടെ പട്ടികയിൽ പെടുത്തി. ഈ ആശയമാണ് മുപ്പതുകളിലും നാൽപതുകളിലും ഹിന്ദുരാഷ്ട്രവാദത്തിലേക്കു നയിച്ചത്. പാക്കിസ്താനെതിരായ പ്രചരണത്തിലേക്കും. ഇതിന്റെ സ്വാധീനമാണ് ഇന്നത്തെ ഹിന്ദുചരിത്രകാരന്മാരേയും രാഷ്ട്രീയശക്തികളേയും സ്വന്തം നിലപാടുകളെടുക്കാൻ ഇന്നു പ്രേരിപ്പിക്കുന്നത്.

## 6. സ്വതന്ത്ര ഇന്ത്യയുടെ വർഗീയവൽക്കരണം

സ്വാതന്ത്ര്യത്തിനുമുമ്പ് ബ്രിട്ടീഷ് "രാജി"ന്റെ മർദനരൂപങ്ങളും അതിനെതിരായ ദേശീയ പ്രസ്ഥാനവുമാണ് വിവിധ ചരിത്രരചനാരീതികളെ സൃഷ്ടിച്ചത്. സ്വാതന്ത്ര്യത്തിനുശേഷം ഇന്ത്യയുടെ വികസനപ്രശ്നങ്ങളാണ് വർഗീയ വൽക്കരണത്തെ ശക്തിപ്പെടുത്തുന്നതെന്ന് കാണാം. വർഗീയ ചരിത്രബോധം ശക്തിപ്പെടുത്തുന്നത് സമൂഹത്തിന്റെ വർഗീയ വൽക്കരണത്തിന്റെ സാഹചര്യങ്ങളിലാണ്.

സ്വതന്ത്ര ഇന്ത്യയുടെ പ്രസക്തമായ സാമൂഹ്യപ്രശ്നങ്ങൾ താഴെ പറയുന്നവയാണ്.

സ്വതന്ത്ര ഇന്ത്യയുടെ വികസനനയങ്ങൾ ധനികരും ദരിദ്രരും തമ്മിലുള്ള അന്തരത്തെ ശക്തിപ്പെടുത്തിയിരിക്കുന്നു. ഭൂസ്വത്തുൾപ്പെടെയുള്ള വിഭവസമ്പത്തു മുഴുവൻ പത്തുശതമാനം വരുന്നധനികരിലൊതുങ്ങുമ്പോൾ ദരിദ്രഭൂരിപക്ഷം കൂടുതൽ ദയനീയമായ ജീവിതസാഹചര്യങ്ങളിലേക്കു നീങ്ങുന്നു.

എഴുപതുകളിലും എൺപതുകളിലുമായി വികസനത്തിൽ വന്ന മാന്ദ്യം പ്രശ്നങ്ങളെ കൂടുതൽ രൂക്ഷമാക്കിയിരിക്കുന്നു. തൊഴിലില്ലായ്മ, പാപ്പരീകരണം, ഭൂരഹിതകർഷകരുടെയും അസംഘടിത തൊഴിൽ സേനയുടെയും വളർച്ച തുടങ്ങിയവ സൂചകങ്ങളാണ്. സമഗ്രമായ കാർഷികവിപ്ലവത്തിന്റെ അഭാവം മൂലം ഫ്യൂഡൽ-അർധഫ്യൂഡൽ ബന്ധങ്ങൾ ഗ്രാമങ്ങളിൽ ശക്തമാണ്. വിവിധ പ്രദേശങ്ങളുടെ അസന്തുലിതമായ വളർച്ചയും, ഗ്രാമങ്ങളും നഗരങ്ങളും തമ്മിലുള്ള വൻതോതിലുള്ള അന്തരവും സാമൂഹ്യമായ സംഘർഷങ്ങൾ വർധിപ്പിക്കുന്നു. ഇവയെല്ലാം ചേർന്നു സൃഷ്ടിക്കുന്ന സംഘർഷാത്മകമായ അന്തരീക്ഷം ജനാധിപത്യവിരുദ്ധമായ പ്രവണതകൾക്കു ശക്തി പകരുകയാണ്.

സാമ്പത്തികമാന്ദ്യം ഒരു സമാന്തര സമ്പദ്വ്യവസ്ഥയെയും ശക്തിപ്പെടുത്തുന്നുണ്ട്. പണമിടപാടുകാർ, ഹുണ്ടികക്കാർ, കരിഞ്ചന്തയും പൂഴ്ത്തിവയ്പും നടത്തുന്നവർ, കള്ളക്കടത്തുകാർ, കുഴൽപണക്കാർ മുതലായവരടങ്ങിയ "ഇരപിടിയൻ" വാണിജ്യവർഗത്തെ ശക്തിപ്പെടുത്തുന്നു. മുതലാളിവർഗവും ഇവർക്കനുകൂലമാണ്. നഗരത്തിലെ പാവപ്പെട്ടവരും ഇടത്തരക്കാരുമാണ് ഇവരുടെ കയ്യിലകപ്പെടുന്നത്. ഇവർ തമ്മിലുള്ള സംഘർഷങ്ങൾ നഗരങ്ങളിൽ അശാന്തമായ അന്തരീക്ഷം സൃഷ്ടിക്കുന്നു.

മേൽപറഞ്ഞ പ്രശ്നങ്ങളിൽനിന്നു രക്ഷപ്പെടുത്താനും പുതിയ ദേശീയ മൂല്യബോധം സൃഷ്ടിക്കാനുമുള്ള പരിപാടികൾ നിർദേശിക്കാനും ജനാധിപത്യവൽക്കരണ പ്രക്രിയ ശക്തിപ്പെടുത്താനും ഭരണാധികാരികൾക്കു കഴിയുന്നില്ല. ജനാധിപത്യവൽക്കരണം തടയപ്പെടുന്ന സാഹചര്യത്തിൽ വിഭാഗീയ പ്രവണതകൾക്കു ശക്തി വർധിക്കുന്നു. ഭാഷ, മതം, ജാതി, പ്രാദേശികത മുതലായവയെല്ലാം ഈ പ്രവണതകളെ ശക്തിപ്പെടുത്തുന്നു.

ഇന്നത്തെ സാമൂഹ്യപ്രതിസന്ധിയുടെ ഏകദേശചിത്രം നൽകാനുള്ള ശ്രമമാണ് മേൽ നടത്തിയത്. ഇന്ത്യ സ്വതന്ത്രയായതിനുശേഷം ആദ്യത്തെ രണ്ടു ദശകങ്ങളിൽ ഈ പ്രവണത അത്രയും പ്രകടമല്ല. ആസൂത്രിത "മിശ്ര" സമ്പദ്‌വ്യവസ്ഥ, പഞ്ചവത്സര പദ്ധതികൾ, ഭാഷാസംസ്ഥാനങ്ങളുടെ രൂപീകരണം ചില സംസ്ഥാനങ്ങളിൽ ഭൂപരിഷ്ക്കാരത്തിനുള്ള നടപടികൾ, മുതലായവ ശുഭാപ്തി വിശ്വാസത്തിന്റേതായ അന്തരീക്ഷം സൃഷ്ടിച്ചു. ഇക്കാലത്ത് വർഗീയ ബോധം നിലനിന്നത് ഇടത്തരക്കാരായ കച്ചവടക്കാർ, ബ്രോക്കർമാർ, ഹുണ്ടികക്കാർ മുതലായ വിഭാഗങ്ങളിലായിരുന്നു. എഴുപതുകളിലെ സാമ്പത്തിക പ്രതിസന്ധിയും ഭരണകൂടത്തിന്റെ അമിതാധികാരപ്രവണതയും (അടിയന്തരാവസ്ഥ) ഈ ശുഭാപ്തി വിശ്വാസം നഷ്ടപ്പെടുത്തി. സമാന്തര സമ്പദ്‌വ്യവസ്ഥയും വിഭാഗീയ പ്രവണതകളും വളർന്നു വന്നതും ഇക്കാലത്താണ്. ഇന്ത്യയുടെ ജനാധിപത്യവൽക്കരണത്തെ കൂടുതൽ വ്യാപകമാക്കാനും ആഴം വർധിപ്പിക്കാനും (അധികാരവികേന്ദ്രീകരണം, കാർഷിക പരിഷ്ക്കാരങ്ങൾ, പ്രാദേശികതല ആസൂത്രണവും ജനപങ്കാളിത്തവികസന രൂപങ്ങളും) ശ്രമിക്കുന്നതിനു പകരം കൂടുതൽ കേന്ദ്രീകരണവും വരേണ്യ വർഗത്തെ ശക്തിപ്പെടുത്താനുള്ള നയങ്ങളുമാണ് എൺപതുകളിലും നടന്നത്. "പുതിയ സാമ്പത്തിക നയം" ഇതിന്റെ ഏറ്റവും ഒടുവിലത്തെ ഘട്ടമാണ്. ഈ ഘട്ടത്തിൽ വളർന്നുവന്ന അനിശ്ചിതത്വവും നിരാശാബോധവുമാണ് മധ്യവർഗത്തെ മൊത്തത്തിൽ വർഗീയബോധത്തിലാഴ്ത്തിയത്. അടുത്ത കാലത്ത് ബോംബെ, സൂറത്ത്, ഭോപ്പാൽ, മീററ്റ് മുതലായ നഗരങ്ങളിൽ നടന്ന വർഗീയ ലഹളകൾ ഈ പ്രവണത നഗരത്തിലെ അധഃകൃതവിഭാഗങ്ങളിലേക്കും വ്യാപിച്ചതായി കാണിക്കുന്നു. ബോംബെയിലും സൂററ്റിലും ഇടത്തരക്കാരും താഴെതട്ടിലുള്ളവരുമായ ഹിന്ദുക്കളും മുസ്ലിങ്ങളും തമ്മിലാണ് ഏറ്റുമുട്ടിയത്. തൊഴിലാളികൾപോലും വർഗീയവൽക്കരിക്കപ്പെട്ടു.

സ്വതന്ത്ര ഇന്ത്യയിലെ ഗവൺമെന്റുകളുടെ നയങ്ങളും മതനിരപേക്ഷ ജനാധിപത്യം വളർത്തുന്നതായിരുന്നില്ല. എല്ലാ മതങ്ങളും സ്വന്തം വ്യക്തിത്വത്തെ സംരക്ഷിച്ചുകൊണ്ടു അനുരഞ്ജനത്തോടെ വർത്തിക്കുന്ന "സർവമതസമദ് ഭാവ"മായിരുന്നു പ്രധാന ആദർശം. ഈ ആദർശത്തിന്റെ മറയിൽ വിവിധ മതങ്ങളെയും മതവിഭാഗങ്ങളെയും താൽക്കാലിക രാഷ്ട്രീയ നേട്ടങ്ങൾക്കുവേണ്ടി പ്രീണിപ്പിക്കുന്നതിൽ ഭരണരാഷ്ട്രീയക്കാർക്ക് ഒരു മടിയുമുണ്ടായിരുന്നില്ല. മതവിഭാഗങ്ങൾക്ക് സമൂഹത്തിലും രാഷ്ട്രീയത്തിലുമുള്ള സ്വാധീനവും വ്യത്യസ്തകുടുംബ-വ്യക്തിനിയമങ്ങളും ആചാര്യാനുഷ്ഠാനങ്ങളും അതേപടി സംരക്ഷിക്കപ്പെടുകയും പ്രമുഖ രാഷ്ട്രീയപാർട്ടികളിലെ വിഭാഗങ്ങൾതന്നെ ഇവയുടെ സംരക്ഷകരായി പ്രത്യക്ഷപ്പെടുകയും ചെയ്തു. ഇവകൊണ്ട് വ്യവസായങ്ങളുടെ വളർച്ച, ആധുനിക വിദ്യാഭ്യാസത്തിന്റെയും ശാസ്ത്ര സാങ്കേതിക വിദ്യകളുടെയും

വളർച്ച മുതലായ ഭൗതികസാഹചര്യങ്ങളുണ്ടായിട്ടും മതനിരപേക്ഷമായ സാമൂഹ്യ വ്യവഹാരമണ്ഡലം ഉണ്ടായില്ല.

'സർവമത സമദ്ഭാവം' ശ്രീമതി ഇന്ദിരാഗാന്ധിയുടെ ആശയമാണ്. എല്ലാ മതങ്ങളെയും തുല്യമായി കാണുക എന്നാണിതിന്റെ അർഥം. അതായത് എല്ലാ മതങ്ങൾക്കും സമൂഹ പ്രവർത്തനത്തിൽ തുല്യമായ സ്ഥാനം നൽകുക. ഇതിന്റെ ഫലമായി സ്ഥാനങ്ങൾ മതവിഭാഗങ്ങളുടെ അടിസ്ഥാനത്തിൽ പങ്കുവെക്കുക എന്നതും ന്യൂനപക്ഷമതങ്ങൾക്ക് ചില സ്ഥാനങ്ങൾ നൽകി അവരെ "ഉൾക്കൊള്ളുക" എന്നതും സ്ഥിരം പ്രവണതയായി. മതത്തിനതീതമായ സാമൂഹ്യ പ്രവർത്തന മേഖല വളർന്നുവന്നില്ല. എന്നതു മാത്രമല്ല, ന്യൂനപക്ഷ പ്രീണനം എന്ന മുറവിളി ഉയർത്തി ഭൂരിപക്ഷ സമുദായങ്ങൾ സംഘടിക്കാനും ഇതു സഹായിച്ചു. ന്യൂനപക്ഷങ്ങളോടൊപ്പം പിന്നോക്ക വിഭാഗങ്ങളുടെ "താല്പര്യസംരക്ഷണം" പ്രധാന പ്രശ്നമായപ്പോൾ സവർണസംഘടനകളുടെ വളർച്ചയ്ക്കും സഹായിച്ചു. സംവരണം, ന്യൂനപക്ഷപ്രീണനം, മുതലായവ പ്രധാന പ്രശ്നങ്ങളായി എടുത്താണ് ഭൂരിപക്ഷത്തിന്റെ സംഘാടനം സാധ്യമായത്.

എന്നാൽ ന്യൂനപക്ഷപ്രീണനത്തെയും പിന്നോക്ക വിഭാഗങ്ങൾക്കു നൽകിയ ആനുകൂല്യങ്ങളെയും ചൊല്ലി ഉയർന്നു വന്ന മുറവിളി വസ്തുതാപരമായി തെറ്റായിരുന്നു. ഇന്ത്യയിലെ സർവീസ് മേഖലയിലെയും വിവിധ തൊഴിൽ തുറകളിലെയും ഘടനപരിശോധിച്ചാൽ "ന്യൂനപക്ഷ"ങ്ങളുടെയും പിന്നോക്ക സമുദായങ്ങളുടെയും, പ്രാതിനിധ്യം നാമമാത്രമായേ ഉള്ളൂ എന്നു കാണാം. ഈ മേഖലകളിലെ ബഹുഭൂരിപക്ഷം പേരും ഉയർന്ന വിഭാഗത്തിൽപെട്ട ഹിന്ദുക്കളാണ്. ഇന്ത്യയിലെ വ്യവസായ വാണിജ്യമേഖല മുഴുവനും നിർണയിക്കുന്നത്. മാർവാഡികൾ, പാഴ്സികൾ, ഗുജറാത്തി, ബനിയകൾ, ചെട്ടിയാന്മാർ മുതലായ ഹിന്ദുക്കളാണ്. ബോംബെയിലും മറ്റും ഉപരിവർഗത്തിൽപെട്ട കുറച്ച് മുസ്ലീംങ്ങളെ കാണാമെങ്കിലും യഥാർഥത്തിൽ ന്യൂനപക്ഷങ്ങൾക്കുള്ള 'അനർഹ'മായ പരിഗണന എന്ന വാദം ബാലിശമാണ്. ന്യൂനപക്ഷങ്ങളെ അതിൽപെട്ട പാവപ്പെട്ടവരെ സംരക്ഷിക്കുന്നതിലും അവരുടെ അവകാശങ്ങൾ ഉറപ്പുവരുത്തുന്നതിലും കാര്യമായ നടപടികൾ ഉണ്ടായിട്ടില്ല. ഈ മതപ്രീണന നയങ്ങളെ ഗാന്ധിജിയുടെ ആദർശങ്ങളിൽ നിന്നും വ്യത്യസ്തമായി കാണേണ്ടതാണ്. മതപരമായ സംജ്ഞകൾ ജനങ്ങളെ ഏകീകരിക്കുന്നതിനുള്ള ഉപാധികളായാണ് ഗാന്ധിജി ഉപയോഗിച്ചത്. മതമേധാവികളുമായി അദ്ദേഹം ഒരു ബന്ധവും പുലർത്തിയില്ല. എന്നാൽ പുതിയ സമദ്ഭാവ മുദ്രാവാക്യം ബോധപൂർവം മതമേധാവികളുമായി ബന്ധം സ്ഥാപിക്കാനാണ് സഹായിച്ചത്. മതരാഷ്ട്രീയത്തിന്റെ ശക്തമായ സ്വാധീനം ജനങ്ങളെ വിഘടിപ്പിക്കുന്നതിൽ സഹായിക്കുകയും ചെയ്തു. ഡിസംബർ 6-നുശേഷം പോലും ഈ മത പ്രീണനനയത്തിൽ കാര്യമായ മാറ്റമുണ്ടായിട്ടില്ലെന്നതു ദൗർഭാഗ്യകരമാണ്. ഇന്നും വർഗീയ പ്രശ്നങ്ങൾ മതമേധാവികളെ ഉപയോഗിച്ച് ഒത്തുതീർപ്പാക്കാനാണ് ശ്രമം നടക്കുന്നത്. ഇന്ത്യയുടെ ഭരണാധികാരികൾ

പരസ്യമായി മതമേധാവികളുടെ ഇംഗിതങ്ങൾ സാധിച്ചുകൊടുക്കുന്നതിൽ മുൻകയ്യെടുക്കുന്നു.

ഈ സാഹചര്യങ്ങൾ മതരാഷ്ട്രീയത്തിന് യഥേഷ്ടം പ്രവർത്തിക്കാനുള്ള സൗകര്യങ്ങളുണ്ടാക്കി. അൻപതുകളിൽ ഭാരതീയജനസംഘവും നിരവധി ഹിന്ദു ബഹുജനസംഘടനകളും വളർന്നുവന്നു. 1964–ൽ വിശ്വഹിന്ദു പരിഷത്ത് രൂപം കൊണ്ടു. എഴുപതുകളിൽ നിരവധി പ്രാദേശിക സങ്കുചിത വിഭാഗങ്ങളും പഞ്ചാബിലെ സിഖ്രാഷ്ട്രീയവും ശക്തിപ്പെട്ടു. കേരളത്തിൽ മുസ്ലീംലീഗ് ശക്തിപ്പെട്ടു. പ്രമുഖ രാഷ്ട്രീയ പാർട്ടികൾതന്നെ പരസ്യമായ മതപ്രീണനം നടത്തി വോട്ട് ബാങ്കുകൾ ശക്തിപ്പെടുത്താനാരംഭിച്ചു. 'ഹിന്ദു വോട്ടും' 'മുസ്ലീം വോട്ടും' മാധ്യമങ്ങളിലെ ചർച്ചാവിഷയമാകുകയും തെരഞ്ഞെടുപ്പുകളിലെ ഭാഗധേയങ്ങൾ നിർണയിക്കുന്നതിൽ അവയ്ക്കുള്ള സ്ഥാനം പ്രധാനമായി കണക്കാക്കപ്പെടുകയും ചെയ്തു.

വിവിധ മതവിഭാഗങ്ങളുടെ പ്രവർത്തനങ്ങളെ ഒരുപോലെ കാണുന്ന "സമദ്ഭാവ്" പ്രവണത ഇല്ലേ എന്നു ചോദിക്കാം. വർഗീയവൽക്കരണത്തിന്റെ വളർച്ചയിൽ ഭൂരിപക്ഷത്തിനും ന്യൂനപക്ഷത്തിനും പങ്കുണ്ട്. പ്രശ്നം ഇവിടെ മതനിരപേക്ഷ ജനാധിപത്യത്തിന്റെ പരാജയവും ആ സ്ഥാനം വർഗീയവിഭാഗങ്ങൾ കയ്യടക്കിയതുമാണ്. മറ്റൊരു ഘടകവും പ്രധാനമാണ്. വളർന്നുവന്ന സാമ്പത്തിക പ്രതിസന്ധി നിരവധി സ്ഥാപിതതാല്പര്യക്കാരെയും വരേണ്യവിഭാഗങ്ങളെയും "ദുർബല വിഭാഗങ്ങ"ളുടെ സംരക്ഷകരാകാൻ പ്രേരിപ്പിച്ചു. പ്രത്യേകിച്ച് സ്വന്തം ജാതിയിലും മതത്തിലും പെട്ട ദുർബലവിഭാഗങ്ങളുടെ. ഇവിടെ ദുർബലവിഭാഗങ്ങളുടെ ദുർബലതയ്ക്ക് കാരണമായ സാമ്പത്തിക സാമൂഹ്യ പ്രശ്നങ്ങൾ മൂടിവയ്ക്കപ്പെട്ടു. അതിനു പകരം മത–ജാതിപരമായ ഐക്യദാർഢ്യവും അന്യമത–ജാതി വിഭാഗങ്ങളെ ശത്രുക്കളായി കാണുന്ന പ്രവണതയും വർധിച്ചു. എഴുപതുകളിൽ ബെൽച്ചി, നാരായൺപൂർ മുതലായ സ്ഥലങ്ങളിൽ നടന്ന ഹരിജനങ്ങളുടെ കൂട്ടക്കൊലകൾ ജാതിയുടെ മറവിൽനടന്ന ഭൂപ്രഭുത്വമായിരുന്നു. മഹാരാഷ്ട്രയിലെ ദിവൻസിയിലും അഹമ്മദാബാദിലും മീററ്റിലും മൊറാദാബാദിലും നടന്ന വർഗീയ ലഹളകളുടെയെല്ലാം പിന്നിൽ മതവിഭാഗങ്ങളിലെ ഉപരിവർഗങ്ങളുടെ സ്ഥാപിത താല്പര്യമായിരുന്നു പ്രവർത്തിച്ചത്. വർഗീയത നഗരങ്ങളിലെ മധ്യവർഗങ്ങളെയായിരുന്നു ഏറ്റവും വേഗം സ്വാധീനിച്ചത്. കുറച്ചുനേടി, കൂടുതൽ നേടാനാഗ്രഹിക്കുന്നവരും നഷ്ടപ്പെട്ടാൽ, എല്ലാം നഷ്ടപ്പെടുന്നവരും അവരാണല്ലോ സ്വന്തം താല്പര്യങ്ങളെ സംരക്ഷിക്കുന്നതിന അതിനു ഭീഷണിയാകുന്ന 'അന്യ വിഭാഗങ്ങളെ (മറ്റു മതവിഭാഗങ്ങൾ, ജാതികൾ, തൊഴിലാളികൾ, കമ്മ്യൂണിസ്റ്റുകാർ, ദളിത്തുകാർ) ഒഴിവാക്കുന്നതിനും ഫലപ്രദമായ മാർഗമായി മതപരമായ ഐക്യദാർഢ്യത്തെ അവർ കണ്ടു. സ്ത്രീകളെ 'കുടുംബ'ത്തിൽ തളച്ചിടുന്നതിനുള്ള മാർഗവും മതമായിരുന്നു. ഇത്തരത്തിൽ ഇന്ത്യ

യിലെ പ്രധാന നഗരങ്ങളിലെ മധ്യവർഗങ്ങളുടെയിടയിൽ ജാതിമതവർഗീയത യുടെ സ്വാധീനം വളർന്നു. ഏറ്റവും ശക്തമായത് ദൽഹി (ആർ.എസ്.എസ്). ബോംബെ (ശിവസേന). അഹമ്മദാബാദ് (ആർ.എസ്.എസ്). ഉത്തര പ്രദേശിലെ നഗരങ്ങൾ (സവർണജാതികൾ) തുടങ്ങിയവയായിരുന്നു. ഇടതുപക്ഷ രാഷ്ട്രീയത്തിന് ശക്തമായ സ്വാധീനമുണ്ടായ ബംഗാളും കേരളവും ഭാഷാസാമൂഹ്യ പ്രസ്ഥാനങ്ങൾക്ക് സ്വാധീനമുണ്ടായിരുന്ന ദക്ഷി ണേന്ത്യയും (വിശാലാന്ധ്ര, കന്നഡ, ഡി.എം.കെ) ഈ സ്വാധീനത്തിൽനിന്ന് ഒരു പരിധിവരെ വിമുക്തമായി.

ഇത്തരം സംസ്ഥാനങ്ങളിലും ജാതിമത ഗ്രൂപ്പുകൾ ശക്തമായ സമ്മർദ ഗ്രൂപ്പുകളായി പ്രവർത്തിക്കുകയും വോട്ടുബാങ്കുകളെ നിയന്ത്രിക്കുകയും ചെയ്യുന്നു. കേരളത്തിൽ മുസ്ലിംലീഗിന്റെ വളർച്ച ഈ സമ്മർദ ഗ്രൂപ്പുരാഷ്ട്രീയത്തിന് ഏറ്റവും നല്ല ഉദാഹരണമാണ്. മുസ്ലിംലീഗിന്റെ ആധിപത്യമുള്ള മലപ്പുറം ജില്ല ഇന്നും സാമൂ ഹ്യവും സാമ്പത്തികവുമായി പിന്നോക്കമാണ്. പക്ഷേ, കേരള ത്തിലെ വ്യാപാരി വ്യവസായികളിൽ ഒരു വലിയ വിഭാഗം വരുന്ന മുസ്ലിങ്ങളുടെ താല്പര്യങ്ങളെ സംരക്ഷിക്കുന്നതിലും അവർക്ക് ഉയർന്ന ജീവിതനിലവാരം ഉറപ്പുവരുത്തുന്നതിലും ഇവരുടെ സ്വാധീനം ഉപകരിക്കുന്നു.

### 7. വർഗീയ ചരിത്രബോധവും വർഗീയതയും

വിവിധ വർഗീയ പ്രസ്ഥാനങ്ങളിൽ ഏറ്റവും ശക്തമായ പാരമ്പ ര്യവും ശക്തിയും ഭൂരിപക്ഷ വർഗീയതയ്ക്കായിരുന്നു. ഹിന്ദുത്വ ത്തിന്റെ സന്ദേശവുമായി അവർ ഇന്ത്യ മുഴുവൻ വ്യാപിക്കാൻ ശ്രമിച്ചുവെങ്കിൽ മറ്റുള്ളവർക്ക് പ്രാദേശികമോ ചില പ്രത്യേക വിഭാഗ ങ്ങളിലോ ആയ സ്വാധീനമേ ഉണ്ടായുള്ളൂ. ഹിന്ദുത്വത്തിന്റെ അടിസ്ഥാനത്തിൽ ഇന്ത്യൻ സംസ്ക്കാരത്തിന്റെ മുഴുവൻ പൈതൃകം അവകാശപ്പെടുകയും ഹിന്ദുക്കളെ മുഴുവൻ സംഘടിപ്പി ക്കാനുള്ള ശ്രമം നടത്തുകയുമാണ് ഹിന്ദുത്വവാദികൾ ചെയ്തത്. വേദങ്ങൾ, ശാസ്ത്രങ്ങൾ, ഇതിഹാസപുരാണങ്ങൾ, ഭഗവത്ഗീത, ഭക്തിപ്രസ്ഥാനം, ക്ഷേത്രങ്ങൾ, വിവേകാനന്ദൻ, ദയാനന്ദ്, പ്രധാന രാജാക്കന്മാർ, ഗാന്ധി, ടാഗോർ, രാധാകൃഷ്ണൻ, അംബേദ്കർ ഇവ രെല്ലാം ഹിന്ദുത്വവാദികളുടെ പ്രചരണതന്ത്രത്തിന്റെ ഭാഗമായി. മുസ്ലീങ്ങളെ 'അന്യ'രായി കാണുകയും അവർക്കെതിരെ അതിശക്ത മായി പ്രചരണം നടത്തുകയും ചെയ്തു. (മുസ്ലീം ആധിപത്യമാണ് ഭാരതീയ സംസ്ക്കാരത്തെ തകർത്തത്).

മുസ്ലീങ്ങൾ മുഴുവൻ സാമ്രാജ്യവാഞ്ഛയുള്ള വർഗീയ സമുദായമായി മുദ്രകുത്തപ്പെടുകയും പാക്കിസ്ഥാൻ അതിന്റെ ഉദാഹരണമായി ചൂണ്ടിക്കാട്ടപ്പെടുകയും ചെയ്തു. ഹിന്ദുക്കൾക്കെതിരായ ക്രൂരതയുടെയും അസഹിഷ്ണുതയുടേയും ക്ഷേത്രധ്വംസനത്തിന്റെയും പാരമ്പര്യം അവരിലാരോപിക്കപ്പെട്ടു. ഹിന്ദുക്കളുടെ അഹിംസ, സത്യം, നീതി മുതലായ ആദർശങ്ങൾ മുസ്ലീങ്ങളുടെ കണ്ടകത്വവും നിഷ്ഠൂരതയുമായി താരതമ്യപ്പെടുത്തപ്പെട്ടു. ന്യൂനപക്ഷങ്ങൾക്കു നൽകുന്ന ആനുകൂല്യങ്ങൾ, കാശ്മീരിന്റെ പ്രത്യേക പദവി എന്നിവ മുസ്ലീംതന്ത്രങ്ങളുടെ ഉദാഹരണമായി കണ്ടു. ഹിന്ദു താല്പര്യങ്ങളെ പിന്തുണയ്ക്കാത്ത എല്ലാവരും- പ്രത്യേകിച്ച് കമ്മ്യൂണിസ്റ്റുകാരും ലിബറൽ ജനാധിപത്യവാദികളും- ദേശീയവിരുദ്ധരായി മുദ്രകുത്തപ്പെട്ടു. സെക്കുലറിസം മുസ്ലീം പ്രീണനത്തിന്റെ മുഖംമൂടിയായി കപടമതേതരത്വമായി വ്യാഖ്യാനിക്കപ്പെട്ടു. ഇത്തരത്തിൽ, ഇന്ത്യാ ചരിത്രത്തെയും സംസ്കാരത്തെയും സമകാലീന സ്ഥിതിവിശേഷങ്ങളുമായി ബന്ധപ്പെടുത്തുന്ന സ്വയം സമ്പൂർണമായ ആശയ സംഹിതയായി ഹിന്ദുത്വം വളർന്നുവരുകയാണ്.

ഹിന്ദുത്വം അവകാശപ്പെടുന്ന 'പൈതൃക'ത്തിന്റെ സ്വഭാവം ശാസ്ത്രീയമായി കണ്ടെത്തപ്പെട്ട വസ്തുനിഷ്ഠയാഥാർഥ്യങ്ങളുടെ അടിസ്ഥാനത്തിലല്ലേ എന്നു തോന്നാം. കാരണം ഹിന്ദുത്വവാദികളും ഉദ്ധരിക്കുന്നത് ആധികാരിക രചനകളെയാണ്. പുരാവസ്തു വിജ്ഞാനീയം, ലിഖിതവിജ്ഞാനീയം തുടങ്ങിയവയെപ്പോലും അവർ ഉപയോഗിക്കുന്നു. പക്ഷെ, ഇവയിൽനിന്ന് യഥാർഥ ചരിത്രവസ്തുതകളെ കണ്ടെത്തുന്നതിനുപകരം ചരിത്രത്തെ സമൂഹത്തിന്റെ മിത്താക്കി മാറ്റുകയാണിവർ ചെയ്യുന്നത്. ഈ മിത്തുവൽക്കരണത്തിന് പല മുഖങ്ങളുണ്ട്. ഒന്ന്, രാമായണം പോലെയുള്ള മിത്തിന്റെ സ്വഭാവമുള്ള കഥയെ ചരിത്രമാക്കി മാറ്റുക. രാമായണത്തിന് നിരവധി രൂപങ്ങളുണ്ടെന്നും അവയിലെല്ലാം രാമനും അയോധ്യയും തമ്മിലുള്ള ബന്ധംപോലും വ്യത്യസ്ത രീതിയിലാണ് പ്രത്യക്ഷപ്പെടുന്നത് എന്നുമുള്ള വസ്തുത അവർ മറച്ചുവെക്കുനു (Ref. കാമിൽ ബുൽക്കെയുടെ 'രാമകഥ' പരിശോധിക്കുക). തുടർന്ന് രാമനെയും രാമരാജ്യത്തെയും ആദർശവൽക്കരിക്കുന്നു. 'രാമരാജ്യം' വർണാശ്രമധർമത്തിലും ജാതിവ്യവസ്ഥയിലും അധിഷ്ഠിതമായ, സമൂഹത്തിലെ അധ:കൃതരുടെയും സ്ത്രീകളുടെയും അധമസ്ഥാനം ഉറപ്പുവരുത്തുന്ന ആധിപത്യ രൂപമാണെന്നതുപോലും മറച്ചു വെയ്ക്കുന്നു. കൃഷ്ണജന്മഭൂമിയെക്കുറിച്ചുള്ള മിത്തും ഇതുപോലെ തന്നെ. കൃഷ്ണൻ ആരാണെന്നതിന് രാമനുള്ള കൃത്യതപോലും ഇല്ല. വൈഷ്ണവരുടെ സാരോപദേശഗ്രന്ഥമായ ഭഗവദ്ഗീതയെ ബൈബിളിനും ഖുറാനും തുല്യമായ മതഗ്രന്ഥമായി ഉയർത്തുന്നു. കൗടില്യന്റെ അർഥശാസ്ത്രത്തിലെ രാഷ്ട്രസങ്കല്പം ആദർശ ഭാരതരാഷ്ട്രമായും കണക്കാക്കുന്നു. ഏറ്റവും പ്രധാനപ്പെട്ട മിത്ത് ഹിന്ദുമ

തത്തിന്റെതാണ്. 'ഹിന്ദു' എന്നത് സിന്ധു നദീതടവാസികൾക്ക് നൽകിയിരുന്ന പേരാണെന്നും ഇന്നത്തെ ഇന്ത്യ മുഴുവൻ പോലും ഈ പേര് കുറിക്കുന്ന ഭൂമിശാസ്ത്രത്തിൽ ഉൾപ്പെടുന്നില്ലെന്നുള്ളതും മറച്ചുവെക്കുന്നു. ദക്ഷിണേന്ത്യയെ തമിഴകം (ദമിരിക്ക) എന്നാണറിഞ്ഞിരുന്നത്. സിന്ധുഗംഗാസമതലത്തിനപ്പുറം ഭാരതവർഷത്തിന്റെ ആശയവുമുണ്ടായിരുന്നില്ലെന്നതും മറച്ചുവെക്കുന്നു. അതിനുശേഷം 'ഹിന്ദു' എന്നത് പ്രാചീന ഭാരതീയർ മുഴുവനുമുൾക്കൊണ്ടിരുന്ന മതസമുദായമായും ഭാരതവർഷം എന്നത് 'സിന്ധു മുതൽ ഇന്ത്യാസമുദ്രം വരെയുള്ള' ആധുനിക ഇന്ത്യ ആയി വ്യാഖ്യാനിക്കുകയും ചെയ്യുന്നു! ഏറ്റവും അപകടകരമായ മിത്താണ് ആയിരം വർഷത്തെ ഹിന്ദു മുസ്ലീം സംഘർഷങ്ങളെക്കുറിച്ചുള്ളത്. ചുരുങ്ങിയത് 14-ാം നൂറ്റാണ്ടു വരെയെങ്കിലും മുസ്ലീങ്ങളെ ഒരു പ്രത്യേക മതസമുദായമായി തിരിച്ചറിഞ്ഞിരുന്നില്ലെന്നതും തുരുഷ്കർ, പാർസികർ, യവനർ മുതലായ പ്രാദേശികനാമങ്ങളിലാണ് അവരെ അറിഞ്ഞിരുന്നതെന്നും മറച്ചു വെക്കപ്പെടുന്നു. ഹിന്ദു-മുസ്ലീം സംഘർഷത്തെക്കാളുപരി സമന്വയത്തിന്റേതായ നിരവധി മേഖലകൾ സമൂഹത്തിലും സംസ്കാരത്തിലും വളർന്നുവന്നിരുന്നുവെന്നും ഈ സമന്വയ സംസ്ക്കാരവും ഭാരതീയ പൈതൃകത്തിന്റെ ഭാഗമാണെന്നതും മറച്ചുവെക്കപ്പെടുന്നു. ഹിന്ദു-മുസ്ലീം സംഘർഷങ്ങളെക്കാളധികം സംഘർഷങ്ങൾ മുസ്ലീങ്ങൾ തമ്മിൽത്തമ്മിലും (സുൽത്താനേറ്റുകളിലെയും മുഗൾ സാമ്രാജ്യത്തിലെയും ആഭ്യന്തര കലഹങ്ങൾ) 'ഹിന്ദു' രാജ്യക്കാർ തമ്മിലുമുണ്ടായിരുന്നുവെന്ന വസ്തുതയും മറച്ചുവെക്കപ്പെടുന്നു.

മിത്തുവൽക്കരണത്തിന്റെ മറ്റൊരു വശം 'ഹിന്ദുമത'ത്തിന്റേതായ ചിഹ്നങ്ങളെ സൃഷ്ടിക്കുകയാണ്. കാവിക്കൊടി, പൊട്ടുകളും കുറികളും, സ്വസ്തിക ചിഹ്നം, താമര തുടങ്ങിയവ ഉദാഹരണം. ഹിന്ദുസന്നദ്ധഭടന്റെ വേഷം ബ്രിട്ടീഷ് പോലീസുകാരന്റെ കാക്കിട്രൗസറാണ്. രാമന്റെ സേവകനായ ഹനുമാൻ സന്നദ്ധഭടന്റെ സേവനസന്നദ്ധതയുടെ പ്രതിരൂപമാണ്. (ബജരംഗ് ദളിന്റെ ആസ്ഥാനദേവത ഹനുമാനാണല്ലോ.) ഉത്സവങ്ങൾ, വിവിധതരം പൂജകൾ (രക്ഷാബന്ധൻ, മകരസംക്രാന്തി, രാമനവമി, ജന്മാഷ്ടമി) തുടങ്ങിയവ മതത്തിന്റെ പ്രതീകങ്ങളാണ്. ക്ഷേത്രങ്ങളുടെ പുനരുദ്ധാരണം മതകേന്ദ്രങ്ങളുടെ സൃഷ്ടിയാണ്. പ്രാചീന ഋഷികളുടെ രാഷ്ട്രീയാധിപത്യത്തിന്റെ തുടർച്ചയായാണ് ആധുനിക സന്യാസിമാരെ (മഹന്ത്, മുനി, സ്വാമി, ആചാര്യ) അഗ്രഗണ്യസ്ഥാനത്ത് അവരോധിക്കുന്നത്. ഇത്തരത്തിൽ ഏകീകൃതമായ ഒരു 'ഹിന്ദു മതം' സൃഷ്ടിച്ചെടുക്കാനുള്ള ശ്രമവും നടക്കുന്നു.

മുസ്ലീങ്ങൾക്കെതിരായ പ്രചരണം വർഗീയ പ്രചരണത്തിന്റെ അവിഭാജ്യ ഘടകമാണ്. ദൽഹിയിൽ വിശ്വഹിന്ദു പരിഷത്ത് പ്രചരിപ്പിച്ചത് മുസ്ലീങ്ങൾ ഹിന്ദുസ്ത്രീകളെ ബലാത്സംഗം ചെയ്ത് സ്വന്തം സമുദായത്തെ വർധിപ്പിക്കാനുള്ള ഗൂഢാലോചന നടത്തുന്നുവെന്നാണ്. തങ്ങൾക്ക് ഇഷ്ടംപോലെ കല്യാണം കഴിക്കാമെന്നതിനു പുറമെയാണത്. ഇത്തരത്തിൽ പെറ്റുപെരുകി ഹിന്ദുക്കളെക്കാളധികമാകാനും അതുവഴി ഇന്ത്യയുടെ ആധിപത്യം പിടിച്ചെ

ടുക്കാനുമുള്ള ഗൂഢമായ പദ്ധതി അവർ മുസ്ലീങ്ങളുടെ മേൽ ആരോപിക്കുന്നു. മുസ്ലീങ്ങളുടെ അക്രമം എപ്പോഴും അവരുടെ ആധിപത്യ മോഹത്തിന്റെയും അസഹിഷ്ണുതയുടെയും ദുരാഗ്രഹത്തിന്റെയും സൂചനയാണ്. ഹിന്ദുക്കളുടെ ആക്രമം എപ്പോഴും പ്രതിരോധമാണ്. മുസ്ലീങ്ങൾ ഭീകരമായ രീതിയിൽ ആക്ര മിക്കപ്പെട്ട ഭാഗൽപൂർ, മാലിയേന, മോറാദാബാദ്, മീററ്റ് മുതലായ സ്ഥലങ്ങ ളിൽപോലും കുറ്റം "അവർക്കാണ്." ഇത്തരത്തിൽ ഇരയെ പഴിചാരുന്ന (Victim-blaming) സിദ്ധാന്തം ഹിന്ദുത്വത്തിന്റെ പ്രചരണത്തിന് വൻതോതിൽ സഹായിച്ചിട്ടുണ്ട്.

ഇത്തരത്തിൽ വളർന്നുവന്ന ഹിന്ദുത്വവാദത്തിന്റെ ഏറ്റവും ശക്തമായ മുന്നേറ്റമാണ് ബാബരി മസ്ജിദ് പ്രശ്നത്തിന്റെ പശ്ചാത്തലത്തിൽ ഉണ്ടായത്. വർധിച്ചുവന്ന സാമ്പത്തിക പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ, സാധാരണ ജനങ്ങൾ നേരിടുന്ന ദാരിദ്ര്യത്തിൽനിന്നും അരക്ഷിതാവസ്ഥയിൽനിന്നും മുതലെടുക്കുന്നതിനും അവരെ സംഘടിതമായി 'ശത്രുക്കളായ' മുസ്ലീങ്ങൾക്കും മറ്റു "കപടമതനിരപേക്ഷ" വാദികൾക്കും എതിരായി തിരിച്ചുവിടുന്നതിനും പ്രാപ്തമായ മുദ്രാവാക്യം അവർ തേടി. രാമജന്മഭൂമിയെ സംബന്ധിച്ച് അപ്രധാനമായ ഒരു പ്രാദേശിക തർക്കത്തെ ഉപയോഗിച്ചാണ് ഈ പ്രസ്ഥാനം അവർ സൃഷ്ടിക്കാൻ ശ്രമിച്ചത്. അയോദ്ധ്യയിലെ 'ബാബരിമസ്ജിദ്' എന്നു വിശേഷിപ്പിക്കപ്പെട്ട പള്ളിയുടെ സ്ഥാനത്ത് ഒരു ക്ഷേത്രമുണ്ടായിരുന്നുവെന്ന് അടിസ്ഥാന രഹിതമായ 'തെളിവു'കൾ ഉപയോഗിച്ച് വാദിക്കുകയും അത് ശ്രീരാമജന്മഭൂമി ക്ഷേത്രമാണെന്ന് സ്ഥാപിക്കാൻ ശ്രമിക്കുകയും ചെയ്തു. ഇതിനെ തുടർന്ന് ചരിത്രകാരന്മാർക്കിടയിൽ വിവാദമുയർന്നു. വിവാദം നടക്കവെതന്നെ വിശ്വഹിന്ദുപരിഷത്തിന്റെ നേതൃത്വത്തിൽ അതിശക്തമായ പ്രചരണം നടന്നു, വിദേശിയായ ബാബർ സ്ഥാപിച്ച പള്ളി പൊളിച്ച് ക്ഷേത്രം പണിയേണ്ടതാണെന്ന്. രാമജന്മഭൂമി "വീണ്ടെടുക്കു"ന്നതിനുള്ള ആവേശം ഭ്രാന്തായി മാറുന്നതുവരെ പ്രചരണം തുടർന്നു. അതിനെ എതിർത്തവരെയെല്ലാം ദേശദ്രോഹികളായി മുദ്രയടിക്കപ്പെട്ടു. ഈ പ്രചരണത്തിന്റെ ഫലമാണ് ഡിസംബർ-6 ന് അയോദ്ധ്യയിലെ പള്ളി തകർക്കൽ. തുടർന്ന് നടന്ന ലഹളകളിലും വേട്ടയാടപ്പെട്ടവർ മുസ്ലീങ്ങളായിരുന്നു.

ബാബരി മസ്ജിദിനെച്ചൊല്ലിയുള്ള ചരിത്രപരമായ വിവാദം ഇവിടെ വിശദീകരിക്കുന്നില്ല. (വിശദാംശങ്ങൾക്ക് 'സാംസ്കാരിക ഫാസിസത്തിന്റെ സമകാലീന മുഖം' – ചിന്ത 'രാമജന്മഭൂമി–ബാബരിമസ്ജിദ്' – പ്രയാഗ ബുക്സ് എന്നിവ കാണുക.) 'ബാബർ നാമ' വിവർത്തനം ചെയ്ത മാർഗററ്റ് ബെവരിഡ്ജ്

അതിന്റെ അടിക്കുറിപ്പുകളിലൊന്നിൽ സൂചിപ്പിക്കുന്ന പഴംകഥ, അയോദ്ധ്യ ഉൽഖനനം ചെയ്തപ്പോൾ ക്ഷേത്രത്തിന്റെ അവശിഷ്ടങ്ങൾ കണ്ടുവെന്ന പ്രൊഫ:ബി.ബി.ലാലിന്റെ അവകാശവാദം, മസ്ജിദിനു അല്പം അകലെ നിന്നു കിട്ടിയെന്നു പറയപ്പെടുന്ന തൂണുകളുടെ അടിത്തറകൾ (Pillar bases) ബാബരി മസ്ജിദിലെ തൂണുകളുമായി യോജിക്കുന്നുവെന്ന വാദം, മസ്ജിദിലെ 'ഹിന്ദു' കലാരൂപങ്ങൾ, ജനങ്ങളുടെ വിശ്വാസം തുടങ്ങിയവയെ ആസ്പദമാക്കിയാണ് വർഗീയ ചരിത്രകാരന്മാർ സ്വന്തം വാദങ്ങൾ നെയ്തെടുത്തത്. മസ്ജിദ് പൊളിച്ചതിനുശേഷം അവിടെനിന്ന് ചില കാർസേവകൻമാർ കണ്ടെത്തിയ 'ക്ഷേത്രാവശിഷ്ടങ്ങൾ' എന്ന പേരിലുള്ള ചില വസ്തുക്കളും തെളിവായി ഉന്നയിക്കുന്നു. ഇവയെല്ലാമെതിരായി ശാസ്ത്രീയ ചരിത്രകാരന്മാരുടെ വാദങ്ങളുണ്ട്. ബെവരിഡ്ജ് മദാമ്മയുടെ അടിക്കുറിപ്പിന്റെ ഉപാദാനം അവർ പറയുന്നില്ല. ബി.ബി.ലാലിന്റെ അവകാശവാദം അദ്ദേഹംതന്നെ പ്രസിദ്ധീകരിച്ച അയോദ്ധ്യയുടെ ഉൽഖനനറിപ്പോർട്ടിലില്ല. ഉൽഖനനത്തിൽ അദ്ദേഹത്തിന്റെ കൂടെയുണ്ടായിരുന്ന പുരാവസ്തു ഗവേഷകർ ഈ വാദം സ്ഥിരീകരിക്കുന്നില്ല. തൂണുകളുടെ അടിത്തറ ബാബരി മസ്ജിദിന്റെ തൂണുകളുമായി യോജിക്കുന്നവയല്ലെന്ന് വാസ്തുവിദ്യാവിദഗ്ധർ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അതേപോലുള്ള തൂണുകൾ ഒരു ക്ഷേത്രത്തിൽത്തന്നെയുണ്ടാകണമെന്ന് നിർബന്ധമില്ല, സാധാരണ കെട്ടിടത്തിലുമാകാം. മസ്ജിദിൽ ഉപയോഗിച്ച ഷാർഖി കലാവിദ്യയിൽ ധാരാളം ഹിന്ദു സങ്കേതങ്ങളുണ്ടെന്നതിന് മറ്റുദാഹരണങ്ങൾ യു.പി.യിൽതന്നെയുണ്ട്. കാർസേവകരുടെ കണ്ടുപിടുത്തങ്ങൾ ആരും ഗൗരവമായെടുക്കുന്നില്ല. വ്യത്യസ്ത തലങ്ങളിൽ കാണപ്പെടുന്ന വസ്തുക്കൾ എങ്ങനെ ഒരേ സ്ഥലത്തുനിന്നു കുഴിച്ചെടുത്തുവെന്നതിനു സമാധാനമില്ല. എവിടെനിന്നു കുഴിച്ചെടുത്തുവെന്നു ചൂണ്ടിക്കാണിക്കാൻ കാർസേവകർ തയ്യാറുമല്ല. ആർ.എസ്.എസ് - വിശ്വഹിന്ദു പരിഷത്ത് സ്വന്തം പ്രചാരവേലയിൽ ഉപയോഗിക്കുന്ന 'ചരിത്ര'ത്തോട് വർഗീയ ചരിത്രകാരന്മാർ തന്നെ യോജിക്കുമോ എന്നു സംശയമാണ്. അവരുടെ 'ചരിത്ര' വിശദീകരണത്തിൽ മുസ്ലീങ്ങളുടെ വരവോടെയാണ് ഇന്ത്യയുടെ 'ചരിത്രം' ആരംഭിക്കുന്നത്. അതിനുമുമ്പ് 'രാമരാജ്യ'ത്തിന്റെ കാലമാണ്. ആർഷഭാരത സംസ്കാരം കൊടികുത്തിവാണ കാലം. അന്നും ചില 'ദേശദ്രോഹി'കളുണ്ടായിരുന്നു. ബൗദ്ധ ജൈനന്മാർ അക്കൂട്ടത്തിൽ പെടുന്നു. അവരെ കീഴടക്കാൻ 'ഹിന്ദു'ക്കൾക്കു സാധിച്ചു. പിന്നെയാണ് മുസ്ലീങ്ങളുടെ വരവ്. തുടർന്ന് ഹിന്ദുക്കൾ പൃഥ്വിരാജന്റെയും റാണാസാംഗയുടെയും വിജയനഗരത്തിന്റെയും റാണാപ്രതാപിന്റെയും ശിവജിയുടെയുമൊക്കെ നേതൃത്വത്തിൽ ധീരോദാത്തമായി പോരാടി. ദയാനന്ദും വിവേകാനന്ദനുമൊക്കെച്ചേർന്ന് ജ്വലിപ്പിച്ച ഹിന്ദുത്വം ഗാന്ധിയുടെയും സവർക്കറിന്റെയുമൊക്കെ നേതൃത്വത്തിൽ സ്വാതന്ത്ര്യം പ്രാപിച്ചു. ഇപ്പോഴും പോരാട്ടം തുടർന്നുകൊണ്ടിരിക്കുന്നു. അതിന്റെ ഏറ്റവും ഒടുവിലത്തെ രൂപമാണ് രാമജന്മഭൂമി.

രാമജന്മഭൂമി പ്രശ്നം ഉയർത്തിക്കൊണ്ടുവന്ന രീതിയും ശ്രദ്ധേയമാണ്. 1981 -ൽ തമിഴ്നാട്ടിലെ മീനാക്ഷീപുരത്ത് ഏതാനും ഹരിജനങ്ങൾ മുസ്ലീ-

ങ്ങളായതാണ് വിശ്വഹിന്ദുപരിഷത്തിനെ പ്രകോപിപ്പിച്ചത്. അവരെ മതംമാറാൻ പ്രേരിപ്പിച്ച ദാരുണമായ സമൂഹയഥാർത്ഥ്യങ്ങൾ വി.എച്ച്.പി.യെ സ്വാധീനിച്ചില്ല. പകരം, എല്ലാ അധഃകൃതചൂഷിയ വിഭാഗങ്ങളെയും 'ഹിന്ദു'ക്കളാക്കി നിലനിർത്താനുള്ള ശ്രമം വി.എച്ച്.പി. ആർ.എസ്.എസ്., ആദിവാസികൾ, ഹരിജനങ്ങൾ തുടങ്ങിയവരെ ഹിന്ദുവൽക്കരിക്കാൻ ശ്രമിച്ചു. ഹിന്ദുക്കളുടെ 'ഏകത'യ്ക്കുവേണ്ടി 1983-ൽ യാഗം നടത്തി. 1984-ൽ രാംജാനകീ ജന്മഭൂമി യാത്ര നടത്തി. തുടർന്ന് ഇന്ത്യയിലെ ഗ്രാമങ്ങളിലെല്ലാം 'ഗംഗാജലം' കുപ്പികളിലാക്കി വിറ്റു (ധനസമാഹരണത്തിനുള്ള മാർഗംകൂടിയായിരുന്നു അത്). തുടർന്നാണ് 1986 മുതൽ രാമജന്മഭൂമി പ്രശ്നം ഏറ്റെടുത്തതും ഇന്ത്യയൊട്ടാകെയുള്ള വർഗീയ ധ്രുവീകരണത്തിനു നേതൃത്വം കൊടുത്തതും. അതേസമയം മണ്ഡൽ, സംവരണം മുതലായ പ്രശ്നങ്ങളിൽ ആർ.എസ്. എസ്., വി.എച്ച്.പി. തികച്ചും സവർണാനുകൂലികളായിരുന്നുവെന്നത് അവരുടെ കാപട്യത്തിന് തെളിവാണ്.

ഇന്ന് ഹിന്ദുത്വവാദം രാഷ്ട്രീയാധികാരത്തിനുവേണ്ടി പോരാടുകയാണ്. ഹിന്ദുരാഷ്ട്ര പ്രചരണം ശങ്കരാചാര്യന്മാരുടെ നേതൃത്വത്തിൽ സന്യാസിമാർ ഏറ്റെടുത്തിരിക്കുകയാണ്. ശാസ്ത്രീയ ചരിത്ര രചനയെ അവർ ദേശദ്രോഹമായി മുദ്രയടിച്ചുകഴിഞ്ഞു. ഹിന്ദു പൈതൃകം ഊട്ടിയുറപ്പിക്കാൻ അവർ പാഠപുസ്തകങ്ങൾ തിരുത്തിയെഴുതുകയും വിദ്യാഭ്യാസ പദ്ധതിയിൽ മാറ്റം വരുത്തുകയും ചെയ്യുന്നു. പാരമ്പര്യത്തെ എല്ലാമേഖലകളിലും പുനരുജ്ജീവിപ്പിക്കാനും അവർ ശക്തമായി പരിശ്രമിക്കുന്നു. മുസ്ലീങ്ങൾക്കെതിരായ പ്രചരണം അനുദിനം ശക്തിപ്പെടുന്നു. അത് മറ്റു മതന്യൂനപക്ഷങ്ങൾക്കെതിരെയും വ്യാപിക്കുന്നു. ഈ സാഹചര്യങ്ങളിൽ ഭരണാധികാരികൾ സ്തബ്ധരായി നിൽക്കുകയോ ഹിന്ദുത്വവാദികളുടെ ആവശ്യങ്ങൾക്ക് കീഴടങ്ങുകയോ ചെയ്യുന്ന സ്ഥിതിവിശേഷമുണ്ട്. വാചകഘോഷങ്ങളിലും ജനങ്ങളുടെ കയ്യടി വാങ്ങാനുള്ള ചെപ്പടിവിദ്യകളിലും അവരുടെ മതനിരപേക്ഷത ഒതുങ്ങുകയാണ്. സമൂഹത്തെ ആഴത്തിൽ ബാധിച്ചു വരുന്ന വർഗീയ വിഷത്തെ നീക്കാൻ ക്രിയാത്മകമായ ഒന്നും ചെയ്യുന്നതിന് അവർക്ക് സാധിക്കുന്നില്ല.

ഇത് പൂർണമായുൾക്കൊള്ളണമെങ്കിൽ "സംഘ് പരിവാർ "എന്നറിയപ്പെടുന്ന സംഘടനകളുടെ പ്രവർത്തന ശൈലി മനസ്സിലാക്കേണ്ടതാണ്. സംഘ് പരിവാറിന്റെ കേന്ദ്രബിന്ദു ആർ.എസ്.എസാണ്. ഹിന്ദുരാഷ്ട്രമാണ് ലക്ഷ്യമെങ്കിലും "സാംസ്കാരിക" പ്രവർത്തനമാണ് അന്നും ഇന്നും നടത്തിക്കൊണ്ടിരിക്കുന്നത്. ഹിന്ദുത്വത്തിന്റെ സംരക്ഷണത്തിനായി പ്രത്യയ ശാസ്ത്രപരമായും കായികമായും പരിശീലിക്കപ്പെട്ട സന്നദ്ധഭടന്മാരെ സൃഷ്ടിക്കുക എന്നതാണ് അതിന്റെ ലക്ഷ്യം. അതിന്റെ പ്രചാരക്കുകളാണ് ബി.ജെ.പി.,

വിശ്വഹിന്ദു പരിഷത്ത് മുതലായ സംഘടനകളുടെയെല്ലാം പ്രവർത്തകന്മാർ (ബി.ജെ.പി.യിൽ അവർ കാര്യകർത്താക്കളും വി.എച്ച്.പി.യിൽ അവർ ഹിത്ചിന്തകന്മാരുമായി മാറുന്നു). 1951-ൽ ഗോൾ വാൾക്കർ നേരിട്ട് ജന സംഘം ഉണ്ടാക്കാൻ അയച്ച പ്രചാരക്കുകളാണ് വാജ്പേയിയും അദ്വാനിയും സുന്ദർ സിങ്ങ് ഭണ്ഡാരിയും. 1964-ൽ ഗോൾവാൾക്കർ സന്യാസിമാരുമായി നടത്തിയ ചർച്ചകളുടെ ഫലമാണ് വിശ്വഹിന്ദുപരിഷത്ത്. അത് ഒരു ട്രസ്റ്റാണ്. സന്യാസിമാർ നയിക്കുന്ന മാർഗ് ദർശക്മണ്ഡൽ, ധർമസംസദ്, ബജ്രംഗ്ദൾ, സ്ത്രീകളുടെ ദുർഗാവാഹിനി ഇവയെല്ലാം വി.എച്ച്.പി.യുടെ ഉപസംഘടനകളാണ്. സ്ത്രീകളുടെ രാഷ്ട്രസേവികാസമിതി, സേവാഭാരതി, വിദ്യാഭാരതി, സരസ്വതി ശിശുമന്ദിർ മുതലായവയെല്ലാം ആർ.എസ്.എസ്. പ്രചാരക്കുകൾ നടത്തുന്നു. ഇത്രയും കൊണ്ടുതന്നെ ആർ.എസ്.എസ്. - വി.എച്ച്.പി.യുടെ മേലുള്ള നിരോധനം കാര്യക്ഷമമാവില്ലെന്നു വ്യക്തമാണല്ലോ. 1948-ലും 1975-ലും ആർ.എസ്.എസ്. നിരോധിക്കപ്പെട്ടുവെങ്കിലും അന്നും ആ നിരോധം ഫലവത്തായില്ല.

വിദ്യാഭ്യാസരംഗത്ത് ആർ.എസ്.എസ്.കാർ വരുത്താൻ ശ്രമിക്കുന്ന പരിവർത്തനങ്ങളുടെ ചുക്കാൻ പിടിക്കുന്നത് വിദ്യാഭാരതിയും സരസ്വതി ശിശുമന്ദിറുകളുമാണ്. ഇന്ത്യയെ ആര്യന്മാരുടെ (ഹിന്ദുക്കളുടെ) പുണ്യഭൂമിയാക്കുക, മുസ്ലീങ്ങളുടെ പങ്ക് തമസ്കരിക്കുകയോ അവരെ കാട്ടാളന്മാരായി വരച്ചുകാട്ടുകയോ ചെയ്യുക, അവരുടെ സംഭാവനകൾപോലും ഹിന്ദുക്കളുടെതാണെന്നു വരുത്തിത്തീർക്കുക ഇവയാണ് ഒരു ലക്ഷ്യം. മറ്റൊന്ന് 'പാശ്ചാത്യ'മെന്നു വിളിക്കപ്പെടുന്ന ശാസ്ത്രം ഇന്ന് ആർഷഭാരതത്തിലെ ചിന്താഗതികളെ ന്യായീകരിക്കുന്നുവെന്നു വാദിക്കുകയാണ്. പ്രാചീന ഭാരതത്തിലെ ശാസ്ത്രവും സാങ്കേതിക വിദ്യയും കണ്ടെടുക്കാനും അവയെ ആധുനിക ഭാരതത്തിന്റെ വികസനത്തിനുപയോഗിക്കാനുമുള്ള ഗവേഷണം ഇന്നു നടക്കുന്നുണ്ട്. വേദങ്ങളിലെ 'ഗണിതശാസ്ത്രം' യു.പി.യിലെ ഒരു പാഠ്യവിഷയമാണ്. അതിന്റെ ഒരു സെമിനാറിന് സി.എസ്.ഐ.ആർ. ധനസഹായം നൽകുകയും ചെയ്തു. ജ്യോതിഷം മുതലായ ശാഖകളിൽ വളർന്നുവരുന്ന അമിതാവേശം മറ്റൊരു സൂചനയാണ്. കഴിഞ്ഞവർഷം ഗോവയിൽ നടന്ന ഇന്ത്യൻ സയൻസ് കോൺഗ്രസ് ഒരു ജ്യോതിഷിയെ ആദരിക്കുകയുണ്ടായി. സ്പിരിച്ച്വലിസ്റ്റുകളായ ശാസ്ത്രഗവേഷകർക്ക് ധനസഹായം നൽകാനായി സി.എസ്.ഐ. ആറിന്റെ പദ്ധതിയും ഈ പ്രവണതയെ കാണിക്കുന്നു. യാഗങ്ങളുടെയും ഉപാസനങ്ങൾ, വ്രതങ്ങൾ, വിവിധതരത്തിലുള്ള പ്രശ്നം വയ്ക്കൽ എന്നിവയുടെ ഫലപ്രാപ്തിയെക്കുറിച്ചുമുള്ള ശക്തമായ വാദങ്ങളും ന്യായീകരണങ്ങളും വളർന്നുവരുന്നു. ഭരണാധികാരികൾക്കു പ്രിയങ്കരനായ ചന്ദ്രസ്വാമി എന്ന സന്യാസി നടത്താൻപോകുന്ന സെക്കുലർ 'യജ്ഞം' ഈ പ്രവണതയ്ക്ക് തെളിവാണ്. പരമ്പരാഗത കുടുംബ ജീവിതത്തെയും കുടുംബത്തിൽ സ്ത്രീയുടെ സ്ഥാനത്തെയും കുറിച്ച് വിശ്വാസങ്ങൾ ശക്തിപ്പെടുത്തുന്നതിൽ രാഷ്ട്രസേവികാസമിതി പ്രധാന പങ്കുവഹിക്കുന്നു. അതോടൊപ്പം ഹിന്ദു ധർമത്തിനു വേണ്ടി പോരാടുന്ന ധീരവനിതയുടെ പ്രതിരൂപം സൃഷ്ടിക്കുകയാണ് (ചണ്ഡി,

ചാമുണ്ഡി, ദുർഗ) അവർ ചെയ്യുന്നത്. സാവിത്രി, സീത, ശീലാവതി തുടങ്ങിയ വരടങ്ങിയ പാരമ്പര്യ സ്ത്രീത്വത്തിന്റെ ചിഹ്നങ്ങളെ ശക്തിയുടെയും ശുദ്ധി യുടെയും പര്യായങ്ങളായി അവതരിപ്പിക്കുന്നു. കുടുംബത്തിന്റെ ഐക്യ ദാർഢ്യം ഭാരതീയ സ്ത്രീയുടെ പ്രധാന കർത്തവ്യമായും പ്രാചീന ഭാരത സ്ത്രീയെ ആദർശ സ്ത്രീത്വമായും കാണുന്ന അവർ സ്ത്രീയുടെ അധഃപതന ത്തിനു കാരണമായി കാണുന്നത് മുസ്ലീം ആധിപത്യത്തെയാണ്. മുസ്ലീങ്ങളു മായുള്ള പോരാട്ടം ഹിന്ദുസ്ത്രീകളുടെ ഉയിർത്തെഴുന്നേൽപിന്റെ സൂചന യായി അവർ കരുതുന്നു. ഇത്തരത്തിൽ ഭാരതത്തിലെ പരമ്പരാഗത പുരുഷാ ധീശ സങ്കല്പങ്ങളെ ശക്തിപ്പെടുത്തുകയും അവയെത്തന്നെ സ്ത്രീയുടെ ശക്തിയായി വ്യാഖ്യാനിക്കുകയുമാണ് ഇവർ ചെയ്യുന്നത്. ഈ നിലപാട് സ്ത്രീകളിൽ ചെലുത്തിയിട്ടുള്ള സ്വാധീനം ഡിസംബർ 6-ന് ധാരാളം കർസേവികമാർ പങ്കെടുത്തതിൽനിന്നും രാഷ്ട്രസേവികാസമിതിയുടെയും ദുർഗാവാഹിനിയുടെയും വർധിച്ചുവരുന്ന പ്രചാരത്തിൽനിന്നും വ്യക്തമാണ്. സ്ത്രീ പ്രസ്ഥാനങ്ങൾ ഗൗരവത്തിലെടുക്കേണ്ട പുതിയ വെല്ലുവിളിയു മാണത്.

ആർ.എസ്.എസിന്റെ കേന്ദ്രീകൃത സ്വഭാവവും സാമൂഹ്യ സാമ്പ ത്തിക ഘടനയും ശ്രദ്ധേയമാണ്. ഇന്ത്യയിലെ ഏറ്റവും കേന്ദ്രീകൃത സ്വഭാവമുള്ള ആജ്ഞാനുവർത്തികളുടെ സംഘടനയാണ് ആർ.എസ്.എസ്. സ്വന്തമായി കണക്കുകൾപോലും അവർ സൂക്ഷി ക്കുന്നില്ല. ഹരിജന-ഗിരിജന പ്രേമമൊക്കെ കാണിക്കുന്നുവെ ങ്കിലും സംഘ്പരിവാറിന്റെ സമൂഹഘടനയും അംഗത്വവും സവർണരിൽനിന്നാണ്. ഹിന്ദുസംസ്കാരത്തിന്റെ വക്താക്കൾക്ക് ഇന്ത്യയ്ക്കകത്തും പുറത്തുനിന്നുമുള്ള മുതലാളിമാരിൽനിന്ന് ദക്ഷിണ സ്വീകരിക്കാൻ മടിയില്ല. ഇത്തരത്തിലുള്ള ധനസമാഹരണ ത്തിനുള്ള ഏജൻസിയായിക്കൂടിയാണ് വിശ്വഹിന്ദുപരിഷത്ത് പ്രവർത്തിക്കുന്നത്. ബാബരി പ്രശ്നത്തിന് സ്വാധിറിതാംഭരദയുടെ പ്രസംഗങ്ങളുടെ കാസറ്റുകൾ പതിനായിരക്കണക്കിന് സൗജന്യ മായി പ്രചരിപ്പിച്ചത് ഇവരുടെ ധനസമൃദ്ധിയെ സൂചിപ്പിക്കുന്നു.

ഹിന്ദുരാഷ്ട്രം എന്നത് മതവർഗീയതയിലുറച്ച ഫാസിസ്റ്റ് സങ്കല്പമാണ്. ഇതിനെ എതിർക്കണമെങ്കിൽ അത് മതഗീയതയുടെ മാർഗത്തിലൂടെ സാധ്യമല്ല. ഹിന്ദുത്വത്തെ എതിർക്കുന്ന ജനാധി പത്യശക്തികളുടെ ഐക്യമുന്നണി അതിനാവശ്യമാണ്. ശാസ്ത്ര ബോധവും ശാസ്ത്രീയചരിത്ര ബോധവുമാകണം ഈ ഐക്യമുന്ന ണിയുടെ ആശയപരമായ അടിത്തറ. ഹിന്ദുത്വവാദികൾ ഇന്നു നടത്തിക്കൊണ്ടിരിക്കുന്ന ചരിത്രത്തിന്റെ മിത്തുവൽക്കരണത്തെ തുറന്നുകാണിക്കുന്നതിനും അവരുടെ വിഷലിപ്തമായ പ്രചര

ണത്തെ തുറന്നുകാണിക്കുന്നതിനും അതിനു കഴിയണം. മതത്തെ രാഷ്ട്രീയത്തിൽനിന്നു വേർപെടുത്താനും മതസ്വാധീനത്തിൽ നിന്നകന്നുനിൽക്കുന്നതും ദേശീയബോധം, ജനാധിപത്യം, സമത്വം, സഹവർത്തിത്വം എന്നിവയുടെ മൂല്യബോധമുൾക്കൊണ്ട തുമായ സാമൂഹ്യ വ്യവഹാരമണ്ഡലം വളർത്തിയെടുക്കാനും അതി നുകഴിയണം. ആഴത്തിലുള്ളതും നീണ്ടുനിൽക്കുന്നതുമായ ബോധ വൽക്കരണത്തിനും ക്രിയാത്മക പ്രവർത്തനത്തിനും നേതൃത്വം കൊടുക്കാൻ അതിനുകഴിയണം. ഇന്നത്തെ സാമ്പത്തിക സാമൂഹ്യ പ്രതിസന്ധിയ്ക്ക് ശാസ്ത്രീയവും യാഥാർത്ഥ്യത്തിലൂന്നിയതുമായ പരി ഹാരങ്ങൾ നിർദേശിക്കാൻ അതിനു കഴിയണം.

സ്ഥാനത്തും അസ്ഥാനത്തുമൊക്കെ ഉപയോഗിക്കപ്പെട്ട വാക്കെന്ന നിലയിൽ ഫാസിസത്തിന് ഒരു വിശദീകരണം ആവശ്യമാണ്. സ്വന്തം ആധി പത്യം നിലനിർത്താൻ ശ്രമിക്കുന്ന യാഥാസ്ഥിതിക മുതലാളിത്ത ശക്തിക ളുടെ സൃഷ്ടിയായി ഫാസിസം കരുതപ്പെടുന്നു. ഫാസിസത്തിന്റെ സാമൂഹ്യാ ടിത്തറ മധ്യവർഗമാണ്. അവരുടെ അനിശ്ചിതത്വബോധത്തിൽനിന്നും വേവലാതികളിൽനിന്നുമാണ് അത് ഉടലെടുക്കുന്നത്. ഫാസിസത്തിന്റെ ആശയരൂപം പലതുമാകാം. ജർമനിയിൽ അത് ആര്യൻവംശീയതയായിരുന്നു. സെമിറ്റിക് ജൂതന്മാർക്കെതിരായ പോരാട്ടമായാണ് അത് വിഭാവനം ചെയ്യ പ്പെട്ടത്. ഇറ്റലിയിൽ അത് റോമാസാമ്രാജ്യത്തെക്കുറിച്ചുള്ള സുന്ദരസ്വപ്നങ്ങളാ യിരുന്നു. ഇന്ത്യയിൽ അത് ഹിന്ദുമതമാണ്. ഇന്ത്യയിലെ ഭൂരിപക്ഷം ജനതയും സെൻസസ്സനുസരിച്ച് ഹിന്ദുക്കളാണെന്നത് ഇതിന് പ്രബലമായ അടിത്തറ നൽകുന്നുണ്ട്. ഭൂരിപക്ഷാധിപത്യ ം ജനാധിപത്യമായും ഭൂരിപക്ഷബോധം ദേശീയ ബോധമായും അവതരിപ്പിക്കാൻ ബുദ്ധിമുട്ടില്ലല്ലോ. കൗടില്യന്റെ അർഥശാസ്ത്രമാണ് അവരുടെ രാഷ്ട്രീയഗൈഡ് എന്നതും ശ്രദ്ധേയമാണ്. ഇന്ത്യയിലെ ഏറ്റവും ശക്തമായിരുന്ന സ്വേച്ഛാധിപത്യ ഭരണകൂടത്തിന്റെ വക്താവായിരുന്നു കൗടില്യൻ. സാമൂഹ്യധർമസംഹിതയെന്ന നിലയിൽ മനുസ്മൃതിക്കും തുല്യസ്ഥാനം നൽകുന്നു. അർഥശാസ്ത്രവും, മനുസ്മൃതി യുമനുസരിച്ച് നടത്തപ്പെടുന്ന ഒരു "ഹിന്ദുരാഷ്ട്ര"ത്തെപ്പറ്റി ഇന്നത്തെ സാഹ ചര്യത്തിൽ വിഭാവനം ചെയ്താൽ "ഫാസിസം" എന്ന വാക്കിന്റെ അർഥം ഉൾക്കൊള്ളാൻ കഴിയും.

ഭൂരിപക്ഷാധിപത്യത്തിൽനിന്നു വ്യത്യസ്തമായ ജനാധിപത്യ സങ്കല്പം വളർത്തിയെടുക്കാൻ വർഗീയ നിർവചനങ്ങൾക്കാവില്ല. മുസ്ലീങ്ങളെ സംഘടിപ്പിക്കൻ ശ്രമിക്കുന്ന പലരും ചെയ്യുന്നതാണ്. ഭൂരിപക്ഷ വർഗീയത സ്വീകരിക്കുന്ന എല്ലാ മാർഗങ്ങളും ചെറിയ രൂപത്തിലെങ്കിലും ന്യൂനപ ക്ഷവർഗീയ ശക്തികൾ സ്വീകരിക്കുന്നുണ്ട്. മതത്തെ ആധാരമാക്കിയ സംഘട നകൾ, രാഷ്ട്രീയ പാർട്ടികൾ, ചരിത്രത്തിന്റെ മിത്തുവൽക്കരണം, ശാസ്ത്ര ബോധത്തെ വളച്ചൊടിക്കലും ശാസ്ത്രം തങ്ങളുടെ വേദഗ്രന്ഥങ്ങളിലുൾ

ക്കൊണ്ടിട്ടുണ്ടെന്നു സ്ഥാപിക്കലും ഇവയെല്ലാം ന്യൂനപക്ഷവർഗീയവാദികളും ചെയ്യുന്നുണ്ട്. ഇന്നത്തെ സാഹചര്യങ്ങളിൽ യഥാർഥ ജനാധിപത്യ വ്യവസ്ഥയിൽ മാത്രമേ യഥാർഥ ജനാധിപത്യ വ്യവസ്ഥയിൽ മാത്രമേ സ്വന്തം സമുദായത്തിന്റെ പുരോഗതിപോലും സാധ്യമാകൂ എന്ന വസ്തുത അവർ മറക്കുന്നു. പലപ്പോഴും ന്യൂനപക്ഷവർഗീയതയുടെ യുക്തിഹീനമായ നിലപാടുകൾ ഹിന്ദുവർഗീയതയ്ക്കു പ്രേരകമായിട്ടുമുണ്ട്. ഷാബാനു കേസിന്റെ കാര്യത്തിൽ മുസ്ലീം സംഘടനകൾ എടുത്ത കടുത്ത മതമൗലിക വാദപരമായ നിലപാടും അതിനെ പ്രീണിപ്പിക്കാൻ അന്നത്തെ കേന്ദ്രഗവൺമെണ്ടിന്റെ നീക്കങ്ങളും ഹിന്ദുവർഗീയതയ്ക്കു വളം നൽകി. അടുത്തകാലത്ത് നിരോധിക്കപ്പെട്ട ഐ.എസ്.എസ്. ഉൾപ്പെടെയുള്ള നിരവധി മുസ്ലീംമതവർഗീയ സംഘടനകളുടെ പ്രവർത്തനങ്ങളും സ്വസമുദായത്തിൽ അവർക്കുള്ള സ്വാധീനം ആശങ്കകൾ വളർത്തുന്നതിനു കാരണമായിട്ടുണ്ട്. അതിനുപകരം ഭൂതകാലത്തോ ഭാവിയിലോ ഉള്ള സുവർണയുഗങ്ങളുടെ സ്വപ്നങ്ങൾ സൃഷ്ടിച്ച് ആളുകളെ വഴിതെറ്റിക്കുകയാണ് അവർ ചെയ്യുന്നത്.

വർഗീയതയുടെ അടിവേരുകൾ ജനങ്ങളുടെ യഥാർഥപ്രശ്നങ്ങളിലാണ് കിടക്കുന്നത്. അതുകൊണ്ട് അവയുടെ പരിഹാരമാർഗങ്ങളും വർഗീയതയ്ക്കെതിരായ സമരവും ബന്ധപ്പെട്ടുകിടക്കുന്നു. വികേന്ദ്രീകരണം, ജനകീയ ആസൂത്രണം, ശാസ്ത്രസാങ്കേതിക വിദ്യകളുടെ യുക്തിസഹജമായ ഉപയോഗം, ഭൂപരിഷ്ക്കാരങ്ങൾ, വ്യവസായവികസനം, തൊഴിൽ ലഭ്യത ഉറപ്പാക്കൽ എന്നിവയും ഇന്നത്തെ സമ്പദ്ഘടനയുടെ മേലുള്ള ഒരു ചെറുന്യൂനപക്ഷത്തിന്റെ നീരാളിപ്പിടുത്തം ഇല്ലായ്മചെയ്യലും ഇതിന്റെ ഭാഗമാണ്.

ജാതിപരവും ലിംഗപരവുമായ അസമത്വങ്ങൾക്കെതിരായ പോരാട്ടവും പ്രധാന ഘടകമാണ്. ഇവ അറുതി വരുത്തുന്നതിനെക്കുറിച്ച് വർഗീയത അവരുടേതായ നിർദേശങ്ങൾ പ്രചരിപ്പിക്കുന്നുണ്ടെന്നു മനസ്സിലാക്കണം. അവയ്ക്കെതിരെ ജനാധിപത്യവികസനത്തിന്റേതായ നിർദേശങ്ങൾ അവതരിപ്പിക്കുന്നത് അത്യാവശ്യമാണ്. ജനാധിപത്യത്തിൽ ജനങ്ങൾക്കുതന്നെയുള്ള ശുഭാപ്തിവിശ്വാസം നഷ്ടപ്പെടാതിരിക്കണമെങ്കിൽ പുതിയ മൂല്യബോധത്തിന്റെ സൃഷ്ടിയും ആവശ്യമാണ്.

## 8. ശാസ്ത്രീയ ചരിത്രബോധത്തിന്റെ ആവശ്യകത

ഇവയെല്ലാം സമകാലീനയാഥാർഥ്യങ്ങളുമായി ബന്ധപ്പെട്ട പ്രശ്നങ്ങളാണ്. ഇവയിൽ വർഗീയത ഇന്നു ജനങ്ങളുടെ മനസ്സിൽ സൃഷ്ടിച്ചിരിക്കുന്ന ഒട്ടനവധി കുരുക്കുകളഴിക്കാൻ ശാസ്ത്രീയ ചരിത്രബോധത്തിനു കഴിയും. ഇന്ന് ഇന്ത്യാചരിത്രം വർഗീയ ചരിത്രകാരന്മാർ അവതരിപ്പിക്കുന്ന മിത്തുകളുടെയും അസത്യങ്ങളുടെയും സമാഹാരമല്ല. ശാസ്ത്രീയചരിത്രരചന എല്ലാ പ്രശ്നങ്ങളുടെയും കൃത്യമായ ഉത്തരം കണ്ടുപിടിച്ചുവെന്നു പറയാൻ കഴിയില്ല.

ശാസ്ത്രീയചരിത്രം ചരിത്രകാരന്റെ ഭാവനയിൽനിന്നുയരുന്ന പ്രഖ്യാപനങ്ങളല്ല. എങ്കിലും, വസ്തുനിഷ്ഠമായ ചരിത്രപഠനം നിരവധി ചരിത്രവസ്തുതകളിലേക്കു വെളിച്ചം വീശിയിട്ടുണ്ട്. അവയിൽ പ്രധാനപ്പെട്ടവ താഴെ സൂചിപ്പിക്കുന്നു.

– ആര്യസംസ്കാരമാണ് ഇന്ത്യൻ സംസ്ക്കാരത്തിന്റെ ആരംഭഘട്ടമെന്നു പറയാവതല്ല. ഇന്ത്യൻ സംസ്ക്കാരത്തിന്റെ ഏറ്റവും പ്രാചീനഘട്ടം സൈന്ധവസംസ്കാരമായിരുന്നു. കിട്ടിയിടത്തോളം തെളിവുകൾവച്ച്, അത് ആര്യസംസ്കാരമായിരുന്നില്ല. ആര്യന്മാരുടെ ആക്രമണങ്ങളല്ല, പാരിസ്ഥിതിക മാറ്റങ്ങളാണ് അതിനെ നശിപ്പിച്ചത്.

ആര്യന്മാർ ആദിവാസികളായിരുന്നില്ല. വെറും ഭാഷാപരമായ ഒരു വിഭാഗം മാത്രമായിരുന്നു അവർ. അവർ മധ്യേഷ്യയിൽനിന്ന് പല ഘട്ടങ്ങളിലായി കുടിയേറിയ ഇടയവിഭാഗമായിരുന്നു. ഋഗ്വേദം പോലും വിവിധ വായ്മൊഴികളുടെയും വിവിധ സംസ്ക്കാരങ്ങളുടെയും സമന്വയത്തിന്റെ ഫലമാണെന്ന് വാദിക്കപ്പെട്ടിട്ടുണ്ട്. അതുകൊണ്ട്, വൈദികസംസ്കാരംപോലും ആര്യന്മാരുടേതായിരുന്നില്ല. സിന്ധുഗംഗാ നദീതടങ്ങളിൽനിന്നുള്ള പുരാവസ്തുക്കളും വിവിധ ജനവിഭാഗങ്ങളുടെ സമന്വയത്തെ സൂചിപ്പിക്കുന്നു. അതുപോലെ ആര്യദ്രാവിഡ സംഘട്ടനങ്ങളുമുണ്ടായിരുന്നു. ഗംഗാനദീതടത്തിലെ കുടിയേറ്റക്കാർ തമ്മിൽത്തമ്മിലും അവരും പ്രാദേശിക ഗോത്രങ്ങൾ തമ്മിലുമുള്ള സംഘട്ടനങ്ങളാണ് ഇതിഹാസങ്ങൾ വിവരിക്കുന്നത്.

ഒരൊറ്റ മതപാരമ്പര്യം ഉണ്ടായിരുന്നില്ല. ബ്രാഹ്മണർ, ശ്രമണർ എന്നീ ആദിമ "മത"ങ്ങളെക്കുറിച്ചു പറയാം. ശ്രമണർ ബൗദ്ധർ, ജൈനർ, ആജീവികന്മാർ തുടങ്ങിയവരായിരുന്നു. ബ്രാഹ്മണരിൽ വൈഷ്ണവർ, ശൈവർ തുടങ്ങിയവരും വളർന്നു വന്നു. ശാക്തന്മാർ (ശക്തികയുടെ ഉപാസകർ) ഇവർ രണ്ടിലും പെടാത്തവരായിരുന്നു. ബ്രാഹ്മണ–ശ്രമണവിഭാഗങ്ങൾ തമ്മിൽ പിൽക്കാലത്തു സംഘർഷങ്ങളുണ്ടായിരുന്നതായി സൂചനകളുണ്ട്. എ.ഡി. 4–ാം നൂറ്റാണ്ടുവരെയെങ്കിലും ബൗദ്ധ–ജൈനരുടെ ആധിപത്യമായിരുന്നു. പിന്നീട് ശൈവ–വൈഷ്ണവർ ശക്തിപ്പെട്ടു.

ക്ഷേത്രങ്ങൾ ആദ്യം ഉണ്ടായിരുന്നില്ല. എ.ഡി. 4–ാം നൂറ്റാണ്ടിനുശേഷം മാത്രമാണ് ക്ഷേത്രങ്ങൾ വളർന്നുവരുന്നത്. ബ്രാഹ്മണാധിപത്യത്തിന്റെയും രാജാധികാരത്തിന്റെയും ചിഹ്നങ്ങളായിരുന്നു

ക്ഷേത്രങ്ങൾ വമ്പിച്ച സമ്പത്തിന്റെയും ഭൂമിയുടെയും ഉടമകളായിരുന്നു.

"ഹിന്ദുസംസ്കാരം" എന്നതിനെ "സംസ്കൃത" സംസ്കാരം എന്നാണ് ചില ചരിത്രകാരന്മാർ വിളിക്കുന്നത്. സംസ്കൃതഭാഷയിൽ അധിഷ്ഠിതമായ പാരമ്പര്യമായിരുന്നു. ഇന്ത്യയിലെ ഭൂരിഭാഗം ജനങ്ങളും ആ ഭാഷ സംസാരിച്ചിരുന്നില്ല. മധ്യ കാലത്ത് ബ്രാഹ്മണാധിപത്യത്തിന്റെയും അതിന്റെ തണലിൽ വളർന്നുവന്ന പ്രാദേശിക നാടുവാഴിത്തത്തിന്റെയും കാലത്തിലാണ് ഇത് ജനങ്ങളിലെത്തിയത്. ജാതിവ്യവസ്ഥയുടെയും സാമൂഹ്യധർമങ്ങളുടെയും വളർച്ചയുമായി ഇതിനെ ബന്ധിപ്പിക്കണം. ചില ചരിത്രകാരന്മാർ ഇതിനെ ഫ്യൂഡൽ വ്യവസ്ഥയുടെ ആശയസംഹിതയായി വിശേഷിപ്പിക്കുന്നു.

"ഹിന്ദുമുസ്ലീം സംഘർഷ"ങ്ങളെക്കുറിച്ചുള്ള വസ്തുതകൾ സൂചിപ്പിച്ചിട്ടുണ്ട്. ക്ഷേത്രധ്വംസനങ്ങൾ നടന്നിട്ടുണ്ട്. അത് അധികാര രാഷ്ട്രീയത്തിന്റെ ഭാഗമായുണ്ടായതാണ്. ഒരു മതത്തെ പൂർണമായി നശിപ്പിക്കുന്നതിനായിരുന്നില്ല. നിരവധി പ്രധാനപ്പെട്ട ക്ഷേത്രങ്ങൾ മുസ്ലീം ഭരണാധികാരികൾ സംരക്ഷിച്ചിട്ടുമുണ്ട് (പുരിയിലെ ജഗന്നാഥക്ഷേത്രം, കോണാരക്ക് ക്ഷേത്രം, അജന്തയും എല്ലോറയും, ശൃംഗേരിയിലേയും പുരിയിലേയും മഠങ്ങൾ തുടങ്ങിയവ). സ്വന്തം ആവശ്യങ്ങൾക്കുവേണ്ടി ദേവാലയങ്ങൾ തകർക്കുന്നതിനും അന്യമതസ്ഥരെ ആക്രമിക്കുന്നതിനും "ഹിന്ദു"ക്കളും പിന്നിലായിരുന്നില്ല. (കാശ്മീർ രാജാവായ ഹർഷൻ വിഗ്രഹങ്ങൾ തകർക്കാൻ പ്രത്യേക ഉദ്യോഗസ്ഥനെ നിയമിച്ചത്, ശൈവനായ മിഹിരകുലൻ കാശ്മീരിലെ ബുദ്ധവിഹാരങ്ങൾ നശിപ്പിച്ചത്, കർണാടകത്തിൽ ശൈവന്മാർ ജൈനന്മാരെ നശിപ്പിച്ചത് മുതലായവ) മധ്യകാല ഇന്ത്യയിലെ രാഷ്ട്രീയ-സാംസ്കാരിക രൂപങ്ങളുമായി ബന്ധപ്പെടുത്തിയാണ് ഈ സംഘർഷങ്ങൾ പരിശോധിക്കേണ്ടത്. ഇത്തരം സംഘർഷങ്ങളാണ് ചരിത്രത്തിൽനിന്ന് നാമുൾക്കൊള്ളേണ്ട "പൈതൃക"മെന്നു വാദിക്കുന്നത് അപകടകരമായ വിഡ്ഢിത്തമാണ്.

മറ്റെല്ലാ സമൂഹങ്ങളേയും പോലെ ഇന്ത്യയും സാമൂഹ്യ വളർച്ചയുടെ വിവിധ ദശകളുടെ വിവിധഘട്ടങ്ങളിലൂടെ കടന്നുപോയിട്ടുണ്ട്. ഗോത്രവ്യവസ്ഥ, കാർഷിക സമുദായങ്ങൾ, അടിമവ്യവസ്ഥ, വാണിജ്യ സമൂഹങ്ങൾ, ഫ്യൂഡൽ ഭൂവുടമ സമ്പ്രദായം തുടങ്ങിയവ ഇന്ത്യൻ സമൂഹത്തിന്റെ വളർച്ചയിൽ എത്രമാത്രം പങ്കുവഹിച്ചുവെ

ന്നത് വിശദമായി വിലയിരുത്തിയിട്ടുണ്ട്. ഇന്ത്യയ്ക്കൊരു ചരിത്രമില്ലായിരുന്നു വെന്നും മുരടിച്ച സമൂഹത്തിന്റെ മേൽ സ്ഥാപിക്കപ്പെട്ട "സ്വേച്ഛാധിപത്യ"ങ്ങളായിരുന്നു ഇന്ത്യയിലുണ്ടായിരുന്നത് എന്നുമുള്ള വാദഗതി പൂർണമായി ഉപേക്ഷിക്കപ്പെട്ടിരിക്കുന്നു. ഹിന്ദുത്വവാദികൾ അവതരിപ്പിക്കുന്ന "രാമരാജ്യ" സങ്കല്പം പൂർണമായി ഉപേക്ഷിക്കണം എന്നതിനു വേണ്ട തെളിവുകൾ ഇന്നുണ്ട്.

ഏറ്റവും പ്രധാനമായി ഇന്ത്യയിലെ ജനങ്ങളുടെ ജീവികാസമ്പാദനരീതികളെക്കുറിച്ചും അതിൽനിന്നുയർന്നുവന്ന സാമൂഹ്യബന്ധങ്ങളെക്കുറിച്ചും വിശദമായ പഠനങ്ങൾ ഇന്നു നടക്കുന്നു. അതിന്റെ ഫലമായി ഭൂവുടമ ബന്ധങ്ങൾ, ജാതിവ്യവസ്ഥ വിഭവസമാഹരണ–വിനിയോഗരീതികൾ, വാണിജ്യം, സാംസ്ക്കാരിക രൂപങ്ങളുടെ വളർച്ച തുടങ്ങിയവയുടെ യഥാർഥ സ്വഭാവത്തെക്കുറിച്ച് വ്യക്തത കൈവന്നുകൊണ്ടിരിക്കുകയാണ്. ഇനിയും ധാരാളം പഠനങ്ങൾ ഈ മേഖലയിൽ നടക്കാനുണ്ട്. ഇതിൽ നിന്നെല്ലാമുയർന്നുവരുന്ന ചിത്രം നമ്മുടെ സാമൂഹ്യസാമ്പത്തിക ബന്ധങ്ങളെക്കുറിച്ചു യാഥാർഥ്യത്തോടേറ്റവും അടുത്തു നിൽക്കുന്ന ചിത്രം നമുക്കു നൽകും. ഇന്ത്യൻ ജനതയുടെ സമഗ്രമായ പുരോഗതിയെക്കുറിച്ചാലോചിക്കുന്നവർക്ക് അത്യാവശ്യമായ ഉത്പാദനസാമഗ്രികൾ ഈ പഠനങ്ങൾക്ക് നൽകാൻ കഴിയും. അതിനോടൊപ്പം ചരിത്രത്തിന്റെ മിത്തുവൽക്കരണത്തെയും ഫാസിസ്റ്റ് രാഷ്ട്രീയത്തെയും തകർക്കാനുള്ള ആയുധമായും ഉപയോഗിക്കപ്പെടും.

മേൽപറഞ്ഞ പൊതുനിഗമനങ്ങൾ വർഗീയചരിത്രബോധം പ്രചരിപ്പിച്ചിട്ടുള്ള മിത്തുകളുടെ ഉള്ളറകളെ പൊളിച്ചുകാണിക്കുന്നു. ഇന്ത്യയിൽ നിലവിലിരുന്ന ആർഷസംസ്കാരം നിരവധി ജനവിഭാഗങ്ങളുടെ കൂട്ടായ സംഭാവനകളുടെ ഫലമാണെന്ന് നാം മനസ്സിലാക്കുന്നു. ഭാരതവർഷമെന്ന ആശയവും ചതുർയുഗസങ്കല്പവുമെല്ലാം ബ്രാഹ്മണരുടെ ഭൂമിശാസ്ത്ര കാലഗണനാസങ്കല്പങ്ങളുടെ ഭാഗമായിരുന്നു. ഇതിൽനിന്നു വ്യത്യസ്തമായ ചരിത്രരചനാപാരമ്പര്യമായിരുന്നു ബൗദ്ധ–ജൈനർക്കുണ്ടായിരുന്നത്. ബ്രാഹ്മണരും ബൗദ്ധ–ജൈനരും തമ്മിൽ ശത്രുതയും സംഘർഷങ്ങളും നിലവിലിരുന്നതായും ധാരാളം സൂചനകളുണ്ട്. വി.എച്ച്.പിയുടെ "രാമരാജ്യം" നിലവിലിരുന്നില്ല എന്ന് വസ്തുനിഷ്ഠമായിത്തന്നെ വാദിക്കാം.

വിവിധ സാംസ്കാരിക പാരമ്പര്യങ്ങൾ തമ്മിലുള്ള സമന്വയം സാമാന്യജനങ്ങളുടെ തലത്തിൽ നിലവിലുണ്ടായിരുന്നുവെന്നതിന്റെ സൂചനകൾ ധാരാളമാണ്. സാമൂഹ്യജീവിതം, മേളകൾ, ഉത്സവങ്ങൾ, വിഭവസമാഹരണം തുടങ്ങി സാങ്കേതിക വിദ്യകളിലും രാഷ്ട്രീയ തന്ത്രങ്ങളിലുംപോലും ഈ

സമന്വയം പ്രത്യക്ഷമായിരുന്നു. അറംഗ്സേബ് ഹിന്ദുസൈന്യത്തെ ഉപയോഗപ്പെടുത്തിയതുപോലെ ശിവാജി മുസ്ലീം ഭടന്മാരെയും ഉപയോഗപ്പെടുത്തിയിരുന്നു. ബാബറിനെ എതിർത്ത് പോരാടിയത് ഹിന്ദു-മുസ്ലീം സൈന്യങ്ങൾ കൂട്ടായിട്ടായിരുന്നു. ക്ഷേത്രങ്ങൾ മധ്യകാലരാഷ്ട്രീയത്തിൽ വഹിച്ച പങ്കു മനസ്സിലാക്കിയാൽ മാത്രമേ ക്ഷേത്രധ്വംസനത്തെക്കുറിച്ചു മനസ്സിലാക്കാൻ കഴിയൂ. അവ ആരാധനാലയങ്ങളെന്നതിനുപരി അധികാരത്തിന്റെയും സമ്പത്തിന്റെയും ചിഹ്നങ്ങളായിരുന്നു. അതേസമയം ക്ഷേത്രങ്ങളുടെ നിലനില്പിന് ആ പ്രദേശത്തെ എല്ലാ സാമുദായികവിഭാഗങ്ങളും സംഭാവന ചെയ്തിരുന്നുവെന്ന് വ്യക്തമാണ്. ക്ഷേത്രങ്ങളിലെ ഉത്സവങ്ങളിലും പള്ളികളിലെ ആചാരങ്ങളിലും ജാതിമത ഭേദമെന്യേ എല്ലാവരും പങ്കെടുത്തിരുന്നു. ഇതേപോലുള്ള കൊള്ളകൊടുക്കകൾ എല്ലാ മേഖലകളിലുമുണ്ടായിരുന്നു. ഹിന്ദുസ്ഥാനിസംഗീതം, മധ്യകാല മുഗൾ വാസ്തുവിദ്യ, കബീർ, റായ്ദാസ്, ധന്നാ, ദാദൂ, സെയിൻ മുതലായവരടങ്ങിയ ഭക്തിപ്രസ്ഥാനം, ഉർദു ഭാഷയും സാഹിത്യവും മുതലായവയടങ്ങാത്ത ഭാരതീയ പാരമ്പര്യത്തെക്കുറിച്ചു ചിന്തിക്കാൻപോലും സാധ്യമല്ല.

ഇന്ത്യയിൽ ശക്തമായ ഭൗതിക ജീവിതമുണ്ടായിരുന്നുവെന്നത് ഇന്നേവരും അംഗീകരിക്കുന്നുണ്ട്. ലോകത്തിന്റെ മറ്റു ഭാഗങ്ങളിൽനിന്നു വ്യത്യസ്തമല്ലാത്ത ഇന്ത്യയിലെ ഉൽപാദന രൂപങ്ങൾക്കും സമൂഹബന്ധങ്ങൾക്കും അനുയോജ്യമായ ശാസ്ത്രസാങ്കേതിക പാരമ്പര്യം ഇന്ത്യയിലുമുണ്ടായിരുന്നു. നിരീക്ഷണ പരീക്ഷണങ്ങളും യുക്തിനിബദ്ധമായ അന്വേഷണങ്ങളും ഇന്ത്യയിൽ നിലനിന്നിരുന്നുവെന്നതിന് ധാരാളം തെളിവുകളുണ്ട്. അതുകൊണ്ട് ഇന്ത്യയുടെ ദൗർബല്യങ്ങളെ പരിശോധിക്കുന്നതിന് ഏറ്റവും പ്രധാനം ഇന്ത്യയുടെ സമൂഹപരിണാമത്തിന്റെ സ്വഭാവം പരിശോധിക്കുകയാണ്. അല്ലാതെ ആർഷഭാരത സംസ്ക്കാരത്തിന്റെ കൃത്രിമമായ സുവർണയുഗം സൃഷ്ടിച്ച് അതിന്റെ അധ:പതനത്തിന് അന്യമതസ്ഥരെ പഴിചാരുകയല്ല. ശാസ്ത്രീയ ചരിത്ര പഠനം വർഗീയത സൃഷ്ടിക്കുന്ന മിത്തുകളെ തിരസ്ക്കരിക്കാൻ നമ്മെ സഹായിക്കുന്നു.

**അധികവായനയ്ക്ക്**


1. വർഗീയതയും ഇന്ത്യാചരിത്രരചനയും - കെ.എൻ.പണിക്കർ - ചിന്ത
2. സാംസ്ക്കാരിക ഫാസിസത്തിന്റെ പുതിയ മുഖം - ഒരു സംഘം ലേഖകർ - ചിന്ത
3. ഡി.ഡി.കോസാംബി - എം.ആർ.രാഘവവാര്യർ - വിശ്വദർശന
4. അയോധ്യ - നേരും നുണയും - എച്ച്.ഡി.സങ്കാലിയ.
5. ഭൂതകാലവും മുൻവിധികളും - റോമിളാഥാപർ - ചിന്ത.
6. വർഗീയതയും ഇന്ത്യാചരിത്രരചനയും - റോമിളാഥാപർ - ചിന്ത.
7. Anatomy of Confrontation - S.Gopal (Ed) Penguin.
8. Communalism in Modern India - Bipan Chandra.
9. Communalism and the Writing of Indian History- Romila Thapper, Harbans Mukhia and Bipan Chandra P P H NewDelhi.
10. Khaki Shorts and Saffron Flags: Tapan Basu, Pradip Datta, Sunil Sarkar, Tamika Sarkar, Sambuddha Sen.


* * * *

# സ്വാശ്രയ ഭാരതവും
# പുത്തൻ സാമ്പത്തിക നയങ്ങളും

അതിവേഗം ഒന്നായിക്കൊണ്ടിരിക്കുന്ന ലോകത്ത് സ്വാശ്രയത്വം എന്നത് അപ്രായോഗികമായി മാറിക്കഴിഞ്ഞിരിക്കുന്നു എന്ന് നമ്മുടെ രാഷ്ട്ര നേതാക്കൻമാർ പ്രസ്താവിച്ചുകൊണ്ടിരിക്കുന്ന കാലയളവിലാണ് സ്വാശ്രയഭാരതത്തെക്കുറിച്ചുള്ള ഈ ക്ലാസ്സുകൾ നടക്കുന്നത്. ഈ വിമർശനങ്ങൾ കേട്ടാൽ തോന്നും സ്വാശ്രയം എന്നാൽ മറ്റെല്ലാ ബന്ധവും വിച്ഛേദിച്ച് ഒരു തുരത്തായി മാറി നിൽക്കുക എന്നാണെന്ന്. ഇത്തരമൊരു സ്വാശ്രയസങ്കല്പം ദേശീയ പ്രസ്ഥാനകാലത്തോ അതിനു പിന്നീടോ ആരെങ്കിലും മുന്നോട്ടു വെച്ചതായി അറിവില്ല. സ്വാശ്രയമെന്നാൽ നാം മറ്റാരുടെയും ആശ്രിതരായി മാറരുത് എന്നാണർഥം. 500 കൊല്ലം മുൻപ് ആരംഭിച്ച കൊളോണിയൽ പ്രക്രിയയുടെ പര്യവസാനം അതായിരുന്നു. ആ അവസ്ഥക്കെതിരായ സമരത്തിലൂടെയാണ് ആധുനിക ഭാരതത്തിന്റെ സ്വാശ്രയ സങ്കല്പം ഉരുത്തിരിഞ്ഞു വന്നത്. ഈ പൈതൃകമാകെ നിഷേധിക്കുകയാണ്, പുതിയ പരിഷ്ക്കർത്താക്കൾ. യഥാർഥത്തിൽ നടപ്പാക്കാൻ ശ്രമിക്കുന്നത് പുത്തൻ പരിഷ്കാരങ്ങൾ പോലുമല്ല, ബ്രിട്ടീഷ് ഭരണകാലത്ത് നിലവിലിരുന്ന പഴഞ്ചൻ നയസമീപനങ്ങളുടെ പുത്തൻ പതിപ്പുകൾ മാത്രമാണ്. നമുക്കു പലതും വിദേശങ്ങളിൽനിന്ന് ഇറക്കുമതി ചെയ്യേണ്ടതായിവരും, പക്ഷെ കയറ്റുമതി വർധിക്കുന്ന തോതിൽമാത്രം, സാങ്കേതിക വിദ്യ വാങ്ങേണ്ടിവരും, പക്ഷെ നമ്മുടെ ദേശീയ സാങ്കേതികാടിത്തറയെ പുഷ്ടിപ്പെടുത്തുന്ന

വിധമാകണമെന്നു മാത്രം. വിദേശ വായ്പകളും വേണ്ടി വന്നേക്കാം. പക്ഷെ, തിരിച്ചടക്കാനുള്ള കഴിവിനപ്പുറം പാടില്ല...

കൊളോണിയൽ ആധിപത്യത്തിന്റെ ചരിത്രപരമായ പാഠങ്ങൾ നാം വിസ്മരിക്കരുത്. ഒന്നായിക്കൊണ്ടിരിക്കുന്ന ലോകത്ത് എല്ലാ രാഷ്ട്രങ്ങളും സമന്മാരല്ല. സാമ്രാജ്യത്വ രാഷ്ട്രങ്ങളും അവയുടെ ചൂഷണത്തിന് വിധേയമായിക്കൊണ്ടിരിക്കുന്ന അവികസിത രാഷ്ട്രങ്ങളുമുണ്ട്. ആഗോള വൽക്കരണം പോലെ തന്നെ ഒരു അടിസ്ഥാന യഥാർഥമാണ് ഈ വൈരുധ്യവും അന്താരാഷ്ട്രീയ ബന്ധങ്ങളെ ആശ്രിത ബന്ധങ്ങളായി രൂപാന്തരപ്പെടുത്താൻ സാമ്രാജ്യത്വം നടത്തുന്ന കുതന്ത്രങ്ങളോട് ജാഗ്രത പുലർത്തേണ്ടതുണ്ട്. ആ ജാഗ്രതയുടെ മുദ്രാവാക്യമാണ് സ്വാശ്രയം. രാഷ്ട്രീയ പരമാധികാരത്തിന്റെ അടിത്തറയാണ് സ്വാശ്രയ സമ്പദ്ഘടന. അതുകൊണ്ടാണ് നമ്മുടെ പഞ്ചവൽസര പദ്ധതികളുടെ അടിസ്ഥാന പ്രമാണമായി ഈ തത്വം മാറിയത്. ബ്രിട്ടീഷ് ഭരണ കാലത്തെ അപേക്ഷിച്ച് കാർഷിക, വ്യാവസായിക മേഖലകളിൽ നാം കൂടുതൽ സ്വയം പര്യാപ്തത നേടി. ഒട്ടേറെ പരിമിതികളുണ്ടെങ്കിലും മറ്റു പല അവികസിത രാജ്യങ്ങളെ അപേക്ഷിച്ച് അടിസ്ഥാന വ്യവസായങ്ങളുടെയും അടിസ്ഥാന കൊളോണിയൽ ഭരണത്തെ അപേക്ഷിച്ച് മൂന്നിരട്ടി വേഗതയിൽ സാമ്പത്തിക വളർച്ച സ്വാതന്ത്ര്യാനന്തര കാലത്തുണ്ടായി. എന്നാൽ ഈ വളർച്ചയിൽ പ്രത്യക്ഷപ്പെട്ട രണ്ട് അടിസ്ഥാന വൈരുദ്ധ്യങ്ങൾ പരിഹരിക്കാൻ കഴിവില്ലാതെ സ്വാശ്രയം എന്ന സങ്കല്പത്തെ തന്നെ ഉപേക്ഷിക്കുന്നതിന് ഭരണാധികാരികൾ തയ്യാറായിരിക്കുകയാണ്.

**ഏതെല്ലാം ആണ് ഈ അടിസ്ഥാന സാമ്പത്തിക അസന്തുലിതാവസ്ഥകൾ?**

a) സർക്കാർ നിരന്തരം വരുമാനത്തേക്കാൾ കൂടുതൽ ചെലവാക്കിവന്നു. കമ്മി നികത്താൻ കമ്മിപ്പണത്തെയും വായ്പയേയും ആശ്രയിച്ചു വന്നു. ഇതിന്റെ ഫലമായി വിലകൾ ഉയരുന്നു. കടഭാരം പെരുകുന്നു. അവസാനം പലിശനൽകാൻ സർക്കാർ നികുതിയുടെ പകുതിയും ഉപയോഗിക്കേണ്ടിവന്നു. ഇതിങ്ങനെ തുടരാനാവില്ല.

b) രാജ്യം മൊത്തത്തിൽ വരുമാനത്തേക്കാൾ കൂടുതൽ ചെലവാക്കി വന്നു. അതായത് രാജ്യത്തിനുള്ളിലെ ഉല്പാദനം കൊണ്ടു തൃപ്തി വരാതെ കൂടുതൽ കൂടുതൽ ഇറക്കുമതി ചെയ്തുവന്നു. ഇതി

നായി തുടർച്ചയായി വിദേശത്തുനിന്നു കടമെടുത്തു. ഈ കടഭാരം പെരുകി പലിശ നൽകുന്നതിനു തന്നെ വീണ്ടും കടമെടുക്കണമെന്ന നിലയിലെത്തി. ഇതിങ്ങനെ തുടരാനാവില്ല. നമ്മൾ കഴിവിനപ്പുറം ചെലവാക്കി ജീവിച്ചുവരികയായിരുന്നു. ഇതു തുടരാനാവില്ല എന്നതും ശരി.

എന്നാൽ ഒന്നു ചോദിക്കട്ടെ? ആരാണ് കഴിവിനപ്പുറം ജീവിച്ചത്? ഇന്നാട്ടിലെ ദരിദ്രകോടികളോ? ധനിക ന്യൂനപക്ഷമോ? ധൂർത്തിൽ ആറാടുന്ന ഭരണാധികാരികൾ കഴിവിനനുസരിച്ചാണോ ജീവിച്ചത്? അന്തർദേശീയ ആയുധകമ്പോളത്തിൽ 80 കളുടെ അവസാനം ഇന്ത്യയെ ഒന്നാം സ്ഥാനത്ത് എത്തിച്ചവർ തങ്ങൾക്കു ലഭിച്ച കമ്മീഷനുകളാണോ അഥവാ ഇവ വാങ്ങാനുള്ള രാജ്യത്തിന്റെ കഴിവിനേയാണോ മാനദണ്ഡമാക്കിയത്?.... എന്നിട്ടിപ്പോൾ പ്രതിസന്ധി പരിഹരിക്കാനെടുക്കുന്ന നടപടികൾ ധനികർക്ക് കൂടുതൽ സൗജന്യങ്ങൾ അനുവദിക്കുമ്പോൾ സാധാരണ ജനങ്ങളുടെ മേൽ ദുർവ്വഹമായ ഭാരം കെട്ടിവെക്കുന്നു. എന്നുമാത്രമല്ല രാജ്യത്തിന്റെ പരമാധികാരത്തിനു തന്നെ ഭീഷണിയായി തീർന്നിരിക്കുന്നു. വിധിയുടെ കാലാവധി നീട്ടിവെക്കുന്നതിനുമാത്രമാണ് ഈ പരിഷ്കാരങ്ങൾ സഹായിക്കുക. ഇത് വ്യക്തമാക്കുന്നതിന് ആദ്യം വേണ്ടത് എന്തുകൊണ്ട് ഇന്നത്തെ ഭയാനകമായ സാമ്പത്തിക അസന്തുലിതാവസ്ഥ രൂപംകൊണ്ടു എന്ന അന്വേഷണമാണ്.

### പ്രതിസന്ധി എങ്ങനെയുണ്ടായി?

സ്വതന്ത്ര ഭാരതത്തിൽ വികസന പ്രവർത്തനങ്ങളിൽ നിർണായകമായ ഒരു പങ്ക് സർക്കാർ വഹിക്കണമെന്ന കാര്യത്തിൽ ദേശീയ പ്രസ്ഥാനത്തിൽ പൂർണമായ അഭിപ്രായസമന്വയമുണ്ടായിരുന്നു. ഈ പരിപ്രേക്ഷ്യപ്രകാരം ആസൂത്രണത്തിനും പൊതു മേഖലയ്ക്കും നാം രൂപം നൽകി. സർക്കാർ വൻതോതിൽ വിഭവങ്ങൾ സമാഹരിക്കുകയും അതിൽ നല്ല പങ്കും അവശ്യ പശ്ചാത്തല സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനും പൊതുമേഖലക്കായും മുടക്കിവന്നു. ദേശീയ വരുമാനത്തിന്റെ 30% ലേറെ വരും മൊത്തം ബഡ്ജറ്റ് ചെലവുകൾ. ഈ രീതിയിൽ സർക്കാർ ചെലവുകൾ വർധിക്കുക എന്നത് തൊട്ടു മുൻപു സൂചിപ്പിച്ച വികസന പരിപ്രേക്ഷ്യപ്രകാരം അനിവാര്യമായിരുന്നു. ഈ വർധിച്ചുവരുന്ന ചെലവും വരുമാനവും തമ്മിലുള്ള പൊരുത്തക്കേട് മനസ്സിലാകണമെങ്കിൽ സർക്കാരിന്റെ വരവു ചെലവു

കണക്കിന്റെ ഘടനയെക്കുറിച്ച് ഒരു ധാരണ വേണം. ഇതാണ് ചാർട്ട് I–ൽ കൊടുത്തിരിക്കുന്നത്.

## ചാർട്ട് - I

### സർക്കാർ ബഡ്ജറ്റ്

### റവന്യൂ കണക്ക്

| വരുമാനം | ചെലവ് |
|---|---|
| 1. നികുതി (a) പ്രത്യക്ഷം | 1. ശമ്പളം |
| (b) പരോക്ഷം | 2. സാധനസാമഗ്രികൾ |
| 2. ലാഭം, പലിശ, ഫീസ്, ഫൈൻ | 3. പലിശ, സബ്സിഡി, ഗ്രാന്റ് തുടങ്ങിയവ |

### മൂലധന കണക്ക്

| | |
|---|---|
| 3. വിദേശവായ്പകൾ | 4. വായ്പകൾ |
| 4. ദേശീയ വായ്പകൾ | |
| (a) ചെറുകിട വായ്പകൾ | |
| (b) കമ്പോള വായ്പകൾ | 5, മരാമത്തു പണികൾ |
| 5. പൊതുമേഖലാ ഓഹരിവില്പന | 6. മൊത്തം ചെലവ് |
| 6. മൊത്തം വരുമാനം | 7. ബഡ്ജറ്റ് കമ്മി. |

ബഡ്ജറ്റ് കമ്മി = മൊത്തം വരുമാനം – മൊത്തം ചെലവ്

ധനകമ്മി = ബഡ്ജറ്റ്കമ്മി (7) + വായ്പാ വരുമാനം (4 + 5)

റവന്യൂ കമ്മി = റവന്യൂ വരുമാനം (1 + 2) - റവന്യൂ ചെലവ് (1 + 2 + 3)

സർക്കാരിന്റെ വരുമാനത്തെ രണ്ടായി തിരിക്കാം. റവന്യൂ വരുമാനവും മൂലധന വരുമാനവും. സർക്കാർ ചെലവുകളെയും റവന്യൂ ചെലവ്, മൂലധന ചെലവ് എന്നിങ്ങനെ രണ്ടായി തിരിക്കാം. റവന്യൂ വരുമാനം മുഖ്യമായും നികുതിയിലൂടെ ലഭിക്കുന്നതാണ്. ആദായ നികുതി, സ്വത്ത് നികുതി തുടങ്ങി നികുതിദായകന്റെമേൽ നേരിട്ടു ചുമത്തുന്ന നികുതികളെ പ്രത്യക്ഷ നികുതികളെന്നും ഉല്പന്നങ്ങളുടെ മേൽ ചുമത്തുന്ന നികുതികളെ പരോക്ഷ നികുതികളെന്നും വിളിക്കുന്നു. കയറ്റുമതി– ഇറക്കുമതി ഉല്പന്നങ്ങളുടെ മേൽ ചുമ

ത്തുന്ന പരോക്ഷനികുതികളാണ് കംസ്റ്റംസ് എക്സൈസ് തീരുവകൾ, ചരക്കുകളുടെ ഉല്പാദന സ്ഥലത്ത് വെച്ച് ഈടാക്കുന്ന പരോക്ഷ നികുതിയെ മൊത്ത ചില്ലറ വ്യാപാര സ്ഥലത്ത്വെച്ച് ഈടാക്കുന്ന പരോക്ഷ നികുതിയെ വില്പനനികുതിയെന്നും വിളിക്കുന്നു. നികുതി വരുമാനത്തിന് പുറമെ മറ്റുചില റവന്യൂ വരുമാന മാർഗങ്ങളും സർക്കാരിനുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നുള്ള ലാഭം, വായ്പകളിൽ ലഭിക്കുന്ന പലിശ, വിവിധതരം സേവനങ്ങൾക്ക് ഈടാക്കുന്ന ഫീസുകൾ എന്നിവയാണവ. ഇത്തരത്തിൽ നികുതിയേതര വരുമാനമാർഗങ്ങളിലൂടെ ലഭിക്കുന്ന തുക നികുതി വരുമാനത്തിന്റെ 1/3 വരും. സർക്കാർ എടുക്കുന്ന വായ്പകളെയാണ് മൂലധന വരുമാനം എന്നു വിളിക്കുന്നത്. വിദേശവായ്പാവരുമാനത്തിന്റെ 5 ഇരട്ടി വരും ആഭ്യന്തര വായ്പാവരുമാനം. ആഭ്യന്തര വായ്പകളിൽ സർക്കാർ പുറപ്പെടുവിക്കുന്ന കടപ്പത്രങ്ങളിലൂടെ ശേഖരിക്കുന്ന വായ്പകൾ മാത്രമല്ല, ചെറുകിട സമ്പാദ്യ പദ്ധതി, പ്രോവിഡന്റ് ഫണ്ട് തുടങ്ങിയവയിലൂടെ ശേഖരിക്കുന്നതുകയും പെടും. പൊതുമേഖലാ ഓഹരികൾ വിറ്റുകിട്ടുന്ന പണവും മൂലധന വരുമാനമായിട്ടാണ് കണക്കിൽ പെടുത്തിയിരിക്കുന്നത്. ഇനി ചെലവിനങ്ങൾ എടുക്കാം. ജീവനക്കാരുടെയും മറ്റും ശമ്പളവും സ്റ്റേഷനറി തുടങ്ങിയ ആവർത്തനചെലവുകളും റവന്യൂ ചെലവ് എന്നാണ് അറിയപ്പെടുന്നത്. പൊതുമരാമത്തിനും മറ്റ് ജംഗമവസ്തുക്കൾക്കും വേണ്ടിയുള്ള ചെലവാകട്ടെ മൂലധന ചെലവെന്നും അറിയപ്പെടുന്നു.

റവന്യൂ ചെലവും മൂലധന ചെലവും അടക്കം സർക്കാറിന്റെ ആകെ പ്രതീക്ഷിതചെലവ് ഈ വർഷം 131329 കോടി രൂപയാണ്. വരുമാനമാകട്ടെ 127009 കോടി രൂപ മാത്രം. സർക്കാരിന്റെ ആകെ വരുമാനത്തേക്കാൾ കൂടുതലാണ് ചെലവ്. അഥവാ ബഡ്ജറ്റ് കമ്മിയാണ്. 1993-94 ബഡ്ജറ്റ് കമ്മി 4314 കോടി രൂപയാണ്. ഇത്രയും പണം എങ്ങനെയാണ് സർക്കാർ കണ്ടെത്തുക. കമ്മിപ്പണം അടിക്കുകയേ നിവൃത്തിയുള്ളൂ.

കേന്ദ്രസർക്കാരിന്റെ ആകെ വരുമാനവും ചെലവുമെടുത്താൽ ബഡ്ജറ്റ് കമ്മിയായിരിക്കുന്നതുപോലെ റവന്യൂ വരുമാനത്തേയും റവന്യൂ ചെലവിനേയും തമ്മിൽ താരതമ്യപ്പെടുത്തിയാലും കമ്മിയാണെന്നുകാണാം. ശമ്പളം, പലിശ സബ്സിഡികൾ തുടങ്ങിയ

ഭരണച്ചെലവുകൾക്കുവേണ്ടി വരുന്ന ചെലവുകളെയാണല്ലോ റവന്യൂ ചെലവുകൾ എന്നു വിളിക്കുന്നത്. ഈ ആവർത്തന ചെലവുകൾക്കുവേണ്ടി വായ്പയെടുക്കേണ്ടി വരരുത് എന്നതാണ് ശരിയായ ബഡ്ജറ്റ് തത്വം. നിത്യവൃത്തിക്കായി സ്ഥിരമായി വായ്പയെടുക്കേണ്ടി വരുന്ന ഒരാൾ പാപ്പരാകും എന്നതിനു പ്രത്യേക വിശദീകരണം വേണ്ടല്ലോ. വായ്പകളിലൂടെ സമാഹരിക്കുന്ന പണം നാളെ വരുമാനം സൃഷ്ടിക്കുന്നതോ തിരിച്ചു ലഭിക്കുന്നതോ ആയ മൂലധന ചെലവുകൾക്കായേ വിനിയോഗിക്കാൻ പാടുള്ളൂ. എന്നാൽ മൻമോഹൻസിംഗിന്റെ ബഡ്ജറ്റിൽ റവന്യൂ വരുമാനത്തേക്കാൾ 17630 കോടി രൂപ അധികമാണ് റവന്യൂ ചെലവ്. അഥവാ റവന്യൂ കമ്മി 17630 കോടി രൂപയാണ്. റവന്യൂ കമ്മി നികത്തുന്നതിനായും മൂലധന ചെലവിനായും പൊതുമേഖലാ ഓഹരികൾ വിറ്റും വിദേശത്തുനിന്നും നാട്ടിൽനിന്നും വായ്പകളെടുത്തും പഴയ കടങ്ങൾ തിരിച്ചു പിടിച്ചും പണം സമാഹരിക്കുകയാണ് ധനമന്ത്രി ചെയ്യുന്നത്. ഇപ്രകാരം സമാഹരിക്കുന്ന വരുമാനത്തിൽ വായ്പകളെ യഥാർത്ഥ സർക്കാർ വരുമാനമായി കാണാൻ കഴിയില്ല എന്നാണ് നാണയനിധിയും മറ്റും പറയുന്നത്. റവന്യൂ വരുമാനം മാത്രമാണ് പോലും യഥാർത്ഥവരുമാനം. തൻമൂലം യഥാർത്ഥകമ്മി കണക്കാക്കണമെങ്കിൽ ബഡ്ജറ്റ് കമ്മിയോട് വായ്പകളിൽനിന്നും ലഭിക്കുന്ന വരുമാനവും കൂട്ടിച്ചേർക്കണം എന്നാണ് നാണയനിധി വിധിച്ചിട്ടുള്ളത്. ഇതിനെയാണ് ധനകമ്മി എന്നു പറയുന്നത്. ബഡ്ജറ്റ് കമ്മി 4314 കോടി രൂപയാണെന്ന് നാം കണ്ടു. നാട്ടിൽ നിന്നും വിദേശത്തുനിന്നുമുള്ള വായ്പകളായി 32645 കോടി രൂപയാണ് ഈ വർഷം സമാഹരി ക്കാൻ ഉദ്ദേശിക്കുന്നത്. അങ്ങനെ ധനകമ്മി 1993-94-ൽ 36959 കോടി രൂപയാണെന്ന് കാണാം.

എന്തുകൊണ്ട് ബഡ്ജറ്റ് കമ്മിയും ധനകമ്മിയും റവന്യൂ കമ്മിയും ഓരോ വർഷം കഴിയും തോറും ഇതുപോലെ വർധിച്ചു വന്നു. ഇതിന്റെ അടിസ്ഥാനപരമായ കാരണം ചെലവു വർധിച്ചതോതിൽ റവന്യൂ വരുമാനം ഉയർന്നില്ല എന്നതാണ്. സർക്കാർ ചെലവിലുണ്ടായ വർധനവ് ഏറ്റവും കാര്യക്ഷമമായിരുന്നുവോ? അല്ലെങ്കിൽ പ്രതിരോധ സുരക്ഷിതച്ചെലവും മറ്റും ഉചിതമായ രാഷ്ട്രീയ നടപടികൾ സ്വീകരിക്കുന്നതിലൂടെ കുറക്കുവാൻ കഴിയുമായിരുന്നില്ലേ. തുടങ്ങിയ ചോദ്യങ്ങൾ പ്രസക്തമായവതന്നെ. പക്ഷേ, നാം മുൻപ് വിശദീകരിച്ച വികസന പരിപ്രേക്ഷ്യപ്രകാരം

സാമ്പത്തിക മേഖലയിൽ സർക്കാരിന്റെ സ്ഥാനവും തദ്വാര സർക്കാർ ചെലവുകളും വർധിക്കുക അനിവാര്യമാണ്. എന്നാൽ സർക്കാർ മുൻകൈ എടുത്തും പൊതുമേഖലയെ ആസ്പദമാക്കിയും നടന്ന ഈ വികസന പ്രക്രിയയുടെ നേട്ടങ്ങൾ ഒരു ചെറുന്യൂനപക്ഷത്തിന്റെ കയ്യിലാണൊതുങ്ങിയത്. പൊതുമേഖലയുടെ ലാഭം പ്രതീക്ഷപൊലെ ഉയർന്നില്ല. വികസനത്തിന്റെ നേട്ടങ്ങൾ കയ്യിലൊതുക്കിയ പണക്കാരിൽനിന്നാകട്ടെ പ്രത്യക്ഷനികുതികൾ പിരിക്കുവാൻ സർക്കാർ തയ്യാറായതുമില്ല. 1960-61 സർക്കാർ ചെലവുകളിൽ 88 ശതമാനം നികുതി വരുമാനത്തിൽ നിന്നായിരുന്നെങ്കിൽ 1991-92–ൽ ഇത് 50 ശതമാനം മാത്രമാണ് 1950-51–ൽ നികുതി വരുമാനത്തിന്റെ 36 ശതമാനം പ്രത്യക്ഷനികുതികളായിരുന്നെങ്കിൽ 1991-92–ൽ ഇത് 19 ശതമാനമേ വരൂ. ഈ പ്രത്യക്ഷനികുതികൾ 1950-51–ൽ ദേശീയ സമ്പാദ്യത്തിന്റെ 12.4 ശതമാനം വരുമായിരുന്നെങ്കിൽ ഇന്ന് 1.6 ശതമാനം മാത്രം.

**ധനകമ്മിയാണ് മുഖ്യ പ്രശ്നമെന്നും പറഞ്ഞ് അത് ഇല്ലാതാക്കുന്നതിനായി സർക്കാർ സ്വീകരിക്കുന്ന നടപടികൾ താഴെപ്പറയുന്നവയാണ്.**

a) പൊതുമേഖലാ ഓഹരി വില്പനയിലൂടെയും പൊതുമേഖലാ വിലകൾ ഉയർത്തിയും വരുമാനം ഉയർത്തുക.

b) സബ്സിഡികളും സാമൂഹ്യക്ഷേമ ചെലവുകളും കുറച്ചുകൊണ്ട് ചെലവു കുറയ്ക്കുക.

c) വികസന ചെലവുകൾ കുറക്കുക.

ഇത് രാജ്യത്തെ പിന്നോട്ടടിപ്പിക്കുന്നു. മുഖ്യ പ്രശ്നം ധനകമ്മിയല്ല റവന്യൂ കമ്മിയാണ്. വായ്പയെടുക്കുന്നു എന്നതല്ല പ്രശ്നം ഈ വായ്പ ഭരണച്ചെലവുകൾക്കുപയോഗിക്കുന്നു എന്ന താണ് പ്രശ്നം. നാട്ടിൽനിന്നു വായ്പയെടുത്ത് ആ തുക ഉല്പാദനപരമായി വിനിയോഗിക്കുകയാണെങ്കിൽ നാളെ ഉല്പാദനം വർധിക്കുന്നതിന്റെ ഫലമായുണ്ടാക്കുന്ന നേട്ടത്തിൽനിന്ന് വായ്പയും അതിന്റെ പലിശയും തിരിച്ചടയ്ക്കാൻ കഴിയും. ഉല്പാദനപരമായി വിനിയോഗിക്കപ്പെടുന്ന വായ്പകൾ ഒരിക്കലകം ജഢഭാരമാകുന്നില്ല. അവ എടുക്കുന്നത് നാട്ടിൽ നിന്നാണെങ്കിൽ വിദേശ നാണയത്തിന്റെ നൂലാമാലകളും ഉദിക്കുന്നില്ല. എന്നാൽ ഇതല്ല ഇന്ത്യയിൽ സംഭവിച്ചത്.

ആയതിനാൽ വേണ്ടത്, അരുൺഘോഷും മറ്റും ബദൽ ബഡ്ജറ്റിലൂടെ കണക്കുകൾ വെച്ച് റവന്യൂ സമർഥിച്ചതുപോലെ പ്രത്യക്ഷനികുതികൾ ഗണ്യമായി വർധിപ്പിച്ച് റവന്യൂ കമ്മി ഇല്ലാതാക്കലും സർക്കാർ സ്ഥാപനങ്ങളുടെ കാര്യക്ഷമത ഉയർത്തുകയുമാണ്. ഇന്ന് ഇന്ത്യയിലെ കുടുംബങ്ങളിൽ 3 ശതമാനത്തിൽ താഴെ മാത്രമേ പ്രത്യക്ഷനികുതി നൽകുന്നുള്ളു. നികുതി ദായകരുടെ വലയം 7 ശതമാനം കുടുംബങ്ങളെങ്കിലുമാക്കി വിപുലപ്പെടുത്താൻ കഴിയുകയും കള്ളപ്പണക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുകയും ചെയ്താൽ ധനപ്രതിസന്ധി പരിഹൃതമാകും. അന്താരാഷ്ട്ര നാണയ നിധിയുടെ മതിപ്പു കണക്കുപ്രകാരം നികുതി വെട്ടിച്ചുണ്ടാക്കിയ കള്ളപ്പണം ഇന്ത്യയുടെ ദേശീയ വരുമാനത്തിന്റെ 50 ശതമാനത്തോളം വരും. ഈ വർഷത്തെ പ്രതീക്ഷിത ധനകമ്മി ദേശീയ വരുമാനത്തിന്റെ $4\frac{1}{2}$ ശതമാനമേ വരൂ എന്നതും ഓർക്കുക. പ്രത്യക്ഷ നികുതി വരുമാനം വർധിപ്പിക്കുന്നതോടൊപ്പം ഭരണ ചെലവുകൾ പരമാവധി കുറക്കുകയും പൊതുമേഖല ലാഭകരമാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുകയും വേണം.

അടുത്തതായി വിദേശ വിനിമയ മേഖലയിലെ അസന്തുലിതാവസ്ഥയുടെ കാരണം പരിശോധിക്കാം. ഇതിനു പ്രത്യക്ഷ കാരണം 80 കളിൽ പിന്തുടർന്ന ഇറക്കുമതി ഉദാരവൽക്കരണ നയമാണ്. ദേശീയ പ്രസ്ഥാനത്തിന്റെ പൈതൃകമായി നമുക്കു ലഭിച്ച വികസന കാഴ്ചപ്പാടിന്റെ മറ്റൊരു സുപ്രധാന കണ്ണിയായിരുന്നു സ്വാശ്രയം. ഇറക്കുമതി ബദൽ വികസന തന്ത്രത്തെ ആസ്പദമാക്കിയാണ് ഇന്ത്യയിൽ വ്യവസായവും കൃഷിയും അഭിവൃദ്ധിപ്പെട്ടത്. എന്നാൽ ഈ തന്ത്രത്തിന്റെ വിജയത്തിന് അനുപേക്ഷണീയമായ ആഭ്യന്തര കമ്പോളത്തിന്റെ വികാസം ഉറപ്പുവരുത്തുന്നതിനു കഴിയാതെ പോയി. ബഹുഭൂരിപക്ഷം ജനങ്ങളുടെയും ക്രയശേഷി വർധിച്ചില്ല. ആഭ്യന്തര കമ്പോളത്തിന്റെ മുരടിപ്പിൽ നിന്നു രക്ഷനേടുന്നതിനു സ്വീകരിച്ച ഉപായമായിരുന്നു ഇറക്കുമതിയുടെ വികസന തന്ത്രവും അതിന്റെ ഭാഗമായി '80 കളിൽ നടന്ന ഇറക്കുമതി ഉദാരവൽക്കരണവും. ഇറക്കുമതി കുത്തനെ ഉയർന്നു. എന്നാൽ കയറ്റുമതി ഉയർന്നില്ല. ഫലമോ? 1980-81-ൽ ഏതാണ്ട് 500 കോടി രൂപയായിരുന്ന വ്യാപാരകമ്മി ആ ദശാബ്ദം അവസാനിച്ചപ്പോഴേക്കും 13000 കോടി രൂപയിലധികരിച്ചു. ഈ കമ്മി നികത്തുന്നതിനായി തുടർച്ചയായി വിദേശനാണയ വായ്പ എടുത്തതു മൂലം വിദേശകടഭാരം

1980-81-ൽ 2056 കോടി ഡോളറായിരുന്നത് 1991 ആയപ്പോഴേക്കും 7200 കോടി ഡോളറായി ഉയർന്നു. വ്യാപാരകമ്മി നികത്തുന്നതിനും 7200 കോടി ഡൊളറിന്റെ കടഭാരം സർവീസ് ചെയ്യുന്നതിനും പുതുതായി 2000-2500 കോടി രൂപ വായ്പ ലഭിച്ചേപറ്റൂ എന്നതായിരുന്നു 1991-ലെ സ്ഥിതി. പുതിയ വായ്പകൾതരുന്നതിനു വിദേശികൾ വിസമ്മതിച്ചതോടെ രാജ്യം പ്രതിസന്ധിയിലുമായി.

ഇതിനു സർക്കാർ ഇന്നു കണ്ടെത്തിയിരിക്കുന്ന പരിഹാര മാർഗമെന്ത്? എങ്ങനെയെങ്കിലും പുതിയ വായ്പകൾ ഉറപ്പാക്കുക. ഇതിനായി വിദേശികൾ മുന്നോട്ടു വയ്ക്കുന്ന നിബന്ധനകൾ എല്ലാം നടപ്പാക്കുക. ഇപ്രകാരം വായ്പകൾ ഉറപ്പാക്കി പ്രതിസന്ധി തരണം ചെയ്തു എന്നു ഊറ്റം കൊള്ളുകയാണ് അവർ. ഈ പുതിയ കടങ്ങൾ തിരിച്ചടയ്ക്കേണ്ട സമയമാവുമ്പോഴേക്കും അതു നിർവഹിക്കത്തക്കതോതിൽ ഇന്ത്യയിൽ കയറ്റുമതി ഉയർന്നുകൊള്ളുമെന്ന വ്യാമോഹത്തിലാണവർ. കൂടുതൽ രൂക്ഷമായ പ്രതിസന്ധി പൊട്ടിപ്പുറപ്പെടാനിരിക്കുന്നതേയുള്ളൂ. അന്നാവട്ടെ ഇന്നുള്ള സാമ്പത്തിക പ്രതിരോധശേഷിപോലും രാജ്യത്തിനുണ്ടാവില്ല. കാരണം വായ്പകൾക്കായി നാം സ്വീകരിച്ചുകൊണ്ടിരിക്കുന്ന നിബന്ധനകൾ ദേശീയ വ്യവസായങ്ങളെയും കൃഷിയേയും മുച്ചൂടും മുടിച്ചുകൊണ്ടിരിക്കുകയാണ്.

എന്തൊക്കെയാണ് പുതിയ പരിഷ്ക്കാരങ്ങൾ?

a) വിദേശ വ്യാപാരത്തെ എത്രയും വേഗം സർവ്വസ്വതന്ത്രമാക്കുക എന്നതാണ് ഒന്നാമത്തെ ഇനം. കഴിഞ്ഞ 3 ബഡ്ജറ്റുകളിലും ഇറക്കുമതി ചുങ്കം ഗണ്യമായി കുറച്ചു. ദേശീയ സാമ്പത്തിക അതിർത്തികൾ അപ്രത്യക്ഷമായ ഒരു ആഗോള സമ്പദ്‌വ്യവസ്ഥയാണ് സാമ്രാജ്യത്വരാഷ്ട്രങ്ങളുടെ ഉന്നം. ഇതിലേക്കുള്ള സുപ്രധാന ചുവടുവയ്പാണ് എല്ലാവിധ വ്യാപാര നിയന്ത്രണങ്ങളും ഇല്ലാതാക്കുക എന്നത്.

b) എന്നാൽ ഈ നടപടിയുടെ ഫലമായി നമ്മുടെ നാട്ടിലേക്കുള്ള ഇറക്കുമതി കുത്തനെ ഉയരുകയും വിദേശവ്യാപാര കമ്മി പെരുകുകയും ചെയ്യുമെന്നത് തീർച്ചയാണ്. തന്മൂലം പ്രതിസന്ധി മൂർച്ഛിക്കും. ഇതിനുള്ള പ്രതിവിധിയായാണ് വിനിമയ നിരക്ക് പരിഷ്ക്കാരം നടപ്പാക്കുന്നത്. വിദേശവ്യാപാരനിയന്ത്രണങ്ങൾ നീക്കം ചെയ്യുമ്പോൾ സർക്കാരിന്റെ കൈയ്യിലുള്ള വിദേശനാണയം ഇറക്കു


മതിക്കുതികയാതെ വന്നാൽ അതിനുള്ള പ്രതിവിധി ഇറക്കുമതിക്കു മേൽ നിയന്ത്രണമേർപ്പെടുത്തുകയെന്നതല്ല വിദേശനാണയത്തിന്റെ വില ഉയർത്തുക അഥവാ ഇന്ത്യൻ രൂപയുടെ വില താഴ്ത്തുക എന്നതായിരിക്കണം എന്നതാണ് നാണയനിധിയുടെ ഉപദേശം. വിദേശനാണയത്തിന്റെ വില ഉയരുമ്പോൾ അതിനുള്ള ആവശ്യക്കാരും കുറയും എന്നതാണ് അതിനുള്ള യുക്തി. പുതിയ പരിഷ്ക്കാരങ്ങൾക്കുമുമ്പ് ഡോളറിന്റെ വില 22 രൂപയായിരുന്നത് 32 രൂപയായി വർധിച്ചിരിക്കുന്നു. എന്നു മാത്രമല്ല രൂപയുടെ വിനിമയ നിരക്ക് (നമ്മുടെ നാണയവും വിദേശ നാണയവും തമ്മിലുള്ള കൈമാറ്റത്തോത്) സംബന്ധിച്ച് തീരുമാനമെടുക്കാനുള്ള അവകാശവും ഇന്ത്യാ സർക്കാർ കൈവെടിഞ്ഞിരിക്കുന്നു. വിദേശ കമ്പോളത്തിലെ ഗതിവിഗതികൾക്കനുസരിച്ച് ഇന്ത്യൻ രൂപയുടെ വിനിമയനിരക്ക് തുടർച്ചയായി കുറഞ്ഞുകൊണ്ടിരിക്കും എന്ന് ഈ നടപടി ഉറപ്പാക്കുന്നു.

രൂപയുടെ വിനിമയനിരക്ക് ഇടിഞ്ഞാൽ അത് പല പ്രത്യാഘാതങ്ങൾക്കും ഇടയാക്കും. ഒന്നാമതായി രൂപാകണക്കിൽ നമ്മുടെ വിദേശകടഭാരം കുത്തനെ ഉയരും. രണ്ടാമതായി നമ്മുടെ കയറ്റുമതി സാധനങ്ങൾ വില കുറച്ചു വാങ്ങാൻ വിദേശികൾക്കു കഴിയും. ഇതിന്റെ ഫലമായി കയറ്റുമതി കുത്തനെ ഉയരുമെന്നും കയറ്റുമതി വരുമാനം വർധിക്കുമെന്നുമാണ് ഔദ്യോഗിക കണക്കുകൂട്ടൽ. എന്നാൽ പലകാരണങ്ങൾകൊണ്ടും ഇത് സംഭവിക്കണമെന്നില്ല. മൂന്നാമതായി നാം ഇറക്കുമതി ചെയ്യുന്ന സാധനങ്ങൾക്ക് കൂടുതൽ ഉയർന്നവില നൽകേണ്ടിവരും. ഇറക്കുമതി വില എത്ര ഉർന്നാലും പല സാധനങ്ങളും തുടർന്നും ഇറക്കുമതി ചെയ്യേ പറ്റൂ എന്നതാണ് ഇന്നത്തെനില. തന്മൂലം ഇറക്കുമതി ചെലവുകൂടും. ഇവയെല്ലാം മൂലം പ്രതിസന്ധി മൂർച്ഛിക്കുന്നതിനുള്ള സാധ്യതകൾ വളരെയേറെയാണ്.

e) മുകളിൽ പറഞ്ഞ അപകട സാധ്യതകൾ യാഥാർഥ്യമായി തീർന്നാൽ സമ്പദ്ഘടന പിടിച്ചാൽകിട്ടാത്ത ഒരു കുഴപ്പക്കയത്തിലേക്ക് ആഴ്ന്നുപോകാം. ഇതിനുള്ള പ്രതിവിധിയാണത്രെ Stabilisation Programme രൂപയുടെ വിലയിടിയുന്നതിന്റെ ഫലമായി കയറ്റുമതിക്കു പരിഷ്ക്കർത്താക്കൾ ലഭിക്കുമെന്നു പറയുന്ന നേട്ടം ഉണ്ടാകണമെങ്കിൽ ആഭ്യന്തരമായി വിലക്കയറ്റം ഉണ്ടാകാതിരി

ക്കണം. അഥവാ ഉണ്ടായാൽതന്നെ രൂപയുടെ വിദേശ വിലയിലുണ്ടായ ഇടിവിനേക്കാൾ കുറഞ്ഞതായിരിക്കണം. എന്നാൽ വിലക്കയറ്റത്തിനാക്കം കൂട്ടുന്ന പൊതുമേഖലാ ഉൽപന്നങ്ങളുടെ വിലവർധിപ്പിക്കുക, സബ്സിഡികൾ കുറക്കുക, പരോക്ഷനികുതി കൂട്ടുക തുടങ്ങിയ നയങ്ങളാണ് സർക്കാർ അനുവർത്തിച്ചു വരുന്നത്. വിനിമയനിരക്ക് ഇടിയുന്നതുമൂലം ഇറക്കുമതി വിലകൾ ഉയരുന്നത് ഇപ്രകാരം വിങ്ങിപ്പൊട്ടിനിൽക്കുന്ന ആഭ്യന്തര വിലക്കയറ്റത്തിന് ആക്കം കൂട്ടും. വിലക്കയറ്റം കയറ്റുമതിയെ പ്രതികൂലമായി ബാധിക്കും. തൻമൂലം വിദേശനാണയ വരുമാനം പ്രതീക്ഷിച്ചതോതിൽ ഉയരില്ല. ഇതാകട്ടെ വിനിമയ നിരക്കിനെ വീണ്ടും താഴ്ത്തും. ഇതിന്റെ ഫലമായി ഇറക്കുമതി വിലകളും ആഭ്യന്തര വിലനിലവാരവും വീണ്ടും ഉയരും. ഇത് കയറ്റുമതിയെ വീണ്ടും പ്രതികൂലമായി ബാധിക്കും. ഇപ്രകാരം ഒരു വിഷമവൃത്തത്തിലേക്ക് സമ്പദ്ഘടന വഴുതിവീഴും.

## പാർട്ട് II




d) ഇത്തരമൊരു വിഷമവൃത്തം ഒഴിവാക്കുന്നതിനായി സമ്പദ്ഘടനയെ സ്റ്റെബിലൈസ് (stabilise) ചെയ്യേണ്ടിയിരിക്കുന്നു. ഇതിനായി മൂന്നുതരം നടപടികളാണ് കൈക്കൊണ്ടുകൊണ്ടിരിക്കുന്നത്. 1. വേതനം മരവിപ്പിക്കൽ 2. സർക്കാർ കമ്മി കുറയ്ക്കൽ, 3. പീഡിത –പരമ്പരാഗത വ്യവസായങ്ങൾ അടച്ചുപൂട്ടൽ, ഇതിനാ

യുള്ള എക്സിറ്റ് പോളിസി. സ്റ്റെബിലൈസേഷൻ (Stabilisation) പരിപാടി എന്നു പറഞ്ഞാൽ ആസൂത്രിതമായ ഒരു മാന്ദ്യം സമ്പദ്ഘടനയിൽ സൃഷ്ടിക്കുക എന്നതാണ്. അപ്രകാരമേ 4 പതിറ്റാണ്ടിന്റെ ദുർമേദസ് രാഷ്ട്രത്തിൽ നിന്നു പിഴിഞ്ഞുകളയാനാകു പോലും!

എന്നാൽ വിചാരിച്ചതുപോലെ വേതനം മരവിപ്പിക്കുന്ന തിനോ വ്യവസായങ്ങൾ അടച്ചു പൂട്ടുന്നതിനോ ഒന്നും കഴിഞ്ഞി ട്ടില്ല. ആയതിനാൽ രൂപയുടെ വിനിമയ നിരക്കിനെ പിടിച്ചു നിർത്തുന്നതിനായി കിട്ടാവുന്നിടത്തുനിന്നെല്ലാം കടം വാങ്ങിക്കൊണ്ടിരിക്കുകയാണ്. വിദേശ മൂലധന നിക്ഷേപത്തെ ഇന്ത്യയിലേക്കു ക്ഷണിച്ചുകൊണ്ടിരിക്കുകയാണ്. എന്തിന് ഇന്ത്യൻ ഷെയർ മാർക്കറ്റിലേയും മറ്റും ഊഹക്കച്ചവടം വിദേശ മൂലധനത്തെപ്പോലും ക്ഷണിച്ചുകൊണ്ടിരിക്കയാണ്.

മുകളിൽ വിവരിച്ച സ്റ്റെബിലൈസേഷൻ പരിപാടിയുടെ സൂത്രധാരൻ അന്താരാഷ്ട്ര നാണയനിധിയാണ്. ഈ നടപടികൾ അനിവാര്യമായി സൃഷ്ടിക്കുന്ന സാമ്പത്തിക മാന്ദ്യത്തിൽനിന്ന് ഇന്ത്യയെ കരകയറ്റുന്നതിനുള്ള ദൗത്യം ഏറ്റെടുത്തിരിക്കുന്നത് ലോക ബാങ്കാണ്. ഇതിനായി ഘടനാപരമായ മാറ്റങ്ങൾക്കായുള്ള ഒരു പരിപാടി അവർ നിർദേശിച്ചിരിക്കുന്നു. ആസൂത്രണത്തിൽ നിന്ന് സ്വതന്ത്രമായ കമ്പോളശക്തികളുടെ തീരുമാനത്തിലേക്ക്, പൊതുമേഖലയിൽ നിന്ന് സ്വകാര്യമേഖലയിലേക്ക്, പഴയ സ്വാശ്രയ ഉത്പാദന ഘടനയിൽനിന്ന് അന്തർദേശീയ മത്സരശേഷിയുള്ളവയിൽ മാത്രം ഊന്നുന്ന പുതിയൊരു ഘടനയിലേക്ക്, വിദേശമൂലധനത്തെ നിയന്ത്രിക്കുന്നതിൽനിന്ന് അവർക്ക് സർവസ്വാഗതം നൽകുന്നതിലേക്ക് എന്നു തുടങ്ങി സമ്പദ്ഘടനയുടെ അടിസ്ഥാന ഘടനകളെത്തന്നെ മാറ്റുന്നതിനുള്ള ഒരു പരിപാടിയാണ് ബാങ്കിന്റേത്. ലോക ബാങ്ക് വായ്പ നൽകുന്ന നാനാപദ്ധതികൾക്കുള്ള നിബന്ധനകളിൽക്കൂടിയാണ് ഈ പരിപാടി നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. ആദികാലത്ത് ലോകബാങ്ക് ഓരോരോ വികസനപദ്ധതികൾക്കുവേണ്ടിയുള്ള വായ്പകളാണ് നൽകിക്കൊണ്ടിരുന്നത്. പദ്ധതികളുടെ പ്രോജക്ട് റിപ്പോർട്ടുകൾ അവരുടെ കാഴ്ചപ്പാടനുസരിച്ച് തയ്യാറാക്കുന്നതിലൂടെയാണ് നമ്മുടെ വികസന നയങ്ങളെ സ്വാധീനിക്കാൻ ശ്രമിച്ചിരുന്നത്. പിന്നീട് ക്രമേണ ഏതെങ്കിലും സാമ്പത്തിക മേഖലയുടെ പൊതു പുന:സംഘടനക്കുവേണ്ടിയുള്ള, ഉദാ: കൃഷി, വിദ്യാഭ്യാസം, ഗതാഗതം, പോലുള്ള സാമ്പ

ത്തിക മേഖലക്കുള്ള പൊതു പുന:സംഘടന വായ്പകളും നൽകി ത്തുടങ്ങി. ഇപ്പോഴിതാ അവസാനം മൊത്തം സമ്പദ്ഘടനയെ ത്തന്നെ പുന:സംഘടിപ്പിക്കുന്നതിനുള്ള–Structural adjustment programme- വായ്പകളും നൽകിത്തുടങ്ങിയിരിക്കുന്നു. ഇന്ത്യ ഈ പൊതു വായ്പകളും വാങ്ങുന്നതിന് കരാർ ഒപ്പിട്ടു കഴിഞ്ഞു. ലോകബാങ്കിന്റെ പിടിയിലേക്ക് ഇന്ത്യൻ സമ്പദ്ഘടനയാകെ നീങ്ങിക്കൊണ്ടിരിക്കുകയാണ്.

നാണയനിധിയുടെ സ്റ്റെബിലൈസേഷൻ ഹ്രസ്വകാല പരിപാടിയാണെന്നു വിശേഷിപ്പിക്കാം. ലോകബാങ്കിന്റേത് ഒരു ഇടത്തരം കാല പരിപാടിയെന്നും. എന്നാൽ ഇന്ത്യൻ സമ്പദ്ഘട നയെ ശ്വാശ്വതമായിത്തന്നെ അന്താരാഷ്ട്ര നിയമങ്ങൾക്ക് കീഴ്പ്പെടുത്തി ആഗോളവത്ക്കരിക്കുന്നതിന് കച്ചകെട്ടി നിൽക്കുന്ന സ്ഥാപനമാണ് ഗാട്ട്. ഗാട്ടിന്റെ ഇപ്പോഴത്തെ റൗണ്ടിലെ അവസാന ചർച്ചകൾക്കാധാരമായിരിക്കുന്ന ഡങ്കലിന്റെ രേഖ ലക്ഷ്യമിടുന്നതു ഇതുതന്നെയാണ്. അന്തർദേശീയ വ്യാപാരം കൂടുതൽ സ്വതന്ത്രമാ ക്കുന്നതിനുള്ള ഉടമ്പടിയായിരുന്നല്ലോ ഗാട്ട്. ഇതുവരെ അവിക സിത രാജ്യങ്ങൾക്ക് വ്യാപാര മേഖലയിൽ നൽകിയിരുന്ന ഇളവു കൾ ഇല്ലാതാകുന്നു എന്നു മാത്രമല്ല വ്യാപാരവുമായി ബന്ധമു ണ്ടെന്ന ന്യായം പറഞ്ഞ് സേവനതുറകളേയും വിദേശ നിക്ഷേപങ്ങ ളേയും, സർവ സ്വതന്ത്രമാക്കുന്നതിനുള്ള വകുപ്പുകളാണ് പുതിയ ഉടമ്പടിയിലുള്ളത്. ബഹുരാഷ്ട്ര കുത്തകകൾക്ക് വിജ്ഞാന ത്തിനുമേൽ സ്വകാര്യ സ്വത്തവകാശം ഉറപ്പുവരുത്തുന്ന സാർവദേ ശീയ പേറ്റന്റ് നിയമം പുതിയ ഗാട്ട് റൗണ്ടിലൂടെ അടിച്ചേൽപ്പിക്കു ന്നതിന് ശ്രമിച്ചുകൊണ്ടിരിക്കയാണ്.

(a) ഡങ്കൽ തയ്യാറാക്കിയ ഉടമ്പടിയിൽ ഒപ്പുവെക്കുന്നതിന് സാർവത്രികമായ എതിർപ്പുകളെ അവഗണിച്ചുകൊണ്ട് ഇന്ത്യാസർ ക്കാർ തയ്യാറായിക്കൊണ്ടിരിക്കയാണ്. ഇതു സംഭവിച്ചാൽ ഉണ്ടാ കുന്ന പ്രത്യാഘാതങ്ങൾ ഭീകരമാണ്. ഇറക്കുമതി നിയന്ത്രിക്കുന്ന തിനുള്ള ഭാവി സാധ്യതകൾ എന്നെന്നേക്കുമായി കൊട്ടിയടക്ക പ്പെടും. ഇന്നുള്ള ഇറക്കുമതി നിയന്ത്രണംപോലും അന്തർദേശീയ നിയമങ്ങൾക്കു വിരുദ്ധമായി തീരും. രണ്ടാമതായി ഇതുവരെ ഇറക്കു മതി ഉദാരവൽക്കരണത്തിൽനിന്ന് രക്ഷപ്പെട്ടു നിന്നിരുന്ന കാർഷിക മേഖലയായിരിക്കും പ്രത്യാഘാതങ്ങൾ കൂടുതലായുണ്ടാകുക.

രാഷ്ട്രത്തിന് ഭക്ഷ്യ സ്വയം പര്യാപ്തത എന്നത് ഉപേക്ഷിക്കേണ്ടി വരും. IMF, ലോകബാങ്ക് നിയന്ത്രണങ്ങൾ വഴി കാർഷിക സബ്സിഡികൾ ഇന്ത്യയിൽനിന്നും നിർമ്മാർജനം ചെയ്തുകൊണ്ടിരിക്കയാണ്. എന്നാൽ വികസിത രാജ്യങ്ങളിൽ ഏറിയാൽ 20% വരെ മാത്രമേ സബ്സിഡി വെട്ടിക്കുറക്കുവാൻ ഡങ്കൽ നിർദേശിക്കുന്നുള്ളൂ. ഇത് നമ്മുടെ കാർഷിക വിഭവങ്ങളുടെ മൽസര ശേഷിയെ കുറക്കുകയും പാശ്ചാത്യരുടെ Dumping ഭീഷണിക്ക് കാർഷികമേഖലയെ വശംവദരാക്കുകയും ചെയ്യും. മൂന്നാമതായി ഇന്നുള്ള പൊതു വിതരണ സമ്പ്രദായം അസാദ്ധ്യമായിത്തീരും. നാലാമതായി ബഹുരാഷ്ട്രക്കുത്തകകളുടെ മേലുള്ള എല്ലാ നിയന്ത്രണങ്ങളും നീക്കം ചെയ്യുകയും അവർക്ക് നാട്ടിലെ വ്യവസായികൾക്ക് തുല്യമായ പരിഗണന നൽകേണ്ടതായും വരും. ബാങ്കിംഗ്, ഇൻഷൂറൻസ് തുടങ്ങിയ സേവന തുറകൾ ബഹുരാഷ്ട്രകുത്തകകൾക്ക് തുറന്നു കൊടുക്കുന്നതു വഴി അതിവിപുലമായ വിഭവസമാഹരണ സാധ്യതകളും അതിലൂടെ സമ്പദ്ഘടനയിൽ ചെലുത്താമായിരുന്ന സ്വാധീനവും ഇന്ത്യാ സർക്കാരിന് നഷ്ടപ്പെടും. അഞ്ചാമതായി ഇന്ത്യയിലെ പേറ്റന്റ് നിയമം സമൂലം ഭേദഗതി ചെയ്യേണ്ടതായി വരും. അമേരിക്കൻ മോഡലിലുള്ള പേറ്റന്റ് നിയമം വളർന്നുവരുന്ന മരുന്നു വ്യവസായം പോലുള്ള വ്യവസായങ്ങളുടെ അടിത്തറ തോണ്ടും; ദേശീയ സാങ്കേതിക വളർച്ചക്ക് വിരാമമിടും; കാർഷിക മേഖലയെ വിത്തു കമ്പനികൾക്ക് അടിയറവെക്കും; ദുർവ്വഹമായ റോയൽട്ടി ഭാരം രാഷ്ട്രത്തിനുമേൽ കെട്ടിവെയ്ക്കും. വിദേശ വ്യാപാരം, നിക്ഷേപം, സേവന മേഖലകൾ, സ്വത്തവകാശ നിയമങ്ങൾ, പേറ്റന്റ് അവകാശ നിയമങ്ങൾ തുടങ്ങിയ മേഖലകളിലെല്ലാം നമ്മുടെ രാഷ്ട്രീയ പരമാധികാരം അമേരിക്കൻ നിയന്ത്രണത്തിലുള്ള ഒരു പുതിയ ലോക സംഘടനക്ക് അടിയറ വെക്കേണ്ടതായി വരും. Multi Lateral Trade Organisation എന്നാണത്രെ ഇതിന്റെ പേര്. ഐക്യരാഷ്ട്രസഭ പോലുള്ള വേദികളെ ദുർബ്ബലപ്പെടുത്തി തങ്ങളുടെ വരുതിയിൽ നിൽക്കുന്ന ധനകാര്യ സ്ഥാപനങ്ങളെ തൽസ്ഥാനത്ത് പ്രതിഷ്ഠിച്ചുകൊണ്ടിരിക്കുകയാണ് അമേരിക്ക.

പുതിയ ലോക സാഹചര്യത്തിൽ നാണയനിധിയും ലോകബേങ്കും ഗാട്ടും സാമ്രാജ്യത്വ ശക്തികൾക്ക് തങ്ങളുടെ അഭീഷ്ടപ്രകാരമുള്ള ഒരു നവലോകക്രമം സൃഷ്ടിക്കുന്നതിന് ഏറ്റവും സുശക്തമായ ചട്ടുകങ്ങളായി പരിണമിച്ചിരിക്കയാണ്. മൂന്നാംലോക

രാജ്യങ്ങൾ വന്നുപെട്ടിരിക്കുന്ന കടക്കുഴപ്പം ഒരവസരമാക്കി മാറ്റി അവയെ തങ്ങളുടെ ചൊൽപടിക്കുവരുത്താൻ അവർക്കു ഏറെക്കുറെ കഴിഞ്ഞിരിക്കുന്നു. മൂന്നാം ലോക രാജ്യങ്ങളുടെ കടക്കുഴപ്പം യഥാർഥത്തിൽ വികസിത–അവികസിത രാജ്യങ്ങൾ തമ്മിലുള്ള സാമ്പത്തിക ബന്ധങ്ങളുടെ അടിസ്ഥാനപരമായ അസന്തുലിതാവസ്ഥയുടെ പ്രതിഫലനം മാത്രമാണെന്ന വസ്തുത അവർ വിസ്മരിക്കുന്നു. '80–കളുടെ ആദ്യം പ്രതിവർഷം ഏതാണ്ട് 15000 കോടി ഡോളറായിരുന്നു വികസിതരാജ്യങ്ങൾ പ്രത്യക്ഷമായി ചൂഷണം ചെയ്തു കൊണ്ടുപോയ തുകയുടെ മതിപ്പുകണക്ക്. യു.എൻ.ഡി.പിയുടെ കണക്കുകൾ പ്രകാരം അന്തർദേശീയ കമ്പോളങ്ങളിൽ നില നിൽക്കുന്ന വിവേചനങ്ങൾ മൂലം മൂന്നാംലോക രാജ്യങ്ങൾക്കുണ്ടാകുന്ന പരോക്ഷമായ നഷ്ടം പ്രതിവർഷം 50,000 കോടി ഡോളർ എങ്കിലും വരും. ഈ അന്ധമായ ബന്ധത്തെ ഇല്ലാതാക്കാൻ കഴിഞ്ഞാൽ കടക്കുഴപ്പവും ഇല്ലാതാകും. എന്നാൽ കടക്കുഴപ്പത്തിന്റെ ഭാരം മുഴുവൻ മൂന്നാംലോക രാജ്യങ്ങളുടെ തലയിൽ ഏകപക്ഷീയമായി കെട്ടിവയ്ക്കുന്നതിനുള്ള പരിശ്രമമാണ് ഈ ലോകസംഘടനകൾ നടത്തുന്നത്. ഇതിന്റെ ഫലമായി കഴിഞ്ഞ ഒരു ദശാബ്ദക്കാലമായി പ്രതിവർഷം ഏതാണ്ട് 2500 കോടി ഡോളർ വച്ച് അസ്സൽ വായ്പ മുതലിലേക്ക് വികസിത രാജ്യങ്ങൾ തിരിച്ചു പിടിച്ചുകൊണ്ടിരിക്കുകയാണ്.

സാമ്രാജ്യ ശക്തികളുടെ ലക്ഷ്യം സുവ്യക്തമാണ്. തങ്ങളുടെ സാമ്പത്തിക സുരക്ഷിതത്വവും വളർച്ചയും ഉറപ്പുവരുത്തുന്ന ഒരു നവ–ലോകക്രമത്തിനു രൂപം നൽകുക. കഴിഞ്ഞ ഏതാണ്ടു രണ്ടു ദശാബ്ദക്കാലമായി ലോകമുതലാളിത്ത സമ്പദ്ഘടനകളാകെ ഒരു ദീർഘകാല മാന്ദ്യതരംഗത്തിന്റെ പിടിയിലാണ്. ഇതിൽനിന്നു കരകയറണമെങ്കിൽ ആഗോളമായി ഒരു പൊളിച്ചെഴുത്തു കൂടിയേ തീരൂ എന്ന നിഗമനത്തിലാണവർ എത്തിയിരിക്കുന്നത്. ഈ പൊളിച്ചെഴുത്ത് ഉൽപാദനത്തിന്റെ സാങ്കേതിക അടിത്തറയേയും സാമ്പത്തിക ഘടനയേയും അന്താരാഷ്ട്ര ബന്ധങ്ങളേയും ബാധിക്കുന്നതാണ്. ശാസ്ത്രസാങ്കേതിക പുരോഗതി സുപ്രധാനമായ ഒരു വഴിത്തിരിവിൽ എത്തിയിട്ടുണ്ടെന്നു പറയാം. ഊർജകാര്യക്ഷമത കൂടിയ സാങ്കേതിക പരിഷ്കാരം പ്രതീക്ഷിച്ചതിനേക്കാൾ വേഗതയിൽ നടക്കുന്നുണ്ട്. സൂപ്പർ കൺഡക്ടിവിറ്റി പരീക്ഷണങ്ങൾ ആശാവഹമായി പുരോഗമിക്കുന്നു. ജൈവ സാങ്കേതികവിദ്യ, മൈക്രോ ഇലക്ട്രോണിക്സ്, പുത്തൻ പദാർഥങ്ങൾ, ബഹിരാകാശഗവേഷണം തുട

ങ്ങിയ രംഗത്ത് ലോകം ഒരു കുതിപ്പിന്റെ വക്കത്താണ്. പുത്തൻ സാങ്കേതിക വിദ്യകളുടെ ഒരു കൂട്ടം ലോക ചക്രവാളത്തിൽ പ്രത്യക്ഷപ്പെട്ടു കഴിഞ്ഞു. അവശ്യം വേണ്ടുന്ന ഒരു മാറ്റം മുതലാളിത്ത വളർച്ചയ്ക്ക് അനുഗുണമായ ഒരു അന്തർദേശീയ സാമൂഹ്യ ചട്ടക്കൂടിന്റെ സ്ഥാപനമാണ്. യൂറോപ്പിലെ സോഷ്യലിസത്തിന്റെ തകർച്ച സാമ്രാജ്യകോയ്മകൾക്ക് വലിയൊരു അനുഗ്രഹമായി. ഇതു മുതലാളിത്ത ആശയങ്ങളുടെ ഒരു വേലിയേറ്റം ലോകത്തും സൃഷ്ടിച്ചിട്ടുണ്ട്. കമ്പോളത്തിന് നഷ്ടപ്പെട്ടുപോയ പരിപാവനത്വം തിരിച്ചുകിട്ടിയിരിക്കുന്നു.

എന്നാൽ പുതിയ അന്തർദേശീയ സമുഹ്യ ചട്ടക്കൂടിന്റെ നിർമാണം ഇനിയും പൂർത്തീകരിക്കേണ്ടതായിട്ടുണ്ട്. രണ്ടാംലോക മഹായുദ്ധാനന്തരം രൂപംകൊണ്ട ചട്ടക്കൂടിനെ പുനസ്ഥാപിച്ചതുകൊണ്ടായില്ല. ലോകരാഷ്ട്രീയ സാഹചര്യം മാത്രമല്ല സാമ്പത്തിക-സാങ്കേതിക മേഖലകളിലെ ഘടനകളും അത്രയേറെ മാറിയിട്ടുണ്ട്. അമേരിക്കയ്ക്കു ശക്തിക്ഷയം ഉണ്ടായെങ്കിലും പകരം ഏതെങ്കിലുമൊരു സാമ്രാജ്യകോയ്മയ്ക്ക് നെടുനായകത്വത്തിലേക്ക് ഉയരാനായിട്ടില്ല. മാത്രമല്ല സൈനികമായി അമേരിക്കൻ മേധാവിത്വം അപ്രതിരോധമായി തുടരുന്നു. വിലപേശലിനുവേണ്ടി വിവിധങ്ങളായ ബ്ലോക്കുകൾ ഉണ്ടാക്കി ശക്തി സംഭരിച്ചുകൊണ്ടിരിക്കയാണ് അമേരിക്കയും ജർമ്മനിയും ജപ്പാനുമെല്ലാം. ഏതെങ്കിലും ഒരു രാജ്യത്തിന് ഒറ്റയ്ക്കിന്ന് ആഗോള മുതലാളിത്ത നേതൃത്വത്തിലേക്ക് ഉയരാനാവുമോ എന്നതു സംശയമാണ്. ഏതു തരത്തിലുള്ള കൂട്ടു നേതൃത്വമാണ് വേണ്ടത്? തർക്കങ്ങൾ തുടർന്നുകൊണ്ടിരിക്കുന്നു,

പുതിയ വളർച്ച സ്രോതസ്സുകളായി പ്രത്യക്ഷപ്പെട്ടിരിക്കുന്ന സാങ്കേതിക വിദ്യകൾ പഴയ ഫോർഡിസ്റ്റ് നിയന്ത്രണരീതികളെ വലിയൊരു പരിധിവരെ അപ്രസക്തമാക്കിയിട്ടുണ്ട്. പുതിയ നിയന്ത്രണ സമ്പ്രദായങ്ങൾ ഇനിയും ഫലപ്രദമായി കരുപ്പിടിപ്പിക്കേണ്ടിയിരിക്കുന്നു. ഈ പുതിയ സാങ്കേതിക വിദ്യകൾ വിജ്ഞാനസാന്ദ്രമാണ്. ശാസ്ത്രവിജ്ഞാനംതന്നെ പ്രത്യക്ഷ ഉൽപാദകശക്തിയായി മാറിക്കൊണ്ടിരിക്കയാണെന്നു പലരും അഭിപ്രായപ്പെടുന്നതിന്റെ കാരണമിതാണ്. താരതമ്യേന തൊഴിൽ സാന്ദ്രവും മലിനീകരണം സൃഷ്ടിക്കുന്നതുമായ വ്യവസായങ്ങളെ മൂന്നാം ലോക രാജ്യങ്ങളിലേക്കു പറിച്ചു നടുകകൊണ്ട് ഒരു പുതിയ അന്തർദേശീയ തൊഴിൽ

വിഭജനത്തിന് തുടക്കം കുറിച്ച് കഴിഞ്ഞു. ഇതാണ് തെക്കു കിഴക്കൻ ഏഷ്യയിലേയും ചില ലത്തീൻ അമേരിക്കൻ രാജ്യങ്ങളിലേയും സമീപ കാല വ്യവസായ ഉത്കർഷത്തിനു കാരണം. അതേ സമയം വികസിത രാജ്യങ്ങളാവട്ടെ "വ്യവസായാനന്തര രാജ്യങ്ങ"ളായി (Post industrial societies) മാറിക്കൊണ്ടിരിക്കുന്നു. വികസിത രാജ്യങ്ങളിലെ ദേശീയ വരുമാനത്തിൽ 65-70 ശതമാനം ഇന്ന് സേവന മേഖലയിൽ നിന്നാണുണ്ടാകുന്നത്. തങ്ങൾക്കു ലാഭകരമല്ലാത്ത വ്യവസായങ്ങൾ മൂന്നാംലോക രാജ്യങ്ങളിലേക്കു കുടിയേറാൻ അനുവദിക്കുക എന്നാ അവയുടെമേലുള്ള നിയന്ത്രണത്തിൽ അയവുവരാതെ സൂക്ഷിക്കുക, മൂന്നാം ലോകത്തെ ബാങ്കിങ്ങ്, ഇൻഷുറൻസ് തുടങ്ങിയ സേവന തുറകളിൽ മേധാവിത്വം ഉറപ്പുവരുത്തുക, തങ്ങളുടെ വിജ്ഞാന കുത്തക ഉറപ്പു വരുത്തുന്ന ബൗദ്ധിക സ്വത്തവകാശ നിയമങ്ങൾ സാർവത്രികമാക്കുക തുടങ്ങിയവയൊക്കെയാണ് സാമ്രാജ്യത്വ ഉന്നങ്ങൾ.

മുതലാളിത്ത സാമ്പത്തിക ആഗോളവൽക്കരണം ഗുണപരമായ ഒരു വഴിത്തിരിവിലാണ്, ഒരർഥത്തിൽ മുതലാളിത്തം ജന്മനാ ആഗോള സ്വഭാവമുള്ളതായിരുന്നു. ഇതു നാം നേരത്തെ കണ്ടുകഴിഞ്ഞു. ഈ പ്രവണത പതിൻമടങ്ങു ശക്തിപ്പെട്ട് ഒരു അന്തർദേശീയ ഉൽപാദന ക്രമം തന്നെ രൂപപ്പെട്ടിരിക്കുന്നു. വിദേശ വ്യാപാരത്തേക്കാൾ പല മടങ്ങ് വലുതാണ് അന്തർദേശീയ ഉൽപാദനം (അതായത് ഒരു രാജ്യത്തെ കമ്പനികൾ വിദേശരാജ്യങ്ങളിൽ ഫാക്ടറികൾ സ്ഥാപിച്ചു നടത്തുന്ന ഉൽപാദനം.)എന്നുമാത്രമല്ല ഉൽപാദന പ്രക്രിയ തന്നെ ആഗോളവൽകരിക്കപ്പെട്ടിരിക്കുന്നു. ഒരു ഉൽപന്നത്തിന്റെ ഓരോ ഘടകവും ഏതു രാജ്യത്താണോ ഏറ്റവും ലാഭകരമായി നിർമിക്കാവുന്നത് അത് അവിടെ നിർമിച്ച് അവസാന അസംബ്ലിംഗ് മറ്റേതെങ്കിലും രാജ്യത്തുവച്ചു നടത്തുകയും ചെയ്യുന്നത് സാർവത്രികമായി തീർന്നിരിക്കുന്നു.

ഉൽപാദനം മാത്രമല്ല ലോക ഫിനാൻസും ആഗോളവൽകരിക്കപ്പെട്ടിരിക്കുന്നു. അത്യാധുനികമായ കമ്പ്യൂട്ടറുകളിലൂടെ ലോകകമ്പോളങ്ങൾ പരസ്പരം ഉദ്ഗ്രഥിക്കപ്പെടുന്നു. ഇവയിലൂടെ രാജ്യാതിർത്തികൾ കടന്ന് ഓരോ നിമിഷവും കോടിക്കണക്കിന് ഡോളറുകൾ നിരന്തരം അങ്ങോട്ടുമിങ്ങോട്ടും പ്രവഹിച്ചുകൊണ്ടിരിക്കുന്നു. ഇങ്ങനെ ഓരോ ദിവസവും 30,000 കോടി ഡോളറാണ് രാഷ്ട്രീയ അതിർത്തികൾ കടന്ന് വിനിമയം ചെയ്യപ്പെടുന്നത്!

ഈ ആഗോളവൽക്കരണ പ്രക്രിയയ്ക്ക് ചുക്കാൻ പിടിക്കുന്നത് ബഹുരാഷ്ട്ര കുത്തകകളാണ്. പല സാമ്പത്തിക തുറകളിൽ പല രാജ്യങ്ങളിലായി ഒരേ സമയം ഒരു ആഗോള ലാഭതന്ത്രത്തിനു വിധേയമായി പ്രവർത്തിക്കുന്ന കുത്തകകളെയാണ് ബഹുരാഷ്ട്ര കുത്തകകൾ എന്നു വിളിക്കുന്നത്. ബഹുരാഷ്ട്രങ്ങളിൽ പ്രവർത്തിക്കുന്നുവെങ്കിലും മഹാഭൂരിപക്ഷം കുത്തകകളും ഇന്നും ഏതെങ്കിലും രാഷ്ട്രത്തിന്റേതാണ്. തൻമൂലം ബഹുരാഷ്ട്ര കുത്തകകളുടെ രൂപീകരണം വിവിധ സാമ്രാജ്യകോയ്മകൾ തമ്മിലുള്ള വൈരുദ്ധ്യങ്ങളെ ഇല്ലാതാക്കിയിട്ടില്ല. എന്നാൽ ബഹുരാഷ്ട്ര കുത്തകകളുടെ താൽപര്യങ്ങൾ ആഗോളമായി പരന്നുകിടക്കുന്നു.

സാമ്പത്തിക ആഗോളവൽക്കരണം മുൻപു പ്രസ്താവിച്ചതുപോലെ ഗുണപരമായ കൂടുതൽ ഉയർന്ന വിതാനത്തിലെത്തിയിട്ടുണ്ടെങ്കിലും വിവിധ രാജ്യങ്ങളിലെ–പ്രത്യേകിച്ച് അവികസിത രാജ്യങ്ങളിലെ–ദേശീയ സാമ്പത്തിക നിയമങ്ങൾ പഴയതുപോലെ തുടരുന്നു. കൊളോണിയലിസത്തിനെതിരായി മറ്റു അവികസിത രാജ്യങ്ങളിൽ എന്നപോലെ ഇന്ത്യയിലും നടന്ന സ്വാതന്ത്ര്യ സമരത്തിന്റെ പൈതൃകമായി ഉണ്ടായിവന്നതാണ് സാമ്പത്തിക ദേശീയതയിലധിഷ്ഠിതമായ ഇത്തരം നിയമങ്ങൾ. ഇവയാകെ മാറ്റി എഴുതിയാലെ ആഗോളവൽക്കരണ പ്രക്രിയ പൂർത്തിയാക്കാനാവൂ. ലോക മുതലാളിത്ത സാമ്പത്തിക വളർച്ചയ്ക്കു അനുഗുണമായ ഒരു പുതിയ നവലോകക്രമം ഉണ്ടാക്കാനാവൂ. മൂന്നാംലോക രാജ്യങ്ങളിൽ മുതലാളിത്തം എങ്ങനെയും വളർന്നാൽ മാത്രം പോര. അതു ആഗോള മുതലാളിത്തത്തിനു കീഴ്പ്പെട്ടുകൊണ്ടും പോഷിപ്പിച്ചുകൊണ്ടും വേണം. ഒരു പുതിയ റീകോളണൈസേഷൻ!

ഈ ഭീഷണികളെല്ലാം ഒരുപക്ഷെ, ഒരു പരിധിവരെ അംഗീ കരിക്കാൻ തയ്യാറുള്ളവർപോലും വേറെ വഴിയൊന്നുമില്ല എന്ന ന്യായം പറഞ്ഞാണ് പുത്തൻ പരിഷ്കാരങ്ങളെ പിന്താങ്ങുന്നത്.

### എന്താണ് ബദൽ?

സ്വാതന്ത്ര്യം നേടുന്നതിനായി അവർണ്ണനീയമായ ത്യാഗങ്ങൾ സഹിക്കാൻ സന്നദ്ധമായ ഒരു ജനതയാണ് നമ്മൾ. നേടിയ സ്വാതന്ത്ര്യം നിലനിർത്താൻ ഇനിയും ത്യാഗം സഹിക്കാൻ ജനങ്ങൾ തയ്യാറാകും. എന്നാൽ ഇന്നു ഭരണാധികാരികൾ എന്തിനു വേണ്ടിയാണ് ത്യാഗം സഹിക്കാൻ ആവശ്യപ്പെടുന്നത്? രാഷ്ട്രത്തിന്റെ പരമാധി

കാരം രക്ഷിക്കാനല്ല. മറിച്ച് വിദേശികളുടെ വിശ്വാസം ആർജ്ജിക്കാനും അവരിൽ നിന്നു കൂടുതൽ വായ്പകൾ ഉറപ്പു വരുത്തുന്നതിനും വേണ്ടിയാണ്. ഇതിനു വേണ്ടിയിട്ടാണ് ദേശീയ സമന്വയത്തിനായി അഭ്യർഥിക്കുന്നത്. ഇതിനായി ഒരു ദേശീയ സമന്വയം സാധ്യമല്ല.

നമ്മുടെ സർക്കാരിന് സ്വന്തം ജനതയുടെ ദേശാഭിമാനത്തേക്കാ നാണയനിധി ഉദ്യോഗസ്ഥരുടെ ഉറപ്പിന്മേലാണ് കൂടുതൽ വിശ്വാസം. ബഹുരാഷ്ട്ര കുത്തക കമ്പനികളെ പ്രീണിപ്പിക്കുന്നതിലും വിദേശ സമ്മർദങ്ങൾക്കു വഴങ്ങുന്നതിലും കടഭാരത്തിന്റെ ചെളിക്കുണ്ടിലേക്ക് തല കുത്തിയുള്ള മരണ പാച്ചിലിന്റേയും നയങ്ങൾക്കെങ്ങനെ ജനങ്ങളുടെ ദേശാഭിമാനബോധത്തെ ഉത്തേജിപ്പിക്കാനാകും?

ഇന്ത്യൻ ഭരണാധികാരികൾ പ്രഖ്യാപിക്കട്ടെ: ഇനിമേൽ വിദേശ സമ്മർദങ്ങൾക്കു വഴങ്ങില്ല. സ്വാശ്രയ വളർച്ച ജീവനെക്കാൾ പ്രധാനമെന്നു ഞങ്ങൾ കരുതും. ഇനിമേൽ കൂടുതൽ വിദേശ വായ്പകൾ എടുക്കില്ല. ഇന്നുള്ള കടങ്ങളുടെ കാലാവധി നീട്ടുന്നതിനായി ആവശ്യപ്പെടും. കഴിവനുസരിച്ചേ അവ തിരിച്ചടയ്ക്കൂ.

എങ്കിൽ ദേശാഭിമാനപരമായ ഒരു ജനകീയ ബദൽ പരിപാടിയുടെ ചുറ്റുമായി ജനങ്ങളെ അണിനിരത്താനാകും.

ഈ ബദൽപരിപാടിയിൽ സർക്കാർ ബജറ്റ് കമ്മിയും വിദേശനാണയ പ്രതിസന്ധിയും ലഘൂകരിക്കുന്നതിനുള്ള അടിയന്തര ഹ്രസ്വകാല നടപടികളും ദീർഘകാല വികസന നയങ്ങളും ഉൾപ്പെടും. അവയെന്തെന്നു ചുരുക്കത്തിലൊന്നു കണ്ണോടിക്കാം.

ആദ്യം വിദേശ നാണയ പ്രതിസന്ധിയുടെ പിരിമുറക്കം കുറയ്ക്കാനുള്ള നടപടികളുടെ കാര്യം പരിശോധിക്കാം. ആഡംബര വസ്തുക്കളുടെ ഇറക്കുമതി നിരോധിക്കണം. പെട്രോളിന്റെ ഉപയോഗം കർശനമായി നിയന്ത്രിക്കണം. വേണ്ടിവന്നാൽ ഉചിതമായ റേഷനിങ് സമ്പ്രദായം സ്വകാര്യ വാഹനങ്ങൾക്ക് ഏർപ്പാടു ചെയ്യണം. ഇറക്കുമതി ചെയ്തു വരുന്ന യന്ത്രസാമഗ്രികളും മറ്റും പടിപടിയായി ഇന്ത്യയിൽത്തന്നെ നിർമിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം. ആയുധ ഇറക്കുമതി ഗണ്യമായി വെട്ടിക്കുറയ്ക്കണം. വിദേശനാണയ വരുമാനം വർധിപ്പിക്കാൻ രണ്ടു സ്രോതസ്സുകൾ ഉണ്ട്. ഒന്നാമത്തേത് വിദേശ ഇന്ത്യക്കാരാണ്. വിദേശ ഇന്ത്യക്കാർക്കായുള്ള ഡെപ്പോസിറ്റുകളിൽ നിക്ഷേപിക്കുന്നവർക്ക് മാത്രമല്ല വിദേശത്തുനിന്നു നാട്ടിലേക്കു പണമയക്കുന്ന എല്ലാവർക്കും

പ്രോത്സാഹനം നൽകണം. ഇന്നു കയറ്റുമതിക്കാർക്കു നൽകുന്ന പ്രോത്സാഹനങ്ങൾ നാട്ടിലേക്കു നേരിട്ടു പണമയക്കുന്ന വിദേശത്തു പണിയെടുക്കുന്ന തൊഴിലാളികൾക്ക് നിഷേധിക്കുന്നതിൽ ന്യായമില്ല. അവർ നാട്ടിലേക്കയക്കുന്ന പണം കുഴൽപണത്തിലൂടെയല്ലാതെ നേരായ മാർഗത്തിലൂടെ തന്നെ അയയ്ക്കുന്നതിന് ഉത്തേജനം നൽകുന്ന പ്രോത്സാഹന പദ്ധതിയ്ക്കു രൂപം നൽകാൻ കഴിയും. ഇന്നു കേരളത്തിലേക്കു വരുന്ന ഗൾഫ് പണത്തിൽ 40 ശതമാനത്തോളം കുഴൽപണമായിട്ടാണ് വരുന്നത് എന്നാണ് മതിപ്പു കണക്കെന്നോർക്കുക.

കേന്ദ്ര സർക്കാരിന്റെ ബജറ്റ് കമ്മി കുറയ്ക്കുന്നതിന് വികസനേതര ചെലവുകൾ കർശനമായി നിയന്ത്രിക്കേണ്ടിവരും. ഉചിതമായ രാഷ്ട്രീയ നീക്കങ്ങളുടെ പിൻബലമുണ്ടെങ്കിൽ പ്രതിരോധ ചെലവും ആഭ്യന്തര സുരക്ഷിതത്വ ചെലവും ഗണ്യമായി കുറയ്ക്കാനാവും. ചൈനയുമായുള്ള അതിർത്തി തർക്കം രമ്യമായി പരിഹരിക്കാൻ കഴിഞ്ഞാൽത്തന്നെ പ്രതിരോധചെലവിൽ ഗണ്യമായ കുറവ് വരുത്താനാവും. ഒരു കാരണവശാലും ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ പാക്കിസ്ഥാനുമായി ഒരു അണ്വായുധ മത്സര പന്തയത്തിന്റെ സാഹചര്യം സൃഷ്ടിക്കരുത്. ഇതിനായി നമ്മൾ മുൻകൈ എടുക്കണം. സർക്കാരും തൊഴിലാളികളും മാനേജ്മെന്റും തമ്മിൽ ഉണ്ടാക്കുന്ന ഒരു സമയബന്ധിത പരിപാടിയനുസരിച്ച് പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭകരമാക്കാൻ നടപടികൾ സ്വീകരിക്കണം. എല്ലാവിധ സബ്സിഡികളും പരസ്യമായി ബജറ്റ് കണക്കുകളിൽ കാണിക്കണം. മറവച്ചുകൊണ്ടുള്ള സബ്സിഡി സമ്പ്രദായം പാടില്ല. പണക്കാരുടെ സബ്സിഡികൾ വെട്ടിച്ചുരുക്കണം.

മുകളിൽ പറഞ്ഞവയൊക്കെ സർക്കാർ ചെലവുകളെ നിയന്ത്രിക്കുന്നതിനുള്ള നിർദേശങ്ങളാണ്. സർക്കാരിന്റെ നികുതിവരുമാനം വർധിപ്പിക്കാനും അടിയന്തര നടപടികൾ സ്വീകരിച്ചേ മതിയാകൂ. വൻകിട ഭൂവുടമകളിൽനിന്നും ധനിക കൃഷിക്കാരിൽനിന്നും ആദായ നികുതി പരിക്കണം. നികുതി പിരിവിന്റെ കാര്യക്ഷമത ഉയർത്തണം. കള്ളപ്പണക്കാരോടു വില പേശുകയല്ല അവരെ വേട്ടയാടുകയാണു വേണ്ടത്.

അടവുശിഷ്ട പ്രതിസന്ധിയും ബജറ്റ് പ്രതിസന്ധിയും പരിഹരിക്കുന്നതിന് ഇവിടെ മുന്നോട്ടു വച്ച നിർദേശങ്ങളിൽ ചിലവ അനവധി വർഷങ്ങൾകൊണ്ടേ ചെയ്തു തീർക്കാനാവൂ. എന്നാൽ ഒട്ടുമിക്കവയും

ഉടൻതന്നെ നടപ്പിലാക്കാവുന്ന അടിയന്തര നടപടികളാണ്. ഇവ നടപ്പാക്കുന്നതിനോടൊപ്പം ഇന്ത്യയിലെ കാർഷിക–വ്യവസായ നയങ്ങളും ക്ഷേമപ്രവർത്തനങ്ങളും പുനരാവിഷ്കരിക്കുന്നതിന് ദീർഘകാല നയങ്ങൾ പ്രഖ്യാപിക്കേണ്ടതുണ്ട്.

**1. കാർഷിക നയം:** ഭൂപ്രഭുക്കന്മാരിലും വൻകിട ജലസേചനപദ്ധതികളിലും ഇറക്കുമതിപ്രധാനമായ രാസവള–കീടനാശിനികളിലും ഊന്നുന്ന ഇന്നത്തെ കാർഷിക വികസന തന്ത്രത്തിനു പകരം ഭൂമിയിൽ പണിയെടുക്കുന്ന കൃഷിക്കാരിലും പ്രാദേശിക സ്ഥല ജല മാനേജ്മെന്റിലും ജൈവവളത്തിലും ശാസ്ത്രീയ വിളക്രമത്തിലും മറ്റും ഊന്നുന്ന ഒരു വികസന തന്ത്രമാണ് നമുക്കു വേണ്ടത്. ഓരോ ചെറു നീർമറി (Water shed) പ്രദേശത്തെയും ആസ്പദമാക്കിയുള്ള സമഗ്രമായ ആസൂത്രണം, മണ്ണ് സംരക്ഷണ പരിപാടി, ജലസ്രോതസ്സുകളുടെയും വിതരണ ശൃംഖലയുടെയും പരിപാലനം, ജൈവവളക്കാടുകൾ സൃഷ്ടിക്കൽ തുടങ്ങിയവയ്ക്ക് വൻതോതിൽ മനുഷ്യവിഭവ വിനിയോഗം വേണ്ടിവരും. ഇന്ന് ഗ്രാമപ്രദേശങ്ങളിൽ പാഴായിപോയിക്കൊണ്ടിരിക്കുന്ന മനുഷ്യ അധ്വാനശേഷിയുടെ ഉൽപാദനപരമായ വിനിയോഗമായിരിക്കും പുതിയ കാർഷിക മുന്നേറ്റത്തിന്റെ ഒരു മുഖ്യ സ്രോതസ്സ്.ഇതിൽ നല്ലൊരു പങ്ക് ദേശാഭിമാനപരമായ സന്നദ്ധ പ്രവർത്തനങ്ങളായിരിക്കും. ഇത് യാഥാർഥ്യമാകണമെങ്കിലാവട്ടെ കൃഷിഭൂമി കൃഷിക്കാരന് ലഭിക്കണം. കാർഷിക പരിഷ്കാരത്തിനായുള്ള ഒരു ജനമുന്നേറ്റത്തിന്റെ തുടർച്ചയായി മാത്രമേ പുതിയ കാർഷിക വികസന തന്ത്രത്തിന് വിജയിക്കാനാവൂ. ചെറുതുണ്ടു കൃഷിഭൂമികൾ ഏകീകരിക്കുന്നതിനും കാർഷിക വൃത്തിയിലും കാർഷിക ഉത്പന്ന സംസ്കരണത്തിലും വിപണനത്തിലും സഹകരണാത്മകമായ കാർഷിക ഐക്യം കൊണ്ടുവരുന്നതിനും ഭൂപരിഷ്കരണം അടിസ്ഥാനപരമാണ്. സ്വാശ്രയത്വ വികസനത്തിലൂന്നുന്ന വ്യവസായ വികസനനയം പുനരാവിഷ്ക്കരിക്കേണ്ടതുണ്ട്.

**2. വ്യവസായനയം:** പൊതുമേഖല കാര്യക്ഷമമാക്കേണ്ടതിന്റെയും ജഡഭാരം ഇല്ലായ്മ ചെയ്യേണ്ടതിന്റെയും ആവശ്യകത നേരത്തെസൂചിപ്പിച്ചുവല്ലോ. ഇതിനോടൊപ്പം പൊതുമേഖലയുടെ പ്രവർത്തനതുറകളെ കൂടുതൽ കർശനമായി നിർവചിക്കേണ്ടതുണ്ട്. പൊതുമേഖലാ ഹോട്ടലുകൾ, ഉപഭോക്തൃ ഉൽപന്നങ്ങൾ തുടങ്ങിയ തുറകളിലേക്കുള്ള പൊതുമേഖലയുടെ വ്യാപനം ആവശ്യമാണോ?

ചുവപ്പു നാടകൾ മാത്രം സൃഷ്ടിക്കുന്ന അതിരുകവിഞ്ഞ ലൈസൻസിങ് തുടങ്ങിയ വ്യവസായ നിയന്ത്രണങ്ങളെ ലഘൂകരിക്കേണ്ടതുണ്ട്. സാമ്പത്തിക ആസൂത്രണത്തിന്റെ അവശ്യ ഉപാധികളെ ഇല്ലായ്മ ചെയ്യാതെ ഇതെങ്ങനെ സാധിക്കാമെന്നത് കൂടുതൽ ചർച്ച ചെയ്യേണ്ടുന്ന ഒന്നാണ്. യാന്ത്രികമായ നിയന്ത്രണങ്ങളേക്കാൾ വായ്പാനിയന്ത്രണങ്ങളിലാണ് ഊന്നേണ്ടതെന്ന നിർദേശം പരിഗണനാർഹമാണ്. എന്നാൽ ഇതിനു കഴിയണമെങ്കിൽ ബാങ്ക് മേഖലയിൽ ലോകബാങ്ക് നിർദേശിച്ചിരിക്കുന്ന പരിഷ്ക്കാരങ്ങളെ പൂർണമായി തള്ളിക്കളയേണ്ടിയിരിക്കുന്നു.

ആഭ്യന്തര സമ്പദ്ഘടനയിൽ കമ്പോള മത്സരം ഉറപ്പാക്കാനായി ഇറക്കുമതി ഉദാരവൽക്കരിക്കാനുള്ള നീക്കം ആത്മഹത്യാപരമാണ്. വികസിത രാജ്യങ്ങൾ അവരുടെ വ്യവസായങ്ങളുടെ കാര്യക്ഷമത ഇപ്രകാരം ഉയർത്തിയതിന് ഉദാഹരണങ്ങൾ ചരിത്രത്തിലില്ല. അന്തർദേശീയ മത്സരശേഷി നേടിയ ശേഷമേ ഇറക്കുമതി ഇളവുകൾക്ക് അവർ തയ്യാറായിട്ടുള്ളൂ. ഇന്നത്തെ തന്ത്രം കാര്യക്ഷമത ഉയരുന്നതിലേക്കല്ല വ്യവസായ നാശത്തിലേക്കാണ് നയിക്കുക. ആഭ്യന്തര കമ്പോളത്തിൽ മത്സരം ഉറപ്പാക്കാനുള്ള മാർഗം കുത്തകകളെ നിയന്ത്രിക്കലാണ്. ഇതിന് വായ്പാ ധനകാര്യ നയങ്ങളെ ഇന്നത്തേതിൽ കൂടുതലായി ഉപയോഗപ്പെടുത്തണം. കുത്തകകളുടെ ഓഹരി-കടതോത് ഗണ്യമായി ഉയർത്തണം. ഫാക്ടറികളിൽ പുതുതായി സ്ഥാപിക്കപ്പെടുന്നതോ നവീകരിക്കപ്പെടുന്നതോ ആയ സാങ്കേതിക വിദ്യകൾക്ക് അന്താരാഷ്ട്ര കാര്യക്ഷമതയോട് താരതമ്യപ്പെടുത്തിയിട്ടേ ധനവിഭവങ്ങൾ ലഭ്യമാക്കാവൂ. "വ്യാപാര ഒത്തുകളി"കൾക്കെതിരായി നിയമം കൂടുതൽ കർക്കശമാക്കിക്കൊണ്ട് കുത്തക നിയന്ത്രണനിയമം പുന:സ്ഥാപിക്കണം.

ബഹുരാഷ്ട്ര കുത്തക സ്ഥാപനങ്ങളെ കർശനമായ നിയന്ത്രണങ്ങൾക്ക് കീഴ്പെട്ടേ അനുവദിക്കാവൂ. ഓഹരി മൂലധനത്തിൽ എത്ര ശതമാനം ബഹുരാഷ്ട്രകുത്തകയ്ക്കാവാം എന്നതിനേക്കാൾ പ്രധാനം പ്രവർത്തന മൂലധനത്തിൽ നല്ല പങ്കും വിദേശത്തുനിന്ന് കൊണ്ടുവരണം എന്ന നിബന്ധനയാണ്. വിദേശ കമ്പനികൾക്ക് വേണ്ടിവരുന്ന വിദേശനാണയ ചെലവിനേക്കാൾ കൂടുതൽ വിദേശനാണയ വരുമാനം അവരുടെ ഉൽപന്നങ്ങളിലൂടെയോ സേവനങ്ങളിലൂടെയോ നേടിയിരിക്കണമെന്നതിൽ വിട്ടുവീഴ്ച പാടില്ല. ചൈനയി

ലെന്നപോലെ വിദേശ കമ്പനികൾക്ക് പ്രത്യേകം സാമ്പത്തിക മേഖല കൾ സൃഷ്ടിക്കാവുന്നതാണ്. (ഇന്ന് ഇന്ത്യയിലുള്ള സ്വതന്ത്ര വ്യാപാരമേഖലകളുടെ മറ്റൊരു രൂപം തന്നെയാണിത്).

ചെറുകിട വ്യവസായങ്ങളിൽ കുത്തകകൾക്ക് ഓഹരി നൽകാനുള്ള നീക്കം ഉപേക്ഷിക്കണം. ചെറുകിട വ്യവസായങ്ങൾക്കും പരമ്പരാഗത വ്യവസായങ്ങൾക്കുമുള്ള റിസർവേഷൻ നിലനിർത്തുകയും ഈ മേഖലയെ നവീകരിക്കുന്നതിനായി ഒരു സമയ ബന്ധിത പരിപാടി തയ്യാറാക്കുകയും വേണം.

കൃഷിക്കാരുടെയും ചെറുകിട ഉത്പാദകരുടെയും ഉത്പന്നങ്ങൾക്ക് ന്യായമായ വില ഉറപ്പു വരുത്തേണ്ടതാണ്. കർഷക തൊഴിലാളികൾക്കും അസംഘടിത മേഖലയിലെ തൊഴിലാളികൾക്കും മിനിമം കൂലി ഉറപ്പുവരുത്തണം. ഇതെല്ലാം അടങ്ങുന്ന ഉചിതവും ഇന്നത്തെ പരിമിതികളെ കണക്കിലെടുക്കുന്നതുമായ ദേശീയ വേതന-വരുമാനനയം തൊഴിലാളി സംഘടനകളുമായി ചർച്ച ചെയ്തു തീരുമാനിക്കണം.

**3. സാങ്കേതിക വിദ്യാനയം:** സ്വാശ്രയത്വത്തിൽ ഊന്നുന്ന സാങ്കേതിക വിദ്യാ വികസനനയമാണ് നമ്മൾ അവലംബിക്കേണ്ടത്. സാങ്കേതിക വിദ്യ അതിവേഗം പുരോഗമിച്ചുകൊണ്ടിരിക്കുന്ന ലോകത്ത് ഇവയുടെ ഇറക്കുമതി ഒഴിവാക്കാനാവില്ല. എന്നാൽ വിദേശ സാങ്കേതിക വിദ്യകൾ സ്വാംശീകരിക്കപ്പെടുമെന്നും കൂടുതൽ ഉയർന്ന തലങ്ങളിലേക്ക് ഉയർത്തപ്പെടുമെന്നും ഉറപ്പാക്കണം. ആഡംബര വസ്തുക്കൾക്കും അത്യാവശ്യമല്ലാത്ത ഉത്പന്നങ്ങൾക്കും വേണ്ടിയുള്ള വിദേശസഹകരണം ഒഴിവാക്കണം. വിദേശ സാങ്കേതിക വിദ്യാ ഇറക്കുമതിയുടെ മേൽനോട്ടം കർശനമാക്കണമെന്നതാണ് അനുഭവങ്ങൾ കാണിക്കുന്നത്. പ്രതിരോധ നയത്തിൽ ഇതിനകം സൂചിപ്പിച്ചുകഴിഞ്ഞ നയമാറ്റങ്ങൾ വരുന്നതോടെ ന്യൂക്ലിയർ-ബഹിരാകാശ ഗവേഷണത്തിന് ഗവേഷണ വകയിരുത്തലിൽ ഇന്നു നൽകി വരുന്ന പ്രാധാന്യം കുറയ്ക്കാനാകും. ഇതര വ്യവസായ മേഖലകളിലേയും ഇന്ന് അവഗണിക്കപ്പെട്ടുവരുന്ന ഗ്രാമീണ സാങ്കേതിക വിദ്യകളുടേയും പുരോഗതിക്കായി കൂടുതൽ തുക വിനിയോഗിക്കാനാവും.

**4. അധികാരവികേന്ദ്രീകരണം:** ബദൽ മാർഗത്തിന്റെ അടിസ്ഥാനരാഷ്ട്രീയ ഘടന അധികാര വികേന്ദ്രീകരണത്തിന്റേതാ

ണ്. ഈ അധികാരവികേന്ദ്രീകരണ സങ്കൽപനത്തിന്റെ തത്വമാവട്ടെ താഴെ തലത്തിൽ ചെയ്യാവുന്നതെല്ലാം ആ തട്ടിലേക്ക് വിടണം. ബാക്കിയുള്ളതേ മുകളിലെ തട്ടിലേക്ക് നീക്കിവയ്ക്കേണ്ടതുള്ളൂ എന്നതാണ്. സംസ്ഥാനങ്ങൾക്ക് കൂടുതൽ അധികാരം നൽകി യഥാർഥ ഫെഡറൽ സംവിധാനം കൊണ്ടുവന്നതുകൊണ്ട് മാത്രമായില്ല. ഓരോ സംസ്ഥാനത്തിനകത്തും ജില്ലകളിലേക്കും പഞ്ചായത്തുകളിലേക്കും അധികാരം കൈമാറണം. ഇതിനു ഭരണഘടനാപരമായ സാധുതയും നൽകേണ്ടതുണ്ട്.

അധികാരവികേന്ദ്രീകരണത്തിലൂടെയല്ലാതെ രാഷ്ട്രത്തിന്റെ ഐക്യം സംരക്ഷിക്കുന്നതിനു കഴിയുകയില്ല. അധികാരവികേന്ദ്രീകരണത്തിലൂടെ മാത്രമേ ജനാധിപത്യത്തെ ജീവിതയാഥാർഥ്യമാക്കി മാറ്റുന്നതിനും അതിന്റെ സംരക്ഷണത്തിനായി ജനങ്ങളെ അണിനിരത്താനും കഴിയൂ. ഇതിലൂടെ മാത്രമേ നീണ്ടുകൊണ്ടിരിക്കുന്ന ചുവപ്പുനാടക്കുരുക്കുകളിൽ നിന്നു മോചനം നേടാൻ ആവൂ. അധികാരവികേന്ദ്രീകരണത്തിലൂടെ മാത്രമേ ഭരണച്ചെലവ് കുറയ്ക്കുന്നതിനും വികസനപദ്ധതികൾ ഫലപ്രദമായി നടപ്പാക്കുന്നതിനും കഴിയൂ.

പ്രാദേശികാസൂത്ര ത്തിലൂന്നുന്ന കാർഷിക വികസന തന്ത്രത്തിന് അധികാരവികേന്ദ്രീകരണം ഒരു മുൻ ഉപാധിയാണ്. കേന്ദ്രീകൃതമായി ചില പൊതുനയങ്ങളും ലക്ഷ്യങ്ങളും തയ്യാറാക്കുക, ചില പ്രധാന പദ്ധതികൾ നടപ്പാക്കുക എന്നത് കഴിഞ്ഞാൽ ബാക്കി കാർഷിക ആസൂത്രണവും നിർവഹണവും പ്രാദേശിക തലത്തിലാകാനേ കഴിയൂ. പ്രാദേശികമായേ ആസൂത്രണത്തിനാവശ്യമായ വിവരങ്ങൾ ലഭിക്കൂ എന്നത് മാത്രമല്ല കാരണം. അതിലൂടെ മാത്രമേ പുതിയ കാർഷിക മുന്നേറ്റത്തിന് അടിസ്ഥാനമാകേണ്ടുന്ന ഗ്രാമീണ മാനുഷിക വിഭവശേഷിയെ വികസനപ്രവർത്തനങ്ങൾക്കു വേണ്ടി ഫലപ്രദമായി അണിനിരത്താനും കഴിയൂ.

**5. ക്ഷേമനയം:** പുതിയ വികസന നയങ്ങളോടൊപ്പം ഇന്ത്യയിലെ ദരിദ്രകോടികളുടെ ജീവിത ഗുണനിലവാരം ഉയർത്തുന്നതിനായി ഒരു സമഗ്രപരിപാടി പ്രഖ്യാപിക്കണം. ഇതിൽ ആദ്യത്തെ ഇനം എല്ലാവർക്കും തൊഴിൽ ഉറപ്പാക്കുന്ന ദേശീയ എംപ്ലോയ്മെന്റ് ഗ്യാരണ്ടി പദ്ധതിയാണ്. ഇതിനായി 13,000 കോടി രൂപ ചെലവുള്ള ഒരു കരട് പദ്ധതി കഴിഞ്ഞ പ്ലാനിങ് കമ്മീഷൻ തയ്യാറാക്കിയിരുന്നു. ഈ അടങ്കലിന്റെ നല്ല പങ്കും ഇന്ന് നെഹ്റു റോസ്ഗാർ യോജന തുട

ങ്ങിയ പേരുകളിൽ ചെലവാക്കിക്കൊണ്ടിരിക്കുന്ന കേന്ദ്ര ഗ്രാമീണ പദ്ധതികളുടെ അടങ്കലുകളുടെ പുനർവിനിയോഗത്തിലൂടെ കണ്ടെത്താനാവും. എങ്കിലും 5000-6000 കോടി രൂപ പുതുതായി കണ്ടെത്തിയേ തീരൂ. മുൻ പേജുകളിൽ സൂചിപ്പിച്ചതുപ്രകാരം ഇന്നത്തെ സർക്കാർ ചെലവുകളുടെ മുൻഗണനാക്രമത്തിൽ മാറ്റം വരുത്തി ഇത് കണ്ടെത്താനാവുന്നതാണ്. ഉത്പാദനപരമായ തൊഴിൽ എല്ലാ ഇന്ത്യക്കാർക്കും ഗ്യാരണ്ടി ചെയ്തുകൊണ്ടല്ലാതെ ദാരിദ്ര്യനിർമാർജനം സാധ്യമല്ല. ഈ തൊഴിൽദാന പദ്ധതിയെ പുതിയ കാർഷിക വികസന തന്ത്രവുമായി ബന്ധപ്പെടുത്തി ആസൂത്രണം ചെയ്താൽ അത് ഗ്രാമീണ ഭാരതത്തിന്റെ മുഖഛായതന്നെ മാറ്റിത്തീർക്കുന്നതിലേക്കുള്ള ഏറ്റവും ശ്രദ്ധേയമായ കാൽവയ്പായി തീരും. ഇന്ത്യയിലെ 18 കോടി ഹെക്ടാർ കൃഷിഭൂമിയിൽ 10 കോടിയും പാരിസ്ഥിതികമായി തകർച്ചയുടെ വക്കിലാണ് എന്നോർക്കുക.

എല്ലാവർക്കും തൊഴിൽ മാത്രമല്ല. പത്തുവർഷത്തിനുള്ളിൽ എല്ലാവർക്കും പ്രാഥമിക വിദ്യാഭ്യാസം, പ്രാഥമികാരോഗ്യ സംര ക്ഷണം, സംരക്ഷിത കുടിവെള്ളം, ആവാസയോഗ്യമായ ഭവനങ്ങൾ എന്നിവ നൽകുന്നതിനുവേണ്ടുന്ന ഒരു അടിസ്ഥാനആവശ്യ ഗ്യാരണ്ടി പദ്ധതിയും ആവിഷ്കരിക്കണം. ഗ്രാമങ്ങളിലെ ഗതാഗത സംവിധാനങ്ങളും മറ്റു പശ്ചാത്തല സൗകര്യങ്ങളും വിപുലീകരിക്കുന്നതും ഇതിൽപെടും. ഈ പദ്ധതി നടപ്പാക്കുന്നതിന് പണമല്ല പ്രതിബന്ധം, ദേശീയ പ്രതിബദ്ധതയുടെ അഭാവമാണ്. കേരളത്തിൽനിന്ന് ഇന്ത്യയിലെ അമ്പതിലേറെ ജില്ലകളിലേക്ക് വ്യാപിച്ചിരിക്കുന്ന സമ്പൂർണ സാക്ഷരതയ്ക്കുവേണ്ടിയുള്ള ദേശീയ യജ്ഞം ഇതാണ് തെളിയിക്കുന്നത്. ജനങ്ങളുടെ ത്യാഗസന്നദ്ധതയും ദേശാഭിമാനവും മാത്രമാണ് ഇരുപത് ലക്ഷത്തോളം വരുന്ന ഇൻസ്ട്രക്ടർമാരെ ചലിപ്പിക്കുന്നത്. എന്തുകൊണ്ട് ഇത് മറ്റ് അടിസ്ഥാനമേഖലകളിലേക്കുകൂടി വ്യാപിപ്പിക്കാനാവില്ല?

കുടുംബാസൂത്രണപരിപാടി മുകളിൽ വിവരിച്ച ക്ഷേമപ്രവർത്തനങ്ങളുടെ ഒരു ഭാഗം മാത്രമാണ്. ഇന്ത്യയിലെ ഇതുവരെയുള്ള കുടുംബാസൂത്രണ അനുഭവങ്ങളെ വിലയിരുത്തിക്കൊണ്ടുള്ള പഠനങ്ങൾ ചൂണ്ടിക്കാണിക്കുന്നത് കുടുംബാസൂത്രണത്തിൽ വിവിധ സംസ്ഥാനങ്ങൾക്ക് കൈവരിക്കാൻ കഴിഞ്ഞ നേട്ടങ്ങളും സംസ്ഥാനസർക്കാർ കുടുംബാസൂത്രണ ബജറ്റിന്റെ വലുപ്പവുമായി യാതൊരു ബന്ധവുമില്ലായെന്നതുമാണ്. അതേ സമയം സ്ത്രീകളുടെ സാക്ഷര

താ നിലവാരം, ശിശുമരണനിരക്ക് എന്നീ രണ്ട് ഘടകങ്ങൾകൊണ്ട് കുടുംബാസൂത്രണത്തിലുള്ള അന്തർസംസ്ഥാന വ്യത്യാസങ്ങൾ പൂർണമായി വിശദീകരിക്കാൻ കഴിയും. ജനങ്ങളുടെ അടിസ്ഥാന ആവശ്യങ്ങളുടെ നിർവഹണവും കുടുംബാസൂത്രണത്തിലൂടെ ജനസംഖ്യയെ നിയന്ത്രിക്കുന്നതിലുള്ള വിജയവും തമ്മിലുള്ള ബന്ധത്തെ കേരളത്തിന്റെ അനുഭവവും ശരിവയ്ക്കുന്നുണ്ട്.

ഒരർഥത്തിൽ കേരളവികസന മാതൃക ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലേക്കുകൂടി വ്യാപിപ്പിക്കുന്നതിനുള്ള തന്ത്രത്തെക്കുറിച്ചാണ് നാം ആലോചിക്കുന്നത്. സാമ്പത്തികമായ പിന്നോക്കാവസ്ഥ ജനങ്ങൾക്ക് മിനിമം ജീവിത ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് തടസ്സമല്ലായെന്ന് കേരളം ദശാബ്ദങ്ങൾക്കുമുമ്പ് തെളിയിച്ചു കഴിഞ്ഞു. കേരളത്തിലെ സാമൂഹ്യാന്തരീക്ഷം മറ്റു സംസ്ഥാനങ്ങളിലേക്കു പറിച്ചു നടാൻ കഴിയില്ലെങ്കിലും ഭൂപരിഷ്കരണം ഉഴുതുമറിക്കുന്ന ഇന്ത്യ ഗ്രാമങ്ങളിൽ പുതിയൊരവകാശബോധം ഉണർത്തുന്നതിനുള്ള സാധ്യത വളരെയേറെ ഉണ്ട്. സമ്പൂർണ സാക്ഷരതയ്ക്കായുള്ള യജ്ഞം ഇതിനായുള്ള ബോധവൽക്കരണ യജ്ഞവും കൂടിയാവണം.

ചുരുക്കത്തിൽ ഇവിടെ വിവരിച്ച ബദൽമാർഗത്തിന്റെ സാരാംശം ഇവയാണ്.

1. ഇനി വായ്പയെടുക്കരുത്.

2. അന്താരാഷ്ട്ര നാണയനിധിയുടെ നിബന്ധനകൾക്കനുസരിച്ചല്ല മറിച്ച് നമ്മുടെ ദേശീയ മുൻഗണനകൾ പ്രകാരം ഇന്നത്തെ പ്രതിസന്ധി മറികടക്കുന്നതിനുള്ള ഒരു ഹ്രസ്വകാല-ദീർഘകാല പരിഷ്കാരതന്ത്രം ആവിഷ്കരിക്കുക.

3. ഈ കരുത്തിന്റെ അടിത്തറയിൽ അടുത്ത വർഷം വായ്പകൾ റീഷെഡ്യൂൾ ചെയ്യുന്നതിന് വിലപേശുക. വേണ്ടിവന്നാൽ ഏകപക്ഷീയമായ വായ്പ തിരിച്ചടയ്ക്കുന്നതിനുള്ള കാലാവധി നീട്ടിക്കൊണ്ടുള്ള പദ്ധതി നമ്മൾ പ്രഖ്യാപിക്കുക. ഹ്രസ്വകാല വായ്പകൾക്കും വിദേശ ഇന്ത്യക്കാരുടെ ഡെപ്പോസിറ്റുകൾക്കും ഇത് ബാധകമായിരിക്കില്ല.

എന്നാൽ ഈ അറ്റകൈ വേണ്ടിവരില്ല എന്നാണ് അന്തർദേശീയ അനുഭവം കാണിക്കുന്നത്. കർക്കശമായ നിലപാടുകളെടുത്ത ലത്തീ‍ അമേരിക്കൻ രാജ്യങ്ങൾക്കെല്ലാം ചർച്ചകളിലൂടെ കടയിളവിനും കാലാവധി ദീർഘിപ്പിക്കുന്നതിനും കഴിയുകയുണ്ടായി. വായ്പകളി

ലൂടെ ഇന്ത്യയ്ക്ക് അസ്സലായി ലഭിക്കുന്ന തുക ഓരോ വർഷം കഴിയുന്തോറും കുറഞ്ഞു കുറഞ്ഞു വരികയാണെന്നോർക്കുക. 1987–ൽ 178 കോടി ഡോളർ ലഭിച്ചെങ്കിൽ 1988–ൽ ലഭിച്ചത് 155 കോടി ഡോളറും 1989–ൽ 130 കോടി ഡോളറും മാത്രമായിരുന്നു. ഇതാണ് ഇന്ത്യയ്ക്ക് നഷ്ടമാവുന്നതെങ്കിൽ വിദേശികൾ ഇന്ത്യയ്ക്ക് നൽകിയിരിക്കുന്ന 7200 കോടി ഡോളർ വായ്പകളെ കുറിച്ച് രണ്ടുവട്ടം ആലോചിക്കാൻ നിർബന്ധിതരാകും. ഇതാണ് ഉറപ്പുള്ള അടിത്തറയിൽനിന്ന് കരുത്തുള്ള നിലപാടെടുക്കാൻ കഴിഞ്ഞാൽ അറ്റകൈ പ്രയോഗങ്ങളില്ലാതെ ഒത്തുതീർപ്പിലെത്താൻ കഴിയുമെന്ന ശുഭാപ്തി വിശ്വാസത്തിന്റെ അടിസ്ഥാനം.

കടക്കെണിയിൽനിന്ന് രക്ഷനേടുന്നതിനുള്ള ബദൽ മാർഗം ഇതാണ്. വിശദാംശങ്ങളിലോ ചില നയസമീപനങ്ങളിലോ ചർച്ചകളിലൂടെ ഈ പദ്ധതി ഭേദഗതി ചെയ്യുകയോ സമ്പുഷ്ടമാക്കുകയോ ഒക്കെയാവാം. പക്ഷേ, കീഴടങ്ങൽ അനിവാര്യമല്ല. ബദലുണ്ട്.

ഈ ബദൽമാർഗം ആകട്ടെ എളുപ്പമാണ് എന്ന തെറ്റിദ്ധാരണ വേണ്ട. അന്താരാഷ്ട്ര നാണയ നിധിയുടെ പരിപാടിപോലെത്തന്നെ വിഷമകരമായ ഒന്നുതന്നെയാണ് ബദൽ മാർഗവും. ബദൽ പരിഷ്കാരങ്ങൾ ഹ്രസ്വകാലയളവിൽ സാമ്പത്തിക മാന്ദ്യംപോലും ഉണ്ടാക്കിയേക്കാം. ഇറക്കുമതി പ്രധാന വ്യവസായങ്ങളെ ഇറക്കുമതി നിയന്ത്രണം പ്രതികൂലമായി ബാധിച്ചേക്കാം. സർക്കാർ കമ്മി കുറയ്ക്കുന്നത് സമ്പദ്ഘടനയിൽ ഞെരുക്കം സൃഷ്ടിക്കും. ഇങ്ങനെ പലതും. പക്ഷേ, അന്താരാഷ്ട്ര നാണയനിധിയുടെയും ലോകബാങ്കിന്റെയും പരിപാടി സൃഷ്ടിക്കാൻപോകുന്ന സാമ്പത്തിക മാന്ദ്യത്തെ അപേക്ഷിച്ച് ഇത് ലഘുവായിരിക്കും. പുതിയ വികസന നയങ്ങളെ അടിസ്ഥാനമാക്കി താമസംവിനാ സാമ്പത്തിക വളർച്ച ഗണ്യമായി ഉയരും. പുതിയ ക്ഷേമനയങ്ങൾ ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തും. എല്ലാറ്റിലുമുപരി കടക്കെണിയിൽ നിന്നു രാഷ്ട്രത്തിന്റെ മോചനം ഉറപ്പാക്കും.

ബദൽമാർഗത്തിന്റെ ലക്ഷ്യം ഇന്ത്യയിൽ സോഷ്യലിസ്റ്റ് പരിവർത്തനം വരുത്തലല്ല. ദേശീയ കുത്തകകളേയും ബഹുരാഷ്ട്രകുത്തകകളേയും ഇല്ലാതാക്കുന്നതിനുള്ള പരിപാടിപോലും അല്ല. ഭൂപരിഷ്കരണവും വികേന്ദ്രീകരണവും മാത്രമാണ് ഇവിടെ നിർദേശിച്ചിട്ടുള്ള പ്രമുഖമായ ഘടനാ മാറ്റങ്ങൾ. ഇത്ര പരിമിതമായ ഘടനാഭേ

ദഗതികൾക്കുള്ളിൽ നിന്നുപോലും കീഴടങ്ങലിനു ബദൽ സാധ്യമാണെന്നാണു വാദം.

പക്ഷേ, ഒന്ന് വേണം; ദേശാഭിമാനം. സാമ്രാജ്യ വിരോധം. ത്യാഗപൂർണമായ സ്വാതന്ത്ര്യ സമരത്തിലൂടെ നേടിയ രാഷ്ട്രത്തിന്റെ പരമാധികാരം സംരക്ഷിക്കുന്നതിനായുള്ള പുനർസമർപ്പണം. രാഷ്ട്രം ഇന്ന് നമ്മോട് ഇത് ആവശ്യപ്പെടുന്നു.

അധിക വായനയ്ക്ക്

1. കീടങ്ങലിന്റെ അർഥശാസ്ത്രം
2. ബഡ്ജറ്റും ബദൽ ബഡ്ജറ്റും
3. പണയപ്പെടുത്തിയ ഭാവിയെ വീണ്ടെടുക്കാൻ

## അനുബന്ധം I

# ശാസ്ത്രമാസം 1993

(ക്ലാസ്സുകൾ പൂർത്തിയായാൽ ഉടൻ ക്ലാസ്സെടുത്തയാൾ സംസ്ഥാന കൺവീനർക്ക് അയക്കേണ്ടത്)

## മാതൃകാ ഫോറം

യൂണിറ്റ് : ............................. .........  മേഖല : ..........................................

ജില്ല : ...........................................

പങ്കാളിത്തം

| ക്ലാസ്സ്നടന്ന കേന്ദ്രത്തിന്റെ പേര് | ക്ലാസ്സ് നടന്ന തീയതി | ശാസ്ത്രവും മനുഷ്യനും | | ചരിത്രബോധവും സമകാലീന ഇന്ത്യയും | | സ്വാശ്രയഭാരതവും പുത്തൻ സാമ്പത്തിക നയങ്ങളും | |
|---|---|---|---|---|---|---|---|
| | | സ്ത്രീ | പു | സ്ത്രീ | പു | സ്ത്രീ | പു |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| ആകെ : | | | | | | | |

ക്ലാസ്സെടുത്തയാളുകൾ:

1. ............................ 2. .............................. 3. ...............................

ക്ലാസ്സുകളുടെ ശരാശരി ദൈർഘ്യം: ..................................................

പ്രധാന ചോദ്യങ്ങൾ / വിമർശനങ്ങൾ / അഭിപ്രായങ്ങൾ / നിർദേശങ്ങൾ:

......................................................................................................

......................................................................................................

......................................................................................................

......................................................................................................

......................................................................................................

സ്ഥലം:.......................  ഒപ്പ്.....................

തീയതി:.......................

പ്രൊഫ. കെ.പാപ്പൂട്ടി, കൺവീനർ, പരിഷദ് ഭവൻ, കോഴിക്കോട്–673002

വായിക്കുക, വരിക്കാരാവുക

യുറീക്ക
ശാസ്ത്രകേരളം
ശാസ്ത്രഗതി

കേരള ശാസ്ത്രസാഹിത്യ പരിഷത്ത്